# വാർഷിക റിപ്പോർട്ട്

# 2023 - 24

**കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം**

**(ഒരു കേരള സർക്കാർ സ്ഥാപനം)**

**കെ. പി. എഫ്. സി. ഭവനം**, വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ.
തിരുവനന്തപുരം - 695 010.
ഫോൺ: 0471-2735533, 2735522 (MD), ടെലിഫാക്സ്: 0471-2735511
ഇ - മെയിൽ: kspifc@asianetindia.com
വെബ്സൈറ്റ്: www.kspifc.com

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 6-7 |
| 2. | വിജ്ഞാപനം | 8 - 9 |
| 2. | പ്രോക്സി ഫോറം | 10-11 |
| 3. | ഡയറക്ടർമാരുടെ റിപ്പോർട്ട് | 12-22 |
| 4. | വാർഷിക റിപ്പോർട്ട് സിഎസ്ആർ പ്രകാരം | 23-24 |
| 5. | വാർഷിക റിട്ടേണിന്റെ സംക്ഷിപ്തം | 25-33 |
| 6. | വാർഷിക കണക്കുകൾ | 34-54 |
| 7. | ആർ.ബി.ഐ റിപ്പോർട്ടുകൾ | 55-64 |
| 8. | സ്വതന്ത്ര ആഡിറ്ററുടെ റിപ്പോർട്ട് | 65-79 |
| 9. | സ്റ്റാറ്റ്യൂട്ടറി ആഡിറ്ററുടെ സർട്ടിഫിക്കറ്റ് | 80-81 |
| 10. | കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ അഭിപ്രായങ്ങൾ | 82-84 |

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

## ഡയറക്ടർ ബോർഡ്

| | | | |
|---|---|---|---|
| 1. | **ശ്രീ പ്രേമൻ ദിനരാജ് ഐ.എ.& എ.എസ്. (റിട്ട.)** | : | **ചെയർമാൻ** |
| 2. | **ശ്രീമതി. ശോഭ വി.ആർ**<br>ജോയിന്റ് സെക്രട്ടറി<br>ധനകാര്യ വകുപ്പ്<br>കേരള സർക്കാർ | : | **ഡയറക്ടർ** |
| 3. | **ശ്രീ. രാജേഷ് കുമാർ കെ.കെ.**<br>ജോയിന്റ് സെക്രട്ടറി<br>വ്യവസായ വകുപ്പ്<br>കേരള സർക്കാർ | : | **ഡയറക്ടർ** |
| 4. | **ശ്രീ. കെ.സി. സഹദേവൻ**<br>ചീഫ് ജനറൽ മാനേജർ<br>കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം | : | **ഡയറക്ടർ** |
| 5. | **ശ്രീ.കെ.പി. ബൈജു**<br>ഡെപ്യൂട്ടി ജനറൽ മാനേജർ<br>എസ്.എം.ഇ - ബി.യു , ലോക്കൽ ഹെഡ് ഓഫീസ്<br>എസ്.ബി.ഐ., തിരുവനന്തപുരം | : | **ഡയറക്ടർ** |
| 6. | **ശ്രീ. ബിജു. ആർ**<br>ഡയറക്ടർ (ഫിനാൻസ്)<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | : | **മാനേജിംഗ് ഡയറക്ടർ** |

### സ്റ്റാറ്റ്യൂട്ടറി ആഡിറ്റർ

**മെസ്സേഴ്സ് ശേഖർ & ജയന്തി**
ചാർട്ടേഡ് അക്കൗണ്ടന്റ്സ്
എ എൻ ആർ എ ഇ 5, ഇ-സ്ട്രീറ്റ്
ആൽത്തറ നഗർ, വെള്ളയമ്പലം
തിരുവനന്തപുരം-695 010

### ഇന്റേണൽ ആഡിറ്റർ

**മെസ്സേഴ്സ് ജി.എ.ടി & അസ്സോസിയേറ്റ്സ്**
ചാർട്ടേഡ് അക്കൗണ്ടന്റ്സ്
ഉപാസനാ, എ.ആർ.എ 122/1
ആറ്റുകാൽ ഹോസ്പിറ്റലിന് എതിർവശം
മണക്കാട്, തിരുവനന്തപുരം -695 023


### ബാങ്കുകൾ

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ**
**കൊമേഴ്സ്യൽ ബ്രാഞ്ച്**
**ആൽത്തറ ശാഖ, തിരുവനന്തപുരം**

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

**സംഘടനാഘടന**

കമ്പനിയുടെ ഇപ്പോഴത്തെ സംഘടനാ ഘടന ഇപ്രകാരമാണ്.




കമ്പനിയുടെ രജിസ്റ്റേർഡ് ഓഫീസ് തിരുവനന്തപുരത്തെ കെ.പി.എഫ്.സി ഭവനത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിന് ശാഖകളോ അനുബന്ധസ്ഥാപനങ്ങളോ ഇല്ല.

**മനുഷ്യ വിഭവശേഷി**

കെ.എസ്.ഇ.ബി.എൽ ഫിനാൻസ് ഡയറക്ടർ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറുടെ ചുമതല വഹിക്കുന്നു. മാനേജിംഗ് ഡയറക്ടർ കൂടാതെ കമ്പനിയുടെ ശമ്പള പട്ടികയിൽ ഏഴ് അംഗങ്ങൾ ആണ് ഉള്ളത്. ഇവരിൽ രണ്ട് പേർ ഓഫീസ് കേഡറിലും (കോൺട്രാക്ട് അടിസ്ഥാനത്തിൽ), മൂന്ന് പേർ ക്ലറിക്കൽ കേഡറിലും (കോൺട്രാക്ട്/ദിവസവേതന അടിസ്ഥാനത്തിൽ) അവശേഷിക്കുന്ന രണ്ട് പേരിൽ ഒരാൾ ഓഫീസ് അറ്റന്റന്ററും, (സ്ഥിര ജീവനക്കാരൻ) ഒരാൾ പാർട്ട് ടൈം സ്വീപ്പർ വിഭാഗത്തിലും (ദിവസവേതന അടിസ്ഥാനത്തിലും) ജോലി ചെയ്യുന്നു.

**മറ്റ് എച്ച് ആർ കാര്യങ്ങൾ**

- നടപ്പ് സാമ്പത്തിക വർഷത്തിൽ പുതിയ തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.
- നടപ്പ് സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്കെതിരെ ഒരു അച്ചടക്ക നടപടിയും സ്വീകരിച്ചിട്ടില്ല.
- കൂടാതെ ജീവനക്കാരിൽ ആരുടേയും പേരിൽ ഒരു അച്ചടക്ക നടപടികളും ശേഷിക്കുന്നില്ല.

**കമ്പനിയുടെ പ്രവർത്തനം**

- പ്രവർത്തന വശങ്ങൾ

1. കെപിഎസ്സി വഴിയുള്ള നിയമനത്തിനായി കേരളസർക്കാർ നിർദ്ദേശിച്ച പ്രകാരം കമ്പനി റിക്രൂട്ട്മെന്റ് റൂൾ 2024 രൂപീകരിക്കുകയും, വിശദാംശങ്ങൾ സർക്കാരിന്റെ അംഗീകാരത്തിനും വിജ്ഞാപനത്തിനുമായി സമർപ്പിക്കുകയും ചെയ്തു.
2. കമ്പനി ഒരു സംസ്ഥാന പൊതുമേഖലാ സ്ഥാപനമാണെങ്കിലും സംസ്ഥാന കേന്ദ്രസർക്കാരിൽ നിന്ന് ബജറ്റ് വിഹിതമൊന്നും കമ്പനിക്ക് ലഭിച്ചിട്ടില്ല. കമ്പനിയുടെ പ്രവർത്തന ഫണ്ടുകൾ സ്വന്തം ആഭ്യന്തര സ്രോതസ്സിൽ നിന്നാണ് കണ്ടെത്തുന്നത്, ബിസിനസ്സിൽ നിന്നും ലഭിക്കുന്ന കരുതൽ ധനവും, മിച്ചവും ഉൾപ്പെടുന്നു.
3. കമ്പനിയുടെ പ്രധാന ഉപഭോക്താക്കളിൽ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി, ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നിവ ഉൾപ്പെടുന്ന പൊതുമേഖലാ സ്ഥാപന

ങ്ങളും, കെ.എസ്.ഇ.ബി.എൽ ന് ഇലക്ട്രിക്കൽ ഇനങ്ങൾ വിതരണം ചെയ്യുന്ന ചില സ്വകാര്യ വ്യക്തികളും ഉൾപ്പെടുന്നു. കമ്പനി അതിന്റെ ഉപഭോക്താക്കൾക്ക് ഹ്രസ്വകാല വായ്പയായോ, സപ്ലൈ ബിൽ ഡിസ്ക്കൗണ്ടിംഗ് ഫസിലിറ്റിയുടെ രൂപത്തിലോ വായ്പകൾ നൽകുന്നു.

4. കമ്പനിയുടെ അക്കൗണ്ടുകൾ സി & എജിയുടെ ഓഡിറ്റിന് കീഴിലാണ്. അതിനു പുറമെ, കമ്പനി ഒരു എൻബിഎഫ്സി ആയതിനാൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റും, ബാഹ്യ ഏജൻസികളുടെ ഇന്റേണൽ ഓഡിറ്റും ഉണ്ട്.
5. കമ്പനിയുടെ അക്കൗണ്ടുകൾ കാലികമായി ഓഡിറ്റ് ചെയ്യുകയും നിശ്ചയിച്ച സമയപരിധിക്കുള്ളിൽ വിവിധ സ്റ്റാറ്റ്യൂട്ടറി റെഗുലേറ്ററി അതോറിറ്റിക്ക് സമർപ്പിക്കുകയും ചെയ്യുന്നു.
6. കമ്പനിയുടെ അതിന്റെ പ്രവർത്തന മൂലധന ഫണ്ടുകൾ എസ്.ബി.ഐയിലും, നിക്ഷേപത്തിന്റെ ഒരു ചെറിയഭാഗം സ്റ്റേറ്റ് ട്രഷറിയിലുമാണ് നിലനിർത്തുന്നത്.

**കമ്പനിയുടെ സാമ്പത്തിക പ്രകടനം**

ഈ വർഷം കമ്പനി 2504.89 ലക്ഷം രൂപയുടെ ഹ്രസ്വകാല വായ്പകൾ അനുവദിച്ചു. കെഎസ്ഇബി ലിമിറ്റഡ് അല്ലെങ്കിൽ അതുപോലുള്ള സ്ഥാപനങ്ങൾക്ക് അനുകൂലമായി സമാഹരിച്ച സപ്ലൈ ബില്ലുകൾക്കെതിരെ വായ്പ നൽകുന്ന വായ്പാ പദ്ധതി പ്രകാരം കെഎസ്ഇബി ലിമിറ്റഡ് അല്ലെങ്കിൽ അതുപോലുള്ള ഘടകങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഈ വായ്പകൾ അനുവദിച്ചു. എസ്ക്രോ അക്കൗണ്ട് വഴിയോ അല്ലെങ്കിൽ വാങ്ങുന്ന കമ്പനിയും, കെ എസ് പി ഐ എഫ് സി യും, ബന്ധപ്പെട്ട വിതരണ സ്ഥാപനവും തമ്മിൽ ഒരു ത്രികക്ഷികരാർ വഴി തിരിച്ചടവ് ഉറപ്പ് നല്കുന്ന വായ്പാ പദ്ധതിയാണിത്.

2023-24 സാമ്പത്തികവർഷത്തിൽ കമ്പനി മുൻവർഷങ്ങളിലെ ലാഭവുമായി താരതമ്യം ചെയ്യുമ്പോൾ 1112.11 ലക്ഷം രൂപയുടെ നഷ്ടം വരുത്തി. ഇതിന് തൊട്ട് മുമ്പുള്ള 2022-23 സാമ്പത്തിക വർഷം കമ്പനി റിപ്പോർട്ട് ചെയ്തലാഭം 749.48 ലക്ഷം രൂപയായിരുന്നു. ലാഭമുണ്ടാകുന്ന കമ്പനിയിൽ നിന്ന് നഷ്ടം ഉണ്ടാക്കുന്ന കമ്പനിയായി മാറാനുള്ള കാരണം പ്രധാന ഉപഭോക്താക്കളായ മെസ്സേഴ്സ് ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡും, മെസ്സേഴ്സ് കെ ഇ എൽ ഉം നടത്തിയ തിരിച്ചടവ് വീഴ്ചയാണ്. ആർ ബി ഐയുടെ വ്യവസ്ഥാ മാനദണ്ഡങ്ങൾ അനുസരിച്ച് ഈ സാമ്പത്തിക വർഷത്തിലും കമ്പനി 312.61 ലക്ഷം രൂപ പ്രവർത്തനലാഭം നേടിയിട്ടുണ്ടെങ്കിലും, 1539.07 ലക്ഷം രൂപയുടെ നിഷ്ക്രിയ ആസ്തി കമ്പനിവ്യവസ്ഥ ചെയ്യേണ്ടതുണ്ട്. ബാലൻസ് ഷീറ്റ്, ലാഭനഷ്ടം എന്നിവയുടെ രൂപത്തിൽ വിശദമായ അക്കൗണ്ട് ബുക്ക് ഈ റിപ്പോർട്ടിൽ നൽകിയിരിക്കുന്നു.

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

## ഇരുപത്തിആറാമത് വാർഷിക പൊതുയോഗം

## വിജ്ഞാപനം

കമ്പനിയുടെ ഓഹരി ഉടമകളുടെ/അംഗങ്ങളുടെ ഇരുപത്തി ആറാമത് വാർഷിക പൊതുയോഗം 2024 സെപ്റ്റംബർ 25-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.30ന് തിരുവനന്തപുരം വെള്ളയമ്പലം കെപിഎഫ്സി ഭവനത്തിലെ രജിസ്റ്റേർഡ് ഓഫീസിൽ വച്ച് ചുവടെ കൊടുത്തിരിക്കുന്ന വ്യാപാര കാര്യങ്ങളെ അവലോകനം ചെയ്യുന്നതിനായി ചേരുന്നതായി അറിയിക്കുന്നു.

### സാധാരണ കാര്യപരിപാടികൾ

1. ഡയറക്ടറുടെ റിപ്പോർട്ട്, 31.03.2024 ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ലാഭനഷ്ടക്കണക്കുകളുടെ വിവരങ്ങൾ, ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് മുതലായവയും സ്റ്റാറ്റ്യൂട്ടറി ആഡിറ്റേഴ്സിന്റെ റിപ്പോർട്ട്, കംട്രോളർ & ആഡിറ്റർ ജനറൽ, എന്നിവരുടെ അഭിപ്രായങ്ങൾ മുതലായവ പരിഗണനയ്ക്കു വിധേയമാക്കുകയും അംഗീകരിക്കുകയും ചെയ്യുക.
2. 2024-25 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ആഡിറ്ററന്മാരെ നിയമിക്കുകയും അവരുടെ പ്രതിഫല തുക നിശ്ചയിക്കുകയും ചെയ്യുക.
3. ലാഭവിഹിതം ഉണ്ടെങ്കിൽ അത് പ്രഖ്യാപിക്കുക.

കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ
ഫിനാൻസ് കോർപ്പറേഷനു വേണ്ടി

ഒപ്പ്/-

സ്ഥലം : തിരുവനന്തപുരം
തീയതി : 18.09.2024

**കമ്പനി സെക്രട്ടറി**

---

*കുറിപ്പ്:*

1. *വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാൻ അർഹതപ്പെട്ടവർക്ക് ഒരു പ്രതിനിധിയെ അയയ്ക്കുന്നതിന് അധികാരമുണ്ട്. ഈ പ്രതിനിധി ഒരു അംഗം ആയിരിക്കണമെന്നില്ല. യോഗത്തിന് 48 മണിക്കൂറിനുമുമ്പായി ആ വ്യക്തി രജിസ്റ്റേർഡ് ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. ഒരു പ്രോക്സി ഫോം ഇതൊടൊപ്പം ചേർത്തിട്ടുണ്ട്.*

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

## മാറ്റിവച്ച ഇരുപത്തിആറാമത് വാർഷിക പൊതുയോഗം

## വിജ്ഞാപനം

കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രച്ചർ ഫിനാൻസ് 2025 മാർച്ച് കോർപ്പറേഷൻ ലിമിറ്റഡിന്റെ ഓഹരി ഉടമകളുടെ മാറ്റിവച്ച ഇരുപത്തി ആറാമത് വാർഷിക പൊതുയോഗം 2025 മാർച്ച് 20-ാം തീയതി ഉച്ചയ്ക്ക് 12.00 മണിക്ക് തിരുവനന്തപുരം വെള്ളയമ്പലം കെപിഎഫ്സി ഭവനത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് ഓഫീസിൽ വച്ച് താഴെ പറയുന്ന കാര്യനിർവ്വഹണങ്ങൾക്കായി നടത്തുന്ന കാര്യം ഇതിനാൽ അറിയിക്കുന്നു.

### സാധാരണ കാര്യപരിപാടികൾ

1. 31.03.2024 ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തെ ഡയറക്ടേഴ്സ് റിപ്പോർട്ടും ആഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റും, 31.03.2024 ൽ പൂർത്തിയാക്കിയ ലാഭനഷ്ടക്കണക്കുകൾ, ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് സ്റ്റാറ്റ്യൂട്ടറി ആഡിറ്ററുടെ റിപ്പോർട്ടും, കംട്രോളർ & ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ അഭിപ്രായങ്ങൾ സഹിതം പരിഗണിച്ച് അംഗീകരിക്കുക.

**ഡയറക്ടർ ബോർഡ് ഉത്തരവിൻ പ്രകാരം**
കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ
ഫിനാൻസ് കോർപ്പറേഷനു വേണ്ടി

ഒപ്പ്/-

സ്ഥലം : തിരുവനന്തപുരം
തീയതി : 04.03.2025

**എസ്.എസ്. താണു**
**കമ്പനി സെക്രട്ടറി**

---

*കുറിപ്പ്:*

1. *വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാൻ അധികാരമുള്ള അംഗത്തിന് പകരക്കാരനെ നിയമിക്കാനവകാശമുണ്ട്. പകരക്കാരൻ ഒരംഗമായിരിക്കണമെന്നില്ല. പകരക്കാരനെ നിയമിക്കുന്ന വിവരം രജിസ്റ്റേർഡ് ഓഫീസിൽ യോഗത്തിന് 48 മണിക്കൂർ മുമ്പ് അറിയിക്കണം. ഒരു പ്രോക്സി ഫോറം ഉള്ളടക്കം ചെയ്തിരിക്കുന്നു.*

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

(ഒരു കേരള സർക്കാർ സ്ഥാപനം)

കെ.പി.എഫ്.സി. ഭവനം, വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ., തിരുവനന്തപുരം- 695 010.

ഫോൺ: 0471-2735533, 2735522 (MD), ടെലിഫാക്സ്: 0471-2735511

ഇ-മെയിൽ: kspifc@asianetindia.com

വെബ്സൈറ്റ്: www.kspifc.com


## ഫോറം - എംജിറ്റി-11

## പ്രോക്സി ഫോറം

[കമ്പനി നിയമം 2013-ലെ വകുപ്പ് 105 (6) കമ്പനി (മാനേജ്മെന്റ് & അഡ്മിനിസ്ട്രേഷൻ) ചട്ടങ്ങൾ 2014 ലെ വകുപ്പ് 19 (3) - അനുസരിച്ച്]

സി.ഐ.എൻ: യു65910കെഎൽ1998എസ്ജിസി012160

കമ്പനിയുടെ പേര് : കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം.

രജിസ്റ്റേർഡ് ഓഫീസ്: കെപിഎഫ്സി ഭവനം, വെള്ളയമ്പലം തിരുവനന്തപുരം - 695010

| | |
|---|---|
| അംഗം/അംഗങ്ങളുടെ പേര് | : |
| രജിസ്റ്റേർഡ് അഡ്രസ്സ് | : |
| ഇ-മെയിൽ ഐഡി | : |
| ഫോളിയോ നമ്പർ/ക്ലയന്റ് ഐഡി | : |
| ഡി.പി. ഐ.ഡി | : |

മേൽ കമ്പനിയുടെ അംഗം/അംഗങ്ങളും കമ്പനിയുടെ 10 ഓഹരിയുടെ ഉടമ/ഉടമകളും ആയ ഞാൻ/ഞങ്ങൾ, ഇതിൻപ്രകാരം,

1. പേര്
   അഡ്രസ്
   ഇ-മെയിൽ ഐഡി
   ഒപ്പ്: ........................., അഥവാ ഇവരുടെ അഭാവത്തിൽ

2. പേര്
   അഡ്രസ്
   ഇ-മെയിൽ ഐഡി:
   ഒപ്പ്:................................., അഥവാ ഇവരുടെ അഭാവത്തിൽ

3. പേര്
   അഡ്രസ്
   ഇ-മെയിൽ ഐഡി:
   ഒപ്പ്........................, അഥവാ ഇവരുടെ അഭാവത്തിൽ

എന്ന വ്യക്തിയെ എന്റെ/ഞങ്ങളുടെ അഭാവത്തിൽ പകരക്കാരനായി .................... മാസം ...........................തീയതി ......................... മണിക്ക് .................. ......................................... വച്ചു നടക്കുന്ന വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്നതിനും, ചുവടെ ചേർത്തിരിക്കുന്നവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീർപ്പു കല്പിക്കുന്നതിൽ ഭാഗഭാക്കാകാനും എനിക്ക്/ഞങ്ങൾക്കു വേണ്ടി സമ്മതിദാനം രേഖപ്പെടുത്തുന്നതിനും ഇതിനാൽ നിയമിച്ചിരിക്കുന്നു.

2025 ......................................ദിവസം ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നു.

ഓഹരി ഉടമയുടെ ഒപ്പ്:

പകരക്കാരൻ/പകരക്കാരന്മാരുടെ ഒപ്പ്:

1 രൂപയുടെ
റവന്യൂ
സ്റ്റാമ്പ്

കുറിപ്പ്:

പൂർണ്ണമായി പൂരിപ്പിച്ച പ്രോക്സി ഫോറം കമ്പനിയുടെ രജിസ്റ്റേർഡ് ആഫീസിൽ യോഗം തുടങ്ങുന്ന സമയത്തിന് 48 മണിക്കൂർ കുറയാത്ത സമയത്തിനു മുമ്പ് സമർപ്പിച്ചിരിക്കേണ്ടതാണ്. പകരക്കാരൻ ഒരംഗം ആയിരിക്കണമെന്നില്ല.

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

തിരുവനന്തപുരം

## ഡയറക്ടർമാരുടെ റിപ്പോർട്ട്

**കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ അംഗങ്ങൾക്ക്.**

മഹതികളെ മാന്യരെ,

കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷന്റെ 2024 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിനൊപ്പം ഡയറക്ടർമാരുടെ റിപ്പോർട്ടും താങ്കളുടെ ബഹുമാനപ്പെട്ട സാന്നിദ്ധ്യത്തിന് മുമ്പാകെ അവതരിപ്പിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നു. കമ്പനിയുടെ ബാലൻസ്ഷീറ്റ്, ലാഭനഷ്ടക്കണക്കുകൾ ഉൾപ്പെടെ ഓഡിറ്റ് ചെയ്ത സാമ്പത്തിക പ്രസ്താവന 09.04.2024 ന് നടന്ന 125-ാമത് ബോർഡ് മീറ്റിംഗിൽ താങ്കളുടെ കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ അതിന്റെ അനുബന്ധങ്ങൾ സഹിതം അംഗീകരിച്ചു. കമ്പനിയുടെ ബിസിനസ് പ്രവർത്തനങ്ങളുടെ റിപ്പോർട്ടിനൊപ്പം ഇത് അവതരിപ്പിക്കുന്നു.

**1. സാമ്പത്തിക സംഗ്രഹം / എടുത്തു കാണിക്കുന്നവ**

| വിവരണം | 31-03-2024 പ്രകാരം *(രൂപ ലക്ഷത്തിൽ)* | 31-03-2023 പ്രകാരം *(രൂപ ലക്ഷത്തിൽ)* |
|---|---|---|
| പ്രവർത്തന വരുമാനം | 312.61 | 1097.21 |
| വാടക ഇനത്തിലുള്ള വരുമാനം | 5.40 | 5.40 |
| മറ്റു വരുമാനം | 52.44 | 48.23 |
| **ആകെ വരവ്** | **370.45** | **1150.83** |
| ജീവനക്കാരുടെ ക്ഷേമബത്ത | 37.76 | 51.09 |
| ധനകാര്യ ചിലവുകൾ | 0.00 | 0.00 |
| മൂല്യശോഷണവും ഋണമോചന ചെലവുകളും | 5.66 | 5.98 |
| മറ്റ് ചെലവുകൾ | 17.71 | 34.67 |
| വായ്പാ ആസ്തികൾക്കായുള്ള വ്യവസ്ഥ | 1323.64 | 1.21 |
| സി.എസ്.ആർ ഫണ്ട് | 20.29 | 14.32 |
| **ആകെ ചിലവ്** | **1405.06** | **107.28** |
| ലാഭം (നികുതിക്കു മുമ്പ്) | (1034.61) | 1043.56 |
| നികുതി ചെലവ് | 77.51 | 294.08 |
| **ലാഭം (നികുതിക്കുശേഷം)** | **(1112.11)** | **749.48** |

**2. ഡയറക്ടർ ബോർഡ്**

ശ്രീ. പ്രേമൻ ദിനരാജ് ഐ.എ. & എ.എസ് (റിട്ട.) കമ്പനിയുടെ ഡയറക്ടർ ബോർഡ് ചെയർമാനായി 05/08/2022 ന് ചുമതലയേറ്റ് 31/3/2024 നും ഈ സ്ഥാനത്ത് തുടർന്ന് വരുന്നു. ബോർഡിലെ മറ്റ് അംഗങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

| പേര് | പദവി |
|---|---|
| ശ്രീ. പ്രേമൻ ദിനരാജ് ഐ.എ & എ.എസ് (റിട്ട.) | ചെയർമാൻ |
| ശ്രീ ബിജു. ആർ | മാനേജിംഗ് ഡയറക്ടർ |
| ശ്രീമതി. ശോഭ വി.ആർ | ഡയറക്ടർ |
| ശ്രീമതി. പ്രീതാകുമാരി എൽ.പി | ഡയറക്ടർ |
| ശ്രീ. കെ.സി. സഹദേവൻ | ഡയറക്ടർ |

എല്ലാ ഡയറക്ടർമാരും അവരുടെ ഭരണകാലത്ത് നൽകിയ വിലപ്പെട്ട സേവനങ്ങൾക്ക് ബോർഡിന്റെ അഭിനന്ദനം രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു.

**3. മൂലധനഘടന**

കമ്പനിയുടെ അംഗീകൃത മൂലധനം 100 കോടി രൂപയും കമ്പനിയുടെ അടവ് മൂലധനം 26.65 കോടി രൂപയുമാണ്. പ്രൊമോട്ടർമാരുടെ ഓഹരി മൂലധനം 31/03/2024 പ്രകാരം ചുവടെ ചേർക്കുന്നു.

| സീരിയൽ നം | ഓഹരി ഉടമകളുടെ പേര് | ഓഹരികളുടെ എണ്ണം | ഓഹരിയുടെ മൂല്യം | പണമടച്ച ഓഹരികളുടെ മൂല്യം |
|---|---|---|---|---|
| 1 | കേരള ഗവർണർ,<br>രാജ് ഭവൻ, തിരുവനന്തപുരം<br>(കേരള സർക്കാരിനു വേണ്ടി) | 15830560 | 10 | 158305600 |
| 2 | ചെയർമാൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ്<br>തിരുവനന്തപുരം (കെ.എസ്.ഇ.ബി. യ്ക്ക് വേണ്ടി) | 10819440 | 10 | 108194400 |
| 3 | ശ്രീ. പ്രേമൻ ദിനരാജ് ഐ.എ & എ.എസ്<br>ചെയർമാൻ, കെ.എസ്.പി.ഐ.എഫ്.സി | 10 | 10 | 100 |
| 4 | ഡോ. രാജൻ. എൻ. ഘോബ്രഗഡേ ഐ.എ.എസ്<br>സിഎംഡി, കെ.എസ്.ഇ.ബി ലിമിറ്റഡ് | 10 | 10 | 100 |
| 5 | ശ്രീ. ബിജു. ആർ<br>ഡയറക്ടർ ഫിനാൻസ്, കെ.എസ്.ഇ.ബി.ലിമിറ്റഡ് | 20 | 10 | 200 |
| 6 | ശ്രീമതി ശോഭ വി.ആർ<br>ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്<br>കേരളസർക്കാർ | 10 | 10 | 100 |
| 7 | ശ്രീ.കെസി. സഹദേവൻ<br>ചീഫ് ജനറൽ മാനേജർ<br>കേരള ബാങ്ക് | 10 | 10 | 100 |
| 8 | ശ്രീ. സജി പൗലോസ്<br>ഡയറക്ടർ, (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ)<br>കെ.എസ്.ഇ.ബി. ലിമിറ്റഡ് | 10 | 10 | 100 |

**4. പ്രവർത്തന അവലോകനം**

**4.1.** നടപ്പു സാമ്പത്തിക വർഷം കമ്പനി **3332.89 ലക്ഷം രൂപ**യുടെ ഹ്രസ്വകാല വായ്പകൾ കെ.എസ്.ഇ.ബി.എൽ ന് ഇലക്ട്രോണിക് സാധനങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കായി അനുവദിച്ചു. കെഎസ്ഇബിഎൽ ന് സാധനങ്ങൾ വിതരണം ചെയ്യുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരിച്ചടവ് സംബന്ധിച്ച് ഒരു ത്രികക്ഷി ധാരണാപത്രം കെ.എസ്.ഇ.ബി.എൽ ഉം/ കെ.എസ്.പി.ഐ.എഫ്.സി യും, വിതരണം ചെയ്യുന്ന സ്ഥാപനങ്ങളും തമ്മിലുള്ള ഉറപ്പിന്മേലും എസ്ക്രോ അക്കൗണ്ട് മുഖാന്തിരമുള്ള തിരിച്ചടവും അനുസരിച്ചാണ് വായ്പകൾ അനുവദിച്ചിട്ടുള്ളത്. ഈ വർഷം ഹ്രസ്വകാല വായ്കളുടെ പലിശ ഇനത്തിൽ **312.61 ലക്ഷം രൂപ** വരുമാനമായി ലഭിച്ചിട്ടുണ്ട്.

**4.2.** 31.03.2024-ൽ അവസാനിച്ച വർഷത്തിൽ കമ്പനിക്ക് ലഭിച്ച വരുമാനം **370.45 ലക്ഷം രൂപ**യായിരുന്നുവെന്ന് അറിയിക്കുന്നു. മുൻവർഷം **1150.83 ലക്ഷം രൂപ**യായിരുന്നു ലഭിച്ചിരുന്നത്. ഇതിന്റെ പ്രധാന കാരണം മെസ്സേഴ്സ് ട്രാക്കോ കേബിൾസ് ലിമിറ്റഡിനുള്ള വായ്പയെ എൻ.പി.എ ആയി തരം തിരിച്ചതും അതിന്റെ ഫലമായി പലിശ വരുമാനം അംഗീകരിക്കാത്തതുമാണ്. ഈ വർഷം വായ്പയ്ക്കായി ആകെ വകയിരുത്തിയ തുക **1542.08 ലക്ഷം** രൂപയായിരുന്നു. അതിന്റെ ഫലമായി നികുതി ക്രമീകരണങ്ങൾക്ക് ശേഷം **1112.11 ലക്ഷം** രൂപയുടെ നഷ്ടം ഉണ്ടായി. കഴിഞ്ഞ വർഷത്തെ അറ്റാദായം **749.48 ലക്ഷം** രൂപയായിരുന്നു.

**5. ഓഹരി മൂലധനം**

31/03/2024 വരെ കമ്പനിയുടെ അടവ് മൂലധനം 2665.01 ലക്ഷം രൂപ ആകുന്നു. തൻ വർഷം ഓഹരി മൂലധത്തിൽ മാറ്റമില്ല. കേരള ഗവൺമെന്റിൽ നിന്നോ കേരള സ്റ്റേറ്റ് വൈദ്യുതി ബോർഡിൽനിന്നോ അധികമൂലധനം ലഭിച്ചിട്ടില്ല.

**6. കരുതൽ ധനവും മിച്ചവും**

31.03.2024-ലെ കണക്കനുസരിച്ച് ഞങ്ങളുടെ കമ്പനിയുടെ സഞ്ചിത കരുതൽ ധനവും, മിച്ചവും കഴിഞ്ഞ വർഷത്തെ 8305.01 ലക്ഷം രൂപയുമായി താരതമ്യം ചെയ്യുമ്പോൾ **7167.34 ലക്ഷം** രൂപയായിരുന്നു എന്ന് ഞാൻ സൂചിപ്പിക്കട്ടെ. മെസ്സേഴ്സ് ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിനും, മെസ്സേഴ്സ് കെ.ഇ.എൽ-നും നല്കിയ വായ്പയെ എൻ.പി.എ പ്രകാരം സബ് സ്റ്റാൻഡേർഡ് വിഭാഗമായി തരംതിരിച്ചതും ഈ കാലയളവിലെ പലിശവരുമാനം വരുമാനമായി അംഗീകരിക്കാത്തതുമാണ്. കരുതൽ ധനത്തിലും മിച്ചത്തിലുമുള്ള ഈ ഇടിവിന് കാരണം.

**7. ലാഭവിഹിതം**

ബിസിനസ് പ്രവർത്തനങ്ങൾക്കായി കമ്പനി സ്വന്തം ഫണ്ട് വിനിയോഗിക്കുന്നു. മുൻകാലങ്ങളിൽ ചെയ്തതു പോലെ വാണിജ്യ ബാങ്കുകളിൽ നിന്നുള്ള ഏതെങ്കിലും വായ്പ/ അഡ്വാൻസ് എന്നിവയെ ആശ്രയിക്കുന്നില്ല. സാഹചര്യം ഇതാണ്, ലാഭവിഹിതം മെച്ചപ്പെടുത്തുന്നതിനുള്ള ചെലവ് കുറഞ്ഞ നടപടിയുടെ ഭാഗമായി, ബിസിനസ്സിന്റെ പുരോഗതിയ്ക്കായി ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കൂടുതൽ പ്രവർത്തന മൂലധന ഫണ്ടുകൾ ലഭിക്കുന്നതിന് ലാഭം തിരികെ കൊണ്ടുവരാൻ തീരുമാനിച്ചു.

**8. വായ്പാവിതരണ പ്രവർത്തനങ്ങൾ**

നടപ്പു സാമ്പത്തിക വർഷം വിതരണം ചെയ്തതും 31.03.2024 ൽ നിലനിൽക്കുന്നതുമായ വായ്പകളുടെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

*(രൂപ ലക്ഷത്തിൽ)*

| ക്രമ നമ്പർ | വായ്പയുടെ വിശദാംശങ്ങൾ | 2023-24 ൽ വിതരണം ചെയ്ത തുക | 31-3-2024-ലെ കുടിശ്ശിക |
|---|---|---|---|
| 1) | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 0.00 | 7720.60 |
| 2) | കെഇഎൽ | 1318.00 | 1404.19 |
| 3) | യുഇഐഎൽ | 469.00 | 246.19 |
| 4) | യൂണിപവ്വർ സിസ്റ്റംസ് | 217.89 | 0.00 |
| 5) | സെയ്ഫ് ഗാർഡ് ലൈറ്റിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് | 0.00 | 170.35 |
| 6) | ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 500.00 | 500.00 |
| | **ആകെ** | **2504.89** | **10041.33** |

**9. സാമ്പത്തികസ്രോതസ്സ്**

താങ്കളുടെ കമ്പനി ലോണുകളോ, അഡ്വാൻസുകളോ ഒന്നും നേടിയിട്ടില്ലെന്നും, കഴിഞ്ഞ കുറേ വർഷങ്ങളായി അതിന്റെ ബിസിനസ് പ്രവർത്തനങ്ങളിൽ നിന്നുമുള്ള ഫണ്ട് ഉപയോഗിച്ച് അതിന്റെ ബിസിനസ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും സമർപ്പിക്കുന്നതിൽ എനിക്ക് സന്തോമുണ്ട്. 2023-24 സാമ്പത്തിക വർഷത്തിലും ഇതേ രീതി തുടർന്നു.

**10.** ഭൗതീക മാറ്റങ്ങളും പ്രതിബദ്ധതയും, ഈ സാമ്പത്തിക പ്രസ്താവനകൾ ബന്ധപ്പെട്ട സാമ്പത്തിക വർഷത്തിനും അവസാനത്തിനും ഇടയിലും റിപ്പോർട്ടിന്റെ തീയതിയിലും സംഭവിച്ച കമ്പനിയുടെ സാമ്പത്തിക നിലയെ ബാധിക്കുന്നു.

കമ്പനിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്ന ഭൗതീക മാറ്റങ്ങളും പ്രതിബദ്ധതകളും ഈ റിപ്പോർട്ടിന്റെ തീയതിയിലും, ഈ സാമ്പത്തിക പ്രസ്താവനയുമായി ബന്ധപ്പെട്ട സാമ്പത്തിക വർഷത്തിന് ഇടയിലും, അവസാനത്തിലും സംഭവിച്ചിട്ടില്ല.

**11. ആഡിറ്റർമാർ**

2023-24 വർഷത്തേക്ക് സ്റ്റാറ്റ്യൂട്ടറി ആഡിറ്റർമാരായി തിരുവനന്തപുരത്തെ മെസ്സേഴ്സ് ശേഖർ ആന്റ് ജയന്തി ചാർട്ടേഡ് അക്കൗണ്ടന്റ്സ് എന്ന സ്ഥാപനത്തെയാണ് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ നിയമിച്ചത്.

**12. ഇന്റേണൽ ആഡിറ്റേഴ്സ്**

കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ തീരുമാനപ്രകാരം തിരുവനന്തപുരത്തെ ജി.എ.ടി ആന്റ് അസ്സോസിയേറ്റ്സ് എന്ന ചാർട്ടേഡ് അക്കൗണ്ടന്റ്സ് നെ 2023-24 വർഷത്തേയ്ക്ക് ഇന്റേണൽ ആഡിറ്ററന്മാരായി നിയമിച്ചു.

**13. 2023-24 സാമ്പത്തിക വർഷത്തെ പ്രധാന വികസനങ്ങൾ**

**13.1 ഇന്ത്യൻ അക്കൗണ്ടിംഗ് സ്റ്റാന്റേഡേർഡ്**

താങ്കളുടെ കമ്പനി എംസിഎ പ്രഖ്യാപിച്ച ഇന്ത്യൻ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡും (ഇൻഡ് എഎസ്) കമ്പനി ആക്ട് 2013 ന്റെ പ്രസക്തമായ വ്യവസ്ഥകളും, കോർപ്പറേറ്റ് കാര്യ മന്ത്രാലയം കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പൊതുസർക്കുലറുകളും പിന്തുടരുന്നു.

**13.2 വ്യാപാരപ്രവർത്തനങ്ങൾ**

നടപ്പ് വർഷം താങ്കളുടെ കമ്പനി വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ഇലക്ട്രിക് ഘടകങ്ങൾ വിതരണം ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.എൽ. അതുപോലെയുള്ള

സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച പർച്ചേസ്സ് ഓർഡറുകളുടെ ഉറപ്പിന്മേൽ **2504.89 ലക്ഷം രൂപ** വായ്പയായി നൽകിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം താഴെ പറയുന്ന സ്ഥാപനങ്ങൾ കമ്പനിയുടെ വായ്പക്കാരായിരുന്നു.

**a) മെസ്സേഴ്സ് ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്**

മെസ്സേഴ്സ് ട്രാക്കോ കേബിൽ കമ്പനി ലിമിറ്റഡിന്റെ വർഷാരംഭ പ്രിൻസിപ്പൽ കുടിശ്ശിക **7720.60 ലക്ഷം രൂപ**യായിരുന്നു. എന്നിരുന്നാലും, ഈ കാലയളവിൽ മെസ്സേഴ്സ് ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡി-ൽ നിന്നും 247.88 ലക്ഷം രൂപ കിട്ടിയിട്ടുള്ളതും, അതിൽ നിന്നും 1.88 കോടി രൂപ 2022-23 വർഷം അക്കൗണ്ട് ചെയ്തിരുന്ന കിട്ടാനുള്ള പലിശയിനത്തിലും ബാക്കിയുള്ള രൂപ പലിശ, പിഴ പലിശ എന്നീ ഇനങ്ങളിലേക്കും വകയിരുത്തി. താങ്കളുടെ കമ്പനിയുടെ നയം അനുസരിച്ച് തിരിച്ചടവിൽ ആദ്യം ഈടാക്കുന്നത് പലിശയിലേയ്ക്കും ബാക്കി തുക എന്തെങ്കിലും ഉണ്ടെങ്കിൽ അത് മുതലിലേയ്ക്കും ഈടാക്കും എന്നത് ഇവിടെ പ്രസക്തമാണ്. 31/03/2024 ലെ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് (ട്രാക്കോ) ന്റെ വായ്പാ കുടിശ്ശിക **7720.60 ലക്ഷം രൂപ**യാണ്, ഇത് 31/03/2024 ലെ കമ്പനിയുടെ മൊത്തം വായ്പാ കുശ്ശികയുടെ 76.89% ആണെന്ന് ഇവിടെ പരാമർശിക്കേണ്ടതാണ്.

ആർ.ബി.ഐ അനുവദിച്ചിട്ടുണ്ടെങ്കിലും ഒരു വായ്പക്കാരന് ഉയർന്ന അനുപാതത്തിൽ വായ്പ കേന്ദ്രീകരിക്കുന്നത് കമ്പനിക്ക് ഉയർന്ന അപകട സാധ്യത ഉണ്ടാക്കുമെന്ന് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ അവരുടെ ഓഡിറ്റിനിടെ അഭിപ്രായപ്പെട്ടിട്ടുണ്ട്. വായ്പ അനുവദിക്കുന്നതിന് മാനദണ്ഡമായി തൊട്ടുമുമ്പുള്ള വർഷങ്ങളിലെ ഓഡിറ്റ് ചെയ്ത സാമ്പത്തിക പ്രസ്താവനകൾ പരിഗണിക്കാമെന്ന് അവർ അഭിപ്രായപ്പെട്ടു. ഈ മാനദണ്ഡം നിലവിൽ കമ്പനിയുടെ ലോൺ പോളിസിയിൽ ഉൾപ്പെടുത്തിയിട്ടില്ല. മാനേജ്മെന്റിന് ഈ നിർദ്ദേശം പരിഗണിക്കുകയും കമ്പനിയുടെ കരട് വായ്പാ നയത്തിൽ ഉൾപ്പെടുത്തുകയും ചെയ്യാം. സുരക്ഷിത വായ്പകളായി തരം തിരിച്ചിട്ടുള്ള 9124.79 ലക്ഷം രൂപയുടെ വായ്പകൾ യഥാർത്ഥത്തിൽ വ്യക്തമായ ഈട് മുഖേന സരുക്ഷിതമല്ലെന്നും അവർ അഭിപ്രായപ്പെട്ടു. അതിനാൽ കടം വാങ്ങുന്നയാൾ കെ.എസ്.ഇ.ബി ലിമിറ്റഡിന് ബിൽ നൽകുന്ന സമയം വരെ ഈ വായ്പകൾ ഉയർന്ന അപകടസാധ്യത സൃഷ്ടിക്കുന്നു. കൂടാതെ ഈ വായ്പക്കാർ കമ്പനിക്ക് അനുകൂലമായി ആർ.ഒ.സിയിലോ സെർസായിയിലോ ഒരു ചാർജ്ജും സൃഷ്ടിക്കുന്നതായി കാണുന്നില്ല.

**(b) മെസ്സേഴ്സ് സേഫ് ഗാർഡ് ലൈറ്റിംഗ്സ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റിഡ്**

2014-15 കാലയളവിൽ സോളാർ എൻ.ഇ.ഡി തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും, കമ്മീഷൻ ചെയ്യുന്നതിനുമായി താങ്കളുടെ കമ്പനി മെസ്സേഴ്സ് സേഫ് ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യാ) പ്രൈവറ്റ് ലിമിറ്റഡിന് 2 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിരുന്നു. ഈ അഡ്വാൻസ് 13/07/2015 നകം തിരിച്ചടയ്ക്കേണ്ടതായിരുന്നു. അതിന് ശേഷം മെസ്സേഴ്സ് സേഫ് ഗാർഡ് 65 ലക്ഷം രൂപ അടയ്ക്കുകയും, പുതിയതും സാധുതയുള്ളതുമായ ഈടുകൾക്കൊപ്പം, 23/01/2018- ലെ അവരുടെ കത്തിന്റെ അടിസ്ഥാനത്തിൽ 35 ലക്ഷം രൂപയുടെ ചെക്ക് സമർപ്പിക്കുകയും ചെയ്തു.

18/04/2018 ന് നടന്ന ബോർഡ് അതിന്റെ 99-ാമത് ബോർഡ് മീറ്റിംഗിൽ കമ്പനി സ്വീകരിച്ച നടപടി അംഗീകരിക്കുകയും, പുതിയതും, സാധുതയുള്ളതുമായ ഈടുകൾ സ്വീകരിച്ച ശേഷം സേഫ് ഗാർഡ് ലോൺ പുന:ക്രമീകരിക്കുകയും ചെയ്തു. തിരിച്ചടവിൽ പുരോഗതിയില്ലാത്തതിനാൽ, പലിശ ഉൾപ്പടെയുള്ള ലോൺ കുടിശ്ശിക തിരിച്ചുപിടിക്കുന്നതിനായി താങ്കളുടെ കമ്പനി കടക്കാരനെതിരെ തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി XII ൽ ഒരു കേസ് ഫയൽ ചെയ്തു. ഈ കേസിൽ താങ്കളുടെ കമ്പനിയുടെ നടപടിയെ അടിസ്ഥാനമാക്കി കുടശ്ശിക തിരിച്ചു പിടിക്കാൻ കമ്പനി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാർ അഭിപ്രായപ്പെട്ടു. (ആർ.ആർ. നമ്പർ 2018/16658/01 തീയതി 17/11/2018)

13. അതേസമയം, 1968-ലെ കേരള റവന്യൂറിക്കവറി ആക്ടിലെ വ്യവസ്ഥകൾ ഉപയോഗിച്ച് കെ.എസ്.പി.ഐ.എഫ്.സി നടത്തിയ വായ്പാ കുടിശ്ശിക തിരിച്ചു പിടിക്കുന്നതിനുള്ള നിർബന്ധിത നടപടികളിൽ പ്രതിഷേധിച്ച് 2023-ലെ WP (C) നമ്പർ 41062-ലെ റിട്ട് ഹർജിയിലൂടെ മെസ്സേഴ്സ് സേഫ്ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡും, സേഫ്ഗാർഡ് ലൈറ്റിംഗ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. ശ്രീജിത്ത്.വി.ടി.യും ഹൈക്കോടതിയെ സമീപിച്ചു. വാദം കേട്ടശേഷം ബഹുമാനപ്പെട്ട ഹൈക്കോടതി ഇനിപ്പറയുന്ന നിർദ്ദേശങ്ങളോടെ പ്രസ്തുത റിട്ട് ഹർജി തീർപ്പാക്കി.

a) മെസ്സേഴ്സ് സേഫ്ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് ഒരു മാസത്തിനുള്ളിൽ 25 ലക്ഷം രൂപ അടയ്ക്കേണ്ടതാണ്. ബാക്കി തുക തുടർച്ചയായി 12 തുല്യ പ്രതിമാസ ഗഡുക്കളായി പലിശയും, മറ്റ് അഡ്മിനിസട്രേറ്റീവ് ചാർജ്ജുകളും ഉണ്ടെങ്കിൽ അവയും സഹിതം അടയ്ക്കേണ്ടതാണ്.

b) ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം മെസ്സേഴ്സ് സേഫ്ഗാർഡ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡും, സേഫ്ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡും, സേഫ്ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. ശ്രീജിത്ത് വി.ടി.യും പണമടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ, കെ.എസ്.പി.കെ.എഫ്.സിക്ക് ഹർജിക്കാർക്കെതിരെ നിർബന്ധിത നടപടികൾ എടുക്കാൻ സ്വാതന്ത്ര്യമുണ്ടാകും.

c) ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശ പ്രകാരം മെസ്സേഴ്സ് സേഫ്ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡും, സേഫ്ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. ശ്രീജിത്ത് വി.ടിയും പണമടച്ചാൽ അവർക്കെതിരെ നിർബന്ധിത നടപടികൾ ഉണ്ടെങ്കിൽ അത് മാറ്റിവെയ്ക്കേണ്ടതാണ്.

ഒരു മാസത്തിനുള്ളിൽ 25 ലക്ഷം രൂപ അടയ്ക്കുന്നതിൽ മെസ്സേഴ്സ് സേഫ്ഗാർഡ് പരാജയപ്പെട്ടു. അതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ട പ്രകാരം 30.11.2024-ലെ KSPIFC/RR/2024-25/260 നമ്പർ കത്തിലൂടെയും, 21.01.2025-ലെ KSPIFC/RR/2024-25/301 നമ്പർ കത്തിലൂടെയും കെ.എസ്.പി.ഐ.എഫ്.സി റവന്യൂ വകുപ്പിനെ വിഷയം അറിയിച്ചു. മെസ്സേഴ്സ് സേഫ്ഗാഡ് ലൈറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡും, സേഫ്ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. ശ്രീജിത്ത് വി.ടി.ക്കുമെതിരെ റവന്യൂ റിക്കവറി നടപടികൾ തുടരാൻ ആവശ്യപ്പെട്ടു. റവന്യൂവകുപ്പിന്റെ തുടർ നടപടികൾ കാത്തിരിക്കുന്നു.

14. ഊർജ്ജ സംരക്ഷണം, സാങ്കേതിക വിദ്യ, ആഗീരണവും, വിദേശ നാണയ വരവ് ചെലവ് നിർദ്ദേശിക്കാവുന്ന രീതിയിൽ.

താങ്കളുടെ കമ്പനിയുടെ പ്രവർത്തനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾക്ക് ഫണ്ട് നൽകുന്നതിനും, ബാങ്കിംഗ് ഇതര ധനകാര്യ കമ്പനി (എൻ.ബി.എഫ്.സി) ആയതുകൊണ്ടും കമ്പനീസ് ആക്ട് 2013 ന്റെ സെക്ഷൻ 134 (എം) പ്രകാരം ഊർജ്ജ സംരക്ഷണവും, സാങ്കേതികവിദ്യ ആഗീരണവും സംബന്ധിച്ച വിവരങ്ങൾ ഈ കമ്പനിക്ക് ബാധകമല്ല. നടപ്പ് വർഷം കമ്പനിക്ക് വിദേശ നായണ വരവോ, ചെലവോ ഇല്ല.

15. **കമ്പനി നിയമം 2013-ലെ 134-ാം വകുപ്പ് അനുശാസിക്കുന്ന പരിധിയിൽ കൂടുതൽ പ്രതിഫലം വാങ്ങുന്ന ജീവനക്കാരുടെ വിവരങ്ങൾ**

ഈ സാമ്പത്തിക വർഷത്തിൽ 2013- ലെ കമ്പനീസ് ആക്ട് പ്രകാരം നിശ്ചയിച്ചിട്ടുള്ള പരിധിയിൽ കൂടുതൽ പ്രതിഫലം വാങ്ങിയ ഒരു ജീവനക്കാരനും കമ്പനിയിൽ ഇല്ല എന്ന് സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**16. ഉപ/സഹ സംരംഭങ്ങൾ**

കമ്പനിക്ക് മറ്റ് ഉപ/ സഹസംരംഭങ്ങൾ ഒന്നും തന്നെ ഇല്ല.

**17. നിക്ഷേപങ്ങൾ**

നടപ്പു സാമ്പത്തികവർഷം കമ്പനി ഏതെങ്കിലും നിക്ഷേപങ്ങൾ സ്വീകരിക്കുകയോ പുതുക്കുകയോ ചെയ്തിട്ടില്ല.

**18. വാർഷിക റിട്ടേണിന്റെ സംക്ഷിപ്തം**

2013-ലെ കമ്പനി നിയമത്തിലെ 92(3) വകുപ്പു പ്രകാരം എംജിടി- 9 ഫോറത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വാർഷിക റിട്ടേണിന്റെ സംക്ഷിപ്തം, ഈ റിപ്പോർട്ടിന്റെ ഭാഗമായി അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

**19. ആഡിറ്റ് കമ്മറ്റി**

2013- ലെ കമ്പനീസ് ആക്ട് സെക്ഷൻ 177 പ്രകാരം, താങ്കളുടെ കമ്പനി 20/09/2023 ന് നടന്ന 121- ാമത് ബോർഡ് മീറ്റിംഗിൽ താഴെ പറയുന്ന ഡയറക്ടർമാർ അടങ്ങുന്ന ഓഡിറ്റ് കമ്മിറ്റി പുന:സംഘടിപ്പിച്ചു.

ആഡിറ്റ് കമ്മിറ്റിയിൽ ഉൾപ്പെട്ടവർ

| | | |
|---|---|---|
| 1. | ശ്രീമതി ശോഭ വി.ആർ | ചെയർപേഴ്സൺ |
| 2. | ശ്രീ. ബിജു. ആർ | മെമ്പർ |
| 3. | ശ്രീ. കെ.സി. സഹദേവൻ | മെമ്പർ |
| 4. | ശ്രീ. കെ.കെ. രാജേഷ് കുമാർ | മെമ്പർ |

**20. ജാഗ്രതാ സംവിധാനം**

2014 ലെ കമ്പനീസ് (മീറ്റിംഗ്സ് ഓഫ് ബോർഡ് ആന്റ് ഇറ്റ്സ് പവേഴ്സ്) റൂൾസ്, റൂൾ 7(1) പ്രകാരവും കമ്പനീസ് ആക്ട് 2013 ലെ സെക്ഷൻ 177-ലെ ഉപവകുപ്പ്(9) പ്രകാരവും താങ്കളുടെ കമ്പനി ജീവനക്കാരും മറ്റ് ഡയറക്ടർമാരും പ്രകടിപ്പിക്കുന്ന ആശങ്കകൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി താഴെ പറയുന്ന ഡയറക്ടർമാർ അടങ്ങുന്ന ഒരു കമ്മിറ്റിയുടെ ഒരു ജാഗ്രതാ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ശ്രീമതി. ശോഭ വി.ആർ | : | ചെയർപേഴ്സൺ |
| 2. | ശ്രീ. ബിജു. ആർ | : | അംഗം |
| 3. | ശ്രീ. കെ.സി. സഹദേവൻ | : | അംഗം |
| 4. | ശ്രീ. കെ.കെ. രാജേഷ് കുമാർ | : | അംഗം |

ആശങ്കകൾ പ്രക്ഷിപ്പിക്കുന്ന ജീവനക്കാരെയും, ഡയറക്ടർമാരെയും ഇരകളാക്കുന്നതിനെതിരെ കമ്പനി മതിയായ സംരക്ഷണം നൽകിയിട്ടുണ്ട്. കമ്പനിയുടെ ജീവനക്കാരുടെ താൽപര്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് കമ്മിറ്റി ചെയർമാനുമായി നേരിട്ട് ബന്ധപ്പെടാനുള്ള സൗകര്യവും കമ്പനി നൽകിയിട്ടുണ്ട്.

**21. 'കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വം**

കമ്പനി നിയമം 2013 ലെ 135-ാം വകുപ്പും അതിന്റെ പ്രസക്തമായ നിയമങ്ങളും അനുസരിച്ച് ബോർഡ് ശ്രീ പ്രേമൻദിനരാജ് ഐഎ & എഎസ് (റിട്ട.) ന്റെ അധ്യക്ഷതയിൽ സിഎസ്ആർ കമ്മിറ്റി രൂപീകരിച്ചു. ശ്രീ. ബിജു. ആർ, ശ്രീ. കെ.സി. സഹദേവൻ, ശ്രീ. കെ. രാജേഷ് കുമാർ എന്നിവരാണ് കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ. കമ്പനി അതിന്റെ സിഎസ്ആർ നയം രൂപീകരിച്ചിട്ടുണ്ട്. ഇത് കമ്പനിയുടെ വെബ്സൈറ്റായ www.kspifc.com ൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. കമ്പനി നിയമം 2013 ലെ പട്ടിക VII അനുസരിച്ച് കമ്പനിയുടെ സി.എസ്.ആർ നയത്തിന്റെ പരിധിക്കുള്ളിൽ വരുന്ന ചെലവുകൾ ഇതിൽ പരിഗണിക്കും.

**22. കമ്പനിയുടെ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട നയ രൂപീകരണവും നടപ്പിലാക്കലും.**

കമ്പനി ഒരു കോർപ്പറേറ്റ് സാമൂഹിക ഉത്തവാദിത്വ പോളിസി സ്വീകരിക്കുകയും കമ്പനിയുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ 2013- ലെ കമ്പനീസ് ആക്ടിന്റെ ഭേദഗതി ചെയ്ത ഷെഡ്യൂൾ VII ന് അനുസൃതമായി ഭേദഗതി ചെയ്യുകയും ചെയ്തു.

i. പട്ടിണി, ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുക. ശുചിത്വം പ്രോത്സാഹിപ്പിക്കുന്നതിനും. ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുമായി കേന്ദ്ര സർക്കാർ രൂപീകരിച്ച സ്വച് ഭാരത്ഘോഷിലേക്കുള്ള സംഭാവന ഉൾപ്പെടെയുള്ള പ്രതിരോധ ആരോഗ്യ സംരക്ഷണവും, ശുചീകരണവും ഉൾപ്പെടെയുള്ള ആരോഗ്യസംരക്ഷണം പ്രോത്സാഹിപ്പിക്കുക.

ii. പ്രത്യേക വിദ്യാഭ്യാസവും തൊഴിലും ഉൾപ്പെടെയുള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, പ്രത്യേകിച്ച് കുട്ടികൾ, സ്ത്രീകൾ, പ്രായമായവർ, ഭിന്നശേഷിക്കാർ എന്നിവരിൽ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുക, ഉപജീവനം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ.

iii. ലിംഗസമത്വം പ്രോത്സാഹിപ്പിക്കുക, സ്ത്രീ ശാക്തീകരണം, സ്ത്രീകൾക്കും, അനാഥർക്കും, വീടുകളും, ഹോസ്റ്റലുകളും സ്ഥാപിക്കുക, വൃദ്ധസദനങ്ങൾ, ഡേ കെയർ സെന്ററുകൾ, മുതിർന്ന പൗരന്മാർക്ക് മറ്റ് സൗകര്യങ്ങൾ, സാമൂഹികമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ നേരിടുന്ന അസമത്വങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ.

iv. പാരിസ്ഥിതിക സുസ്ഥിരത, പാരിസ്ഥിതിക സന്തുലിതാവസ്ഥ, സസ്യ ജന്തു ജാലങ്ങളുടെ സംരക്ഷണം, മൃഗക്ഷേമം, കാർഷിക വനവൽക്കരണം, മണ്ണ്, ജലം, വായു എന്നിവയുടെ ഗുണനിലവാരം നിലനിർത്തൽ (ഗംഗ നദിയുടെ പുനരുജ്ജീവനത്തിനായി കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുള്ള ക്ലീൻ ഗംഗാ ഫണ്ടിലേയ്ക്കുള്ള സംഭാവന ഉൾപ്പെടെ)

v. ദേശീയ പൈതൃകം, കല, സംസ്ക്കാരം എന്നിവയുടെ സംരക്ഷണം, ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങളുടേയും, സ്ഥലങ്ങളുടേയും പുനരുദ്ധാരണം, കലാസൃഷ്ടികൾ, പൊതു ലൈബ്രറികൾ സ്ഥാപിക്കൽ, പരമ്പരാഗത കലകളുടേയും കരകൗശലവസ്തുക്കളുടെയും പ്രോത്സാഹനവും, വികസനവും,

vi. സായുധസേനയിലെ വെറ്ററൻമാർ, യുദ്ധവിധവകൾ, അവരുടെ ആശ്രിതർ, സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ് (CAPF) സെൻട്രൽ പാരാ മിലിറ്ററി ഫോഴ്സ് (CPMF) വെറ്ററൻസ്, വിധവകൾ ഉൾപ്പെടെയുള്ള അവരുടെ ആശ്രിതർ എന്നിവരുടെ ആനുകൂല്യങ്ങൾക്കായുള്ള നടപടികൾ.

vii. ഗ്രാമീണ കായിക വിനോദങ്ങൾ, ദേശീയ അംഗീകാരമുള്ള കായിക വിനോദങ്ങൾ, പാരാലിമ്പിക് സ്പോർട്സ്, ഒളിമ്പിക്സ് സ്പോർട്സ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിശീലനം.

viii. പ്രധാന മന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിലേയ്ക്കോ അല്ലെങ്കിൽ പ്രധാനമന്ത്രിയുടെ അടിയന്തിരസാഹചര്യനിധിയിലേയ്ക്കോ അല്ലെങ്കിൽ വനിതാ ന്യൂനപക്ഷ, പട്ടികജാതി, പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും, ആശ്വാസത്തിനും ക്ഷേമത്തിനുമായി കേന്ദ്രസർക്കാർ രൂപീകരിച്ച മറ്റേതെങ്കിലും ഫണ്ടുകളിലേയ്ക്കോ ഉള്ള സംഭാവന;

ix. a) കേന്ദ്രസർക്കാരോ, സംസ്ഥാനസർക്കാരോ, പൊതുമേഖലാ സ്ഥാപനമോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാനസർക്കാരിന്റെയോ ഏതെങ്കിലും ഏജൻസിയുടെ ധനസഹായത്തോടെ ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, മെഡിസിൻ എന്നീ മേഖലകളിലെ ഇൻക്യൂബേറ്ററുകൾ അല്ലെങ്കിൽ ഗവേഷണ വികസന പദ്ധതികൾക്കുള്ള സംഭാവന.

b) പൊതുധനസഹായമുള്ള സർവ്വകലാശാലകളിലേയ്ക്കുള്ള സംഭാവന; ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ.ഐ.ടികൾ) നാഷണൽ ലബോറട്ടറികൾ, ഡിപ്പാർട്ട്മെന്റ് ഓഫ്

അറ്റോമിക് എനർജി (ഡി.ഐ.ഇ) യുടെ കീഴിൽ സ്ഥാപിതമായ സ്വയംഭരണസ്ഥാപനങ്ങൾ, ജൈവ സാങ്കേതിക വകുപ്പ്, ശാസ്ത്ര സാങ്കേതിക വകുപ്പ് (ഡിഎസ്റ്റി) ഫാർമസ്യൂട്ടിക്കൽ വകുപ്പ്, ആയുർവേദ, യോഗ, പ്രകൃതിചികിത്സ, യുനാനി, സിദ്ധ, ഹോമിയോപതിക് മന്ത്രാലയം (ആയുഷ്); ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവും മറ്റ് സ്ഥാപനങ്ങളും, അതായത് ഡിഫൻസ് റിസർച്ച് ആന്റ് ഡവല്പമെന്റ് ഓർഗനൈസേഷൻ (ഡി.ആർ.ഡി.ഒ) ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് (ഐ.സി.എ.ആർ) ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും (ഐസിഎംആർ) കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ചും (സിഎസ്ഐആർ) സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, മെഡിക്കൽ എന്നീ മേഖലകളിൽ ഗവേഷണം നടത്തുന്നത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി.എസ്) പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ്.

x. ഗ്രാമീണ വികസന പദ്ധതികൾ

xi. ചേരിപ്രദേശ വികസനം

വിശദീകരണം- ചേരി പ്രദേശം, എന്നത് കൊണ്ട് അർത്ഥമാക്കുന്നത് കേന്ദ്ര സർക്കാരോ, സംസ്ഥാനസർക്കാരോ അല്ലെങ്കിൽ തൽക്കാലം, പ്രാബല്യത്തിൽ വരുന്ന ഏതെങ്കിലും നിയമത്തിന് കീഴിലുള്ള മറ്റേതെങ്കിലും അതോറിറ്റിയോ പ്രഖ്യാപിച്ച ഏതെങ്കിലും പ്രദേശത്തെയാണ്.

xii. ദുരിതാശ്വാസ, പുനരധിവാസ, പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ദുരന്തനിവാരണം.

കമ്പനി നിയമം 2013- ലെ സെക്ഷൻ 135- ലെ വ്യവസ്ഥകൾ കമ്പനിക്ക് ബാധകമാണ്. അതനുസരിച്ച് കമ്പനി 2023-24 കാലയളവിൽ 20.29 ലക്ഷം രൂപ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വ (സി.എസ്.ആർ) ത്തിനായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2013- ലെ കമ്പിനി നിയമം സെക്ഷൻ 135(5) രണ്ടാം വ്യവസ്ഥയ്ക്ക് അനുസൃതമായി 25.76 ലക്ഷം രൂപ (2022 - 23 സാമ്പത്തിക വർഷത്തെ 19.30 ലക്ഷം രൂപയും, 2021 - 22 സാമ്പത്തിക വർഷത്തെ 1.71 ലക്ഷം രൂപയും 2020-21 സാമ്പത്തിക വർഷത്തെ 4.54 ലക്ഷം രൂപയും, ഇതിന്റെ പലിശയും ചേർത്ത്) ചെലവഴിക്കാത്ത സി.എസ്.ആർ ഫണ്ടായി തിരുവനന്തപുരത്തെ എസ്.ബി.ഐ കൊമേഷ്യൽ ബ്രാഞ്ചിൽ കമ്പനി സ്ഥിര നിക്ഷേപം നടത്തി.

**23. ഓഹരി മടക്കി വാങ്ങൽ**

നടപ്പുവർഷം കമ്പനി ഓഹരികൾ ഒന്നും തിരിച്ചു വാങ്ങിയിട്ടില്ല.

**24. 2013-ലെ കമ്പനി നിയമം 186 ാം വകുപ്പ് അനുസരിച്ച് നടത്തിയ വായ്പകൾ/ ഈടുകൾ/ അല്ലെങ്കിൽ നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ**

കമ്പനി ഒരു എൻ.ബി.എഫ്.സി ആയതിനാൽ ഈ വ്യവസ്ഥ ബാധകമല്ല

**25. ബന്ധപ്പെട്ട കക്ഷികളുമായി ഉണ്ടാക്കിയിട്ടുള്ള കരാറുകളുടെയോ ക്രമീകരണങ്ങളുടെയോ വിശദാംശങ്ങൾ**

ബന്ധപ്പെട്ട കക്ഷികളുമായി ഉണ്ടാക്കിയ ഇടപാടുമായി ബന്ധപ്പെട്ട് കമ്പനി മതിയായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്.

**26. ഓഡിറ്റർമാരും, പ്രാക്ടീസ് ചെയ്യുന്ന കമ്പനി സെക്രട്ടറിയും അവരുടെ റിപ്പോർട്ടുകളിൽ നടത്തിയ യോഗ്യതകൾ, റിസർവേഷനുകൾ, അല്ലെങ്കിൽ പ്രതികൂല പരാമർശം അല്ലെങ്കിൽ നിരാകരണം എന്നിവയെക്കുറിച്ചുള്ള വിശദീകരണം അല്ലെങ്കിൽ അഭിപ്രായങ്ങൾ.**

കമ്പനിയുടെ നിലവിലുള്ള ബോർഡ് അംഗീകൃത ലോൺ പോളിസി പ്രകാരം ട്രാക്കോയ്ക്ക് (സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ) നൽകുന്ന ഹ്രസ്വകാല വായ്പകൾ, വായ്പക്കാർ കെ.എസ്.ഇ.ബി ലിമിറ്റഡ്, കെ.എസ്.പി.ഐ.എഫ്.സി എന്നിവയ്ക്കിടയിൽ നടപ്പിലാക്കുന്ന ഒരു ത്രികക്ഷി കരാറിലൂടെ സുരക്ഷിതമാണ്. മാത്രമല്ല മുൻകൂർ സമാഹരണത്തിന്റെ കാര്യത്തിൽ കെ.എസ്.പി.ഐ.എഫ്.സി യും പൊതുമേഖലാ സ്ഥാപനവും (പി.എസ്.യു) തമ്മിൽ മെമ്മോറാണ്ടം ഓഫ് എഗ്രിമെന്റ് (എം.ഒ.എ) നടപ്പിലാക്കുന്നു. അതിൽ മുൻകൂർ സമാഹരണം ഉൾപ്പെടുത്തേണ്ടത് കെ.എസ്.ഇ.ബി. ലിമിറ്റഡിന് സാധനങ്ങൾ നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പർച്ചേഴ്സ് ഓർഡറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ലോൺ അനുവദിച്ചിരിക്കുന്ന ആവശ്യത്തിന് തന്നെയാണ് റിലീസ് ചെയ്ത ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കുന്നത് എന്ന് തെളിയിക്കുന്ന ചാർട്ടേഡ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ 'ഫണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്' ട്രാക്കോ ഹാജരാക്കുന്നു. അനുവദിച്ച വായ്പ തുകയുടെ കൂടുതൽ വിതരണം എന്തെങ്കിലും ഉണ്ടെങ്കിൽ ചാർട്ടേഡ് അക്കൗണ്ടന്റിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം മാത്രമേ റിലീസ് ചെയ്യാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ആർ.ബി.ഐയുടെ നിബന്ധനകൾക്ക് അനുസൃതമായി, കമ്പനിയുടെ പുതുക്കിയ കോർപ്പറേറ്റ് ലോൺ പോളിസി അംഗീകാരത്തിനായി ബോർഡ് പരിഗണിക്കുന്നു. കമ്പനിയുടെ പുതുക്കിയ കോർപ്പറേറ്റ് ലോൺ പോളിസി അംഗീകരിക്കുമ്പോൾ ആഡിറ്റ് റിപ്പോർട്ട് പ്രകാരം ആഡിറ്റർ അഭിപ്രായപ്പെടുന്ന പ്രശ്നങ്ങളും പരിഗണിക്കപ്പെടും.

ക്രെഡിറ്റ് മാനദണ്ഡങ്ങളുടെ കേന്ദ്രീകരണത്തിൽ നിന്നും ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി നടത്തിയ അഭ്യർത്ഥന റിസർവ്വ് ബാങ്ക് പരിഗണിക്കുകയും സർക്കാർ ഉടമസ്ഥതയിലുള്ള പവർ പ്രോജക്ട്/ എന്റർപ്രൈസസ് എന്നിവയുടെ ക്രെഡിറ്റ് എക്സ്പോഷർ ചെയ്യുന്നതിന് ഒരു പരിധി 06.12.2018 ലെ കത്ത് നം ഡിഎൻബിആർ (പിഡി) സി.ഒ. നം 1139/3.10.001/2018-19 ലൂടെ അംഗീകരിക്കുകയും ചെയ്തു. മെസേഴ്സ്സ് ട്രാക്കോ കേബിൾ കമ്പനി ഒരു സർക്കാർ കമ്പനിയായതിനാൽ ക്രെഡിറ്റ് മാനദണ്ഡങ്ങളുടെ കേന്ദ്രീകരണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

കേരള സർക്കാർ 20 സെന്റ് സ്ഥലം കമ്പനിക്ക് 9.03.2003 ൽ നൽകിയിട്ടുള്ളതും, 12 വർഷകാലത്തേയ്ക്ക് ഇത് വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ പാടില്ലാത്തതുമാകുന്നു. 31.03.2023 വരെ കമ്പനിയുടെ പേരിൽ വിലയാധാരം രജിസ്റ്റർ ചെയ്തിട്ടില്ല. എന്നിരുന്നാലും റവന്യൂ വകുപ്പിന്റെ തണ്ടപ്പേർ രജിസ്റ്റർ നമ്പർ 15920 പ്രകാരം സ്ഥലം കമ്പനിയുടെ പേരിലാണ്.

**27. ഡയറക്ടർമാരുടെ നിയമനം, അവരുടെ പ്രതിഫലം, ഡ്യൂട്ടി എന്നിവയിൽ കമ്പനിയുടെ നയം**

സർക്കാർ കമ്പനി ആയതിനാൽ കമ്പനിയുടെ ഡയറക്ടർമാരെ നിയമിക്കുന്നത് കേരള സർക്കാരാണ്. റിസർവ് ബാങ്ക് നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ബോർഡ് നോമിനേഷൻ കമ്മിറ്റിയും, റമ്യൂണറേഷൻ കമ്മിറ്റിയും രൂപീകരിച്ചു.

**28. സ്വതന്ത്ര ഡയറക്ടർമാരുടെ നിയമനം**

കമ്പനി നിയമം 2013-ലെ സെക്ഷൻ 149 (4) പ്രകാരവും കമ്പനി റൂൾ 2014 ലെ (ഡയറക്ടർമാരുടെ നിയമനവും യോഗ്യതയും) റൂൾ (4) പ്രകാരവും കമ്പനിക്ക് രണ്ട് ഡയറക്ടർ ഉണ്ടാകാം. കമ്പനിയുടെ ഡയറക്ടർ ബോർഡിൽ സ്വതന്ത്ര ഡയറക്ടർമാരെ നിയമിക്കണമെന്ന കാര്യം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**29. ബോർഡ് യോഗങ്ങൾ**

നടപ്പു സാമ്പത്തിക വർഷം ഡയറക്ടർമാരുടെ ബോർഡു യോഗങ്ങൾ അഞ്ച് പ്രാവശ്യം- അതായത്, 16.06.2023, 20.09.2023, 26.10.2023, 23.12.2023, 29.01.2024 എന്നീ തീയതികളിൽ കൂടിയിട്ടുണ്ട്.

**30. ഡയറക്ടർമാരുടെ ഉത്തരവാദിത്വ വിവരങ്ങൾ**

ഇന്റേണൽ ആഡിറ്റർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2013-ലെ കമ്പനി നിയമം 134(5) വകുപ്പനുസരിച്ച്, ഡയറക്ടർമാർ താഴെപ്പറയുന്ന കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

എ. വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ ബാധകമായിട്ടുള്ള അക്കൗണ്ടിംഗ് നിലവാരങ്ങൾ പാലിക്കുകയും അനുബന്ധവും ആവശ്യവുമായ ബന്ധപ്പെട്ട വിവരണങ്ങൾ ചേർക്കുകയും ചെയ്തിട്ടുണ്ട്.

ബി. തുടർച്ചയായും ശ്രദ്ധയോടും കൂടിയ അക്കൗണ്ടിംഗ് നയങ്ങൾ ഡയറക്ടർമാർ തെരഞ്ഞെടുത്ത് നടപ്പാക്കിയിട്ടുള്ളതും, മൂല്യനിർണയങ്ങൾ നീതിപൂർവ്വമായും ശ്രദ്ധാപൂർവ്വമായും തയ്യാറാക്കിയിട്ടുള്ളതും അവ നടപ്പു സാമ്പത്തിക വർഷത്തെ പ്രവർത്തനഫലങ്ങളും ലാഭവും ന്യായമാണെന്ന അടിസ്ഥാനത്തിൽ വിലയിരുത്തുകയും ചെയ്തിട്ടുള്ളതാണ്.

സി. കമ്പനി നിയമപ്രകാരം കണക്കുകളും രേഖകളും ആസ്തികളും കൃത്യമായി സൂക്ഷിക്കുവാനും ക്രമക്കേടുകളും ദുർവിനിയോഗങ്ങളും തടയുന്നതിനുള്ള സംവിധാനം ഉണ്ടാക്കുവാനും ഡയറക്ടർമാർ അത്യന്തം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

ഡി. തുടർച്ചയായ പ്രവർത്തന സ്ഥാപനം എന്ന അടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്;

ഇ. നിലവിലുള്ള ബാധകമായ എല്ലാ നിയമങ്ങളും പാലിക്കപ്പെടാനുതകുന്ന തരത്തിലുള്ള മതിയായ പ്രവർത്തനശൈലികൾ ഡയറക്ടർമാർ രൂപപ്പെടുത്തിയിട്ടുള്ളതും അത് പിൻതുടർന്നു പോകുന്നതുമാകുന്നു.

**31. നന്ദി പ്രകാശനം**

കേരളസർക്കാരിനും കേരള സംസ്ഥാന വൈദ്യുതി ബോർഡിനും റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മറ്റു ബാങ്കുകൾ എന്നീ സ്ഥാപനങ്ങളോട് അകമഴിഞ്ഞ നന്ദിയും ആദരവും രേഖപ്പെടുത്താൻ ഡയറക്ടർ ബോർഡ് ആഗ്രഹിക്കുന്നു. കൂടാതെ കമ്പനിയിൽ നിന്നും ഹ്രസ്വകാല വായ്പ പദ്ധതിയിൽ നിന്നും വായ്പ സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്കുമുള്ള അകമഴിഞ്ഞ നന്ദി ബോർഡ് രേഖപ്പെടുത്തുന്നു. ജീവനക്കാരുടെയും ഓഫീസർമാരുടെയും അർപ്പണബോധത്തോടെയുള്ള സേവനത്തിൽ ഭരണസമിതി മതിപ്പ് രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഡയറക്ടർ ബോർഡിനുവേണ്ടി

ഒപ്പ്/-
**ശ്രീ പ്രേമൻ ദിനരാജ് ഐ.എ.&എ.എസ് (റിട്ട.)**
ചെയർമാൻ

സ്ഥലം : തിരുവനന്തപുരം
തീയതി: 11.04.2025

# കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

## അനുബന്ധം-സി

## സി.എസ്.ആർ. പ്രവർത്തന വാർഷിക റിപ്പോർട്ട്

**1. സി.എസ്.ആർ. നയത്തെപ്പറ്റിയുള്ള ഒരു സംഗ്രഹം**

കെ.എസ്.പി.ഐ.എഫ്.സി, സമൂഹത്തിന്റെ പ്രതീക്ഷകൾക്കനുസൃതമായി അവരുടെ സംരംഭങ്ങൾക്കാവശ്യമുള്ള നൂതന അടിസ്ഥാനസൗകര്യങ്ങൾ നൽകുക, സാമൂഹിക ജീവിതത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുക, പ്രകൃതി സംരക്ഷണത്തിന് ഊന്നൽ നൽകിയുള്ള സമൂഹം വാർത്തെടുക്കുക എന്നിവയ്ക്ക് അനുയോജ്യമായ സംരംഭങ്ങൾക്ക് കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്നു. സമൂഹത്തിന്റെ സൗഹൃദബന്ധങ്ങൾക്ക് യാതൊരു വിധത്തിലുള്ള കോട്ടം വരാത്തവയും അസംതൃപ്തി ഉളവാക്കാത്തതുമായ പ്രവർത്തനങ്ങളിൽ മാത്രമേ ഏർപ്പെടുന്നുള്ളു. സി.എസ്.ആർ. പദ്ധതികൾ നടപ്പിലാക്കുമ്പോൾ കെ.എസ്.പി.ഐ.എഫ്.സി കുറഞ്ഞത് ഒരു പദ്ധതി പിന്നോക്കം നിൽക്കുന്ന ജില്ലയുടെ ഉന്നമനത്തിനോ പാരിസ്ഥിതികാവസ്ഥ നിലനിർത്തുന്ന ഒരു പ്രോജക്ടോ, വനിതകളുടെ ഉന്നമനത്തിനോ അംഗവൈകല്യം നേരിടുന്നവർക്ക് അവരുടെ തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതിയോ തിരഞ്ഞെടുക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

**മാനേജ്മെന്റിന്റെ വീക്ഷണം**

സമൂഹത്തിലെ താഴെത്തട്ടിലുള്ളവരുടെ ഉന്നമനത്തിനായുള്ള അവസരങ്ങൾ സൃഷ്ടിച്ച് അവർക്ക് മെച്ചപ്പെട്ട ജീവിതം കരഗതമാക്കുന്നതിനുള്ള വിവിധ മേഖലയിലുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക എന്നതാണ് കെ.എസ്.പി.ഐ.എഫ്.സിയുടെ ഡയറക്ടർ ബോർഡിന്റെ പ്രവർത്തന വീക്ഷണം.

**കെ.എസ്.പി.ഐ.എഫ്.സി യുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുള്ള മേഖലകൾ:**

2013 ലെ കമ്പനി നിയമം പട്ടിക VII അനുസൃതമായി മാത്രമേ കെ.എസ്.പി.,ഐ.എഫ്.സി., സി.എസ്.ആർ. പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുള്ളു.

കമ്പനിയുടെ www.kspifc.com എന്ന വെബ് സൈറ്റിൽ പോളിസി ലഭ്യമാണ്.

**2. സി.എസ്.ആർ കമ്മിറ്റിയുടെ ഘടന**

ചെയർപേഴ്സണും മറ്റു കമ്മിറ്റി അംഗങ്ങളും ചുവടെ ചേർക്കും പ്രകാരമാണ്.

| പേര് | ഉദ്യോഗപ്പേര് | ചെയർമാൻ/അംഗം |
|---|---|---|
| ശ്രീ. പ്രേമൻ ദിനരാജ്<br>ഐ.എ & എ.എസ് (റിട്ട.) | ചെയർമാൻ<br>കെ.എസ്.പി.ഐ.എഫ്.സി | ചെയർമാൻ |
| ശ്രീ. ബിജു ആർ | ഡയറക്ടർ ഫിനാൻസ് കെ.എസ്.ഇ.ബി.എൽ<br>മാനേജിംഗ് ഡയറക്ടർ, കെഎസ്.പി.ഐ.എഫ്.സി | അംഗം |
| ശ്രീമതി. ശോഭ വി.ആർ | ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്<br>ഫിനാൻസ് ഡിപ്പാർട്ടുമെന്റ്, കേരള സർക്കാർ | അംഗം |
| ശ്രീമതി. പ്രീതാകുമാരി എൽ.പി | ജോയിന്റ് സെക്രട്ടറി<br>വ്യവസായ വകുപ്പ്<br>കേരള സർക്കാർ | അംഗം |

3. കമ്പനിയുടെ കഴിഞ്ഞ മൂന്നു ധനകാര്യ വർഷങ്ങളിലെ ശരാശരി മൊത്ത ലാഭം

രൂപ 1014.49 ലക്ഷം

4. സി.എസ്.ആറി നു വേണ്ടി ചെലവാക്കേണ്ടത് (3 ൽ കൊടുത്തിരിക്കുന്ന തുകയുടെ 2%)

രൂപ 20.29 ലക്ഷം

5. തൻ ധനകാര്യവർഷം സി.എസ്.ആർ.ന് ചെലവാക്കിയ തുകയുടെ വിവരങ്ങൾ.

എ) 2023-24 ധനകാര്യവർഷം ചെലവാക്കിയ ആകെ തുക - ഇല്ല

ബി) 2024 കലണ്ടർ വർഷത്തിൽ 18.08 ലക്ഷം രൂപം ചെലവഴിച്ചതിന് ശേഷം, എസ്.ബി.ഐയിൽ നിക്ഷേപിച്ചിട്ടുള്ള ചെലവഴിക്കാത്ത സി.എസ്.ആർ തുക 27.96 ലക്ഷം രൂപയാണ്.

സി) സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച തുക താഴെ വിശദമാക്കിയിരിക്കുന്നു.

2013 ലെ കമ്പനി നിയമം സെക്ഷൻ 135-ലെ വ്യവസ്ഥകൾ കമ്പനിക്ക് ബാധകമാണ്. 2023-24 കാലയളവിൽ സംഘടിത സാമൂഹിക ഉത്തരവാദിത്വ (സി.എസ്.ആർ)ത്തിനായി കമ്പനി 20.29 ലക്ഷം രൂപയുടെ ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചെലവഴിക്കാത്ത സി.എസ്.ആർ തുകയായ 27.96 ലക്ഷം രൂപ എസ്.ബി.ഐയുടെ തിരുവനന്തപുരം കൊമേഷ്യൽ ബ്രാഞ്ചിൽ നിക്ഷേപിച്ചിരിക്കുകയാണ്.

6. ചെലവഴിക്കാത്ത തുക എന്തെങ്കിലും ഉണ്ടെങ്കിൽ

വരും വർഷങ്ങളിൽ പലിശ സഹിതം ചെലവഴിക്കപ്പെടുന്ന ആകെ ചെലവഴിക്കാത്ത തുക 27.96 ലക്ഷം രൂപയാണ്.

7. സി.എസ്.ആർ കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം

കമ്പനിയുടെ ലക്ഷ്യങ്ങൾക്കും സി.എസ്.ആർ. നയങ്ങൾക്കും അനുസൃതമായി സി.എസ്.ആർ. പ്രവർത്തനങ്ങളെല്ലാം ശരിയായ രീതിയിൽ നടപ്പാക്കുകയും നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്ന് കമ്മിറ്റി ബോധ്യപ്പെടുത്തുന്നു.

സി.എസ്.ആർ കമ്മിറ്റിക്കു വേണ്ടി

ഒപ്പ്/-
**ശ്രീ പ്രേമൻ ദിനരാജ് ഐ.എ.&എ.എസ് (റിട്ട.)**
ചെയർമാൻ

സ്ഥലം : തിരുവനന്തപുരം

# ഫോറം നമ്പർ എം.ജി.ടി -9
# വാർഷിക റിട്ടേണിന്റെ സംക്ഷിപ്തം

**31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ**

**[കമ്പനി നിയമം 2013 ലെ 92 (3) വകുപ്പിനൊപ്പം കമ്പനി (മാനേജ്മെന്റും അഡ്മിനിസ്ട്രേഷനും) ചട്ടങ്ങൾ 2014 ലെ ചട്ടം 12(1)-നും അനുസൃതമായത്]**

## 1. രജിസ്ട്രേഷനും മറ്റു വിവരങ്ങളും

| | | |
|---|---|---|
| 1 | സി.ഐ.എൻ | യു65910കെ.എൽ1998എസ്ജിസി012160 |
| 2 | രജിസ്ട്രേഷൻ തീയതി | 20.03.1998 |
| 3 | കമ്പനിയുടെ പേര് | കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം |
| 4 | കമ്പനിയുടെ വിഭാഗം/ ഉപ വിഭാഗം | ഓഹരികളോടു കൂടിയ ലിമിറ്റഡ് കമ്പനി<br>പൊതുവായ കമ്പനി |
| 5 | രജിസ്റ്റേർഡ് ഓഫീസ് വിലാസവും ബന്ധപ്പെടേണ്ട വിവരങ്ങളും | കെ.പി.എഫ്.സി ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം, കേരള 695 010 |
| 6 | ലിസ്റ്റഡ് കമ്പനിയാണോ | അല്ല |
| 7 | രജിസ്ട്രാർ, ട്രാൻസ്ഫർ ഏജന്റ് എന്നിവർ ഉണ്ടെങ്കിൽ അവരുടെ പേര്, വിലാസം, മറ്റു വിവരങ്ങൾ | ബാധകമല്ല |

## 2. കമ്പനിയുടെ മുഖ്യ പ്രവർത്തനങ്ങൾ
**(ആകെ പ്രതിശീർഷ വരുമാനത്തിന്റെ പത്തു ശതമാനത്തേക്കാൾ കൂടുതൽ വരുന്ന എല്ലാ വ്യാപാര പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്.)**

| ക്രമ നമ്പർ | പ്രധാന ഉത്പന്നം/ സർവ്വീസിന്റെ പേരും വിവരണവും | ഉത്പന്നം/ സർവ്വീസിന്റെ എൻ. ഐ.സി | കമ്പനിയുടെ ആകെ വരുമാനത്തിന്റെ ശതമാനം |
|---|---|---|---|
| 1 | പ്രവർത്തന മൂലധനം നൽകുക | കെ 8 | 100% |

## 3. ഹോൾഡിംഗ്, സബ്സിഡിയറി, അസ്സോസിയേറ്റ് കമ്പനികളുടെ വിവരണങ്ങൾ

| ക്രമ നമ്പർ | കമ്പനിയുടെ പേരും വിലാസവും | സി.ഐ.എൻ ജി.എൽ.എൻ | ഹോൾഡിംഗ്/ സബ്സിഡയറി/ അസ്സോസ്സിയേറ്റ് | കൈവശമുള്ള ഷെയറിന്റെ ശതമാനം | ബാധകമായ വകുപ്പ് |
|---|---|---|---|---|---|
| 1 | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല |

**4. ഓഹരി കൈവശാവകാശ മാതൃക (ആകെ ഇക്വിറ്റിയുടെ ശതമാനം അടിസ്ഥാനമാക്കിയുള്ള ഇക്വിറ്റി മൂലധന ഓഹരിയുടെ വിഭജനം)**

| ഓഹരിക്കാരന്റെ വിഭാഗം | വർഷാരംഭത്തിൽ കൈവശമുള്ള ഓഹരികളുടെ എണ്ണം (01.04.2023 പ്രകാരം) | | | | വർഷാവസാനം കൈവശമുള്ള ഓഹരികളുടെ എണ്ണം (31.03.2024 പ്രകാരം) | | | | തൻ വർഷത്തെ വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|
| | ഡീമാറ്റ് | ഫിസിക്കൽ | ആകെ ഓഹരി | ആകെ ഓഹരികളുടെ ശതമാനം | ഡീ മാറ്റ് | ഫിസിക്കൽ | ആകെ ഓഹരി | ആകെ ഓഹരികളുടെ ശതമാനം | |
| എ. സ്ഥാപകർ | | | | | | | | | |
| (1) ഇൻഡ്യൻ | | | | | | | | | |
| (എ) വ്യക്തിഗതം/ എച്ച്.യു.എഫ് | | | | 0.00% | | | | 0.00% | 0.00% |
| (ബി) കേന്ദ്ര സർക്കാർ | | | | 0.00% | | | | 0.00% | 0.00% |
| (സി) സംസ്ഥാന സർക്കാർ/ സർക്കാരുകൾ | | 15830560 | 15830560 | 59.4% | | 15830560 | 15830560 | 59.4% | 0.00% |
| (ഡി) ബോഡീസ് കോർപ്പറേറ്റ് സ്ഥാപനങ്ങൾ | | 10819510 | 10819510 | 40.6% | | 10819510 | 10819510 | 40.6% | 0.00% |
| (ഇ) ബാങ്കുകൾ/ എഫ്.ഐ | | | | 0.00% | | | | 0.00% | 0.00% |
| (എഫ്) മറ്റുള്ളവ | | | | 0.00% | | | | 0.00% | 0.00% |
| **ഭാഗിക തുക (എ) (1)** | | **26650070** | **2665070** | **100%** | | **26650070** | **26650070** | **100%** | **0.00%** |
| (2) വിദേശം | | | | | | | | | |
| (എ) എൻആർ.ഐ വ്യക്തികൾ | | | | 0.00% | | | | 0.00% | 0.00% |
| (ബി) മറ്റു വ്യക്തികൾ | | | | 0.00% | | | | 0.00% | 0.00% |
| (സി) കോർപ്പറേറ്റ് സ്ഥാപനങ്ങൾ | | | | 0.00% | | | | 0.00% | 0.00% |
| (ഡി) മറ്റുള്ളവ | | | | 0.00% | | | | 0.00% | 0.00% |
| **ഭാഗിക തുക (എ) (2)** | | | | **0.00%** | | | | **0.00%** | **0.00%** |
| **ആകെ (എ)** | | | | **0.00%** | | | | **0.00%** | **0.00%** |
| ബി.പബ്ലിക് ഷെയർ ഹോൾഡിംഗ് | | | | | | | | | |
| 1. സ്ഥാപനങ്ങൾ മ്യൂച്ചൽ ഫണ്ടുകൾ | | | | 0.00% | | | | 0.00% | 0.00% |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ബി) ബാങ്കുകൾ/ എഫ്.ഐ | | | | 0.00% | | | | 0.00% | 0.00% |
| സി) കേന്ദ്ര സർക്കാർ | | | | 0.00% | | | | 0.00% | 0.00% |
| ഡി) സംസ്ഥാന സർക്കാർ/ സർക്കാരുകൾ | | | | 0.00% | | | | 0.00% | 0.00% |
| ഇ) വെഞ്ചർ കാപ്പിറ്റൽ ഫണ്ടുകൾ | | | | 0.00% | | | | 0.00% | 0.00% |
| എഫ്) ഇൻഷ്വറൻസ് കമ്പനികൾ | | | | 0.00% | | | | 0.00% | 0.00% |
| ജി) എഫ് ഐ ഐകൾ | | | | 0.00% | | | | 0.00% | 0.00% |
| എച്ച്) വിദേശ കാപ്പിറ്റൽ ഫണ്ടുകൾ | | | | 0.00% | | | | 0.00% | 0.00% |
| ഐ) മറ്റുള്ളവ (ഏറ്റവും മുകളിലുള്ള 50 ഷെയർ ഹോൾഡർമാർ) | | | | 0.00% | | | | | 0.00% |
| **ഭാഗിക- തുക (ബി) (1)** | | | | | | | | | |
| **2. സ്ഥാപനങ്ങൾ അല്ലാത്തവ** | | | | | | | | | |
| എ) ബോഡി കോർപ്പറേറ്റുകൾ | | | | | | | | | |
| 1) ഇൻഡ്യൻ | | | | 0.00% | | | | 0.00% | 0.00% |
| 2) വിദേശം | | | | 0.00% | | | | 0.00% | 0.00% |
| ബി) വ്യക്തികൾ | | | | | | | | | |
| (1) ഒരു ലക്ഷം രൂപ വരെ നോമിനൽ കാപ്പിറ്റൽ ഷെയർ ഉള്ള വ്യക്തികളായ ഷെയർ ഹോൾഡർമാർ | | | | 0.00% | | | | 0.00% | 0.00% |
| 2) ഒരു ലക്ഷത്തിൽ കവിഞ്ഞ നോമിനൽ ഷെയർ കാപ്പിറ്റൽ ഉള്ള വ്യക്തികളായ ഷെയർ ഹോൾഡർമാർ | | | | 0.00% | | | | 0.00% | 0.00% |
| സി) മറ്റുള്ളവർ (പ്രത്യേകം നിർദ്ദേശിക്കുക) | | | | | | | | | |
| എൻ.ആർ.ഐ | | | | 0.00% | | | | 0.00% | 0.00% |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| വിദേശ കോർപ്പറേറ്റ് സ്ഥാപനങ്ങൾ | | | | 0.00% | | | | 0.00% | 0.00% |
| വിദേശ പൗരന്മാർ | | | | 0.00% | | | | 0.00% | 0.00% |
| ക്ലിയറിംഗ് അംഗങ്ങൾ | | | | 0.00% | | | | 0.00% | 0.00% |
| ട്രസ്റ്റുകൾ | | | | 0.00% | | | | 0.00% | 0.00% |
| വിദേശബോഡികൾ ഡി.ആർ. | | | | 0.00% | | | | 0.00% | 0.00% |
| **ഭാഗിക തുക (ബി) (2)** | | | | **0.00%** | | | | **0.00%** | **0.00%** |
| **ആകെ പബ്ലിക് (ബി)** | | | | **0.00%** | | | | **0.00%** | **0.00%** |
| **(സി) ജിഡിആർ & എഡിആർ-നു വേണ്ടി ഷെയർ കൈവശം വച്ചിരിക്കുന്നവർ** | | | | **0.00%** | | | | **0.00%** | **0.00%** |
| **ആകെ (എ+ബി+സി)** | | **26650070** | **26650070** | **100.00%** | | **26650070** | **26650070** | **100%** | **0.00%** |

## (ii) സ്ഥാപകരുടെ കൈവശമുള്ള ഓഹരികൾ

| ക്രമ നമ്പർ | ഓഹരിക്കാരന്റെ പേര് | വർഷാരംഭത്തിൽ കൈവശ മുള്ള ഓഹരികൾ | | | വർഷാവസാനം കൈവശമുള്ള ഓഹരികൾ | | | |
|---|---|---|---|---|---|---|---|---|
| | | ആകെ ഓഹരികൾ | കമ്പനിയുടെ ആകെ ഓഹരികളുടെ ശതമാനം | ആകെ ഓഹരികളിൽ പണയപ്പെടുത്തുകയോ ബാധ്യതപ്പെടുത്തുകയോ ആയ ഓഹരികളുടെ ശതമാനം | ആകെ ഓഹരികൾ | കമ്പനിയുടെ ആകെ ഓഹരികളുടെ ശതമാനം | ആകെ ഓഹരികളിൽ പണയപ്പെടുത്തുകയോ ബാധ്യതപ്പെടുത്തുകയോ ആയ ഓഹരികളുടെ ശതമാനം | തൻ വർഷത്തിൽ ഓഹരി കൈവശാവകാശത്തിൽ വന്നിട്ടുള്ള വ്യത്യാസം ശതമാനത്തിൽ |
| 1 | കേരള ഗവർണർ രാജ്ഭവൻ തിരുവനന്തപുരം (കേരള സർക്കാരിനു വേണ്ടി) | 15830560 | 59.4% | 0% | 15830560 | 59.4% | 0% | 0% |
| 2. | ചെയർമാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി ഭവനം പട്ടം (കെ.എസ്.ഇ.ബിക്കുവേണ്ടി) | 10819440 | 40.6% | 0% | 10819440 | 40.6% | 0% | 0% |
| 3. | ഡോ.ബി.അശോക്ഐഎഎസ് സെക്രട്ടറി ഊർജ്ജവകുപ്പ് കേരള സർക്കാർ | 10 | | 0% | 0 | | 0% | |
| 4. | ഡോ. രാജൻ.എൻ ഖൊബ്രഗഡെ ഐഎഎസ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ കെ.എസ്.ഇ,ബി.എൽ | 0 | | 0% | 10 | | 0% | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5. | ശ്രീ പ്രേമൻ ദിനരാജ്<br>(ഐ.എ & എ. എസ് (റിട്ട)<br>ചെയർമാൻ<br>കെ.എസ്.പി.ഐ.എഫ്.സി | 0 | | 0% | 10 | | 0% | |
| 6. | ശോഭ വി.ആർ<br>ധനകാര്യവകുപ്പ്<br>കേരള സർക്കാർ | 10 | | 0% | 10 | | 0% | |
| 7. | കെ.സി സഹദേവൻ<br>ചീഫ് ജനറൽ മാനേജർ<br>സംസ്ഥാന സഹകരണ<br>ബാങ്ക് | 10 | | 0% | 10 | | 0% | 0% |
| 8. | വി.ആർ.ഹരി ഐ.ആർ.എസ്<br>ഡയറക്ടർ ഫിനാൻസ്<br>കെ.എസ്.ഇ.ബി.എൽ<br>മാനേജിംഗ് ഡയറക്ടർ<br>കെ.എസ്.പി.ഐ.എഫ്.സി | 10 | | 0% | 10 | | 0% | |
| 9. | സിജി ജോസ്<br>ഡയറക്ടർ<br>(ട്രാൻസ്മിഷൻ &<br>സിസ്റ്റം ഓപ്പറേഷൻ)<br>കെ.എസ്.ഇ.ബി.എൽ | 20 | | 0% | 20 | | 0% | |
| 10. | ശ്രീ. ബിജു. ആർ.<br>എം.ഡി.കെ.എസ്.പി.ഐ.എഫ്.സി<br>ഡയറക്ടർ ഫിനാൻസ്<br>കെ.എസ്.ഇ.ബി. ലിമിറ്റഡ് | 0 | | 0% | 10 | | 0% | |
| 11. | സജി പൗലോസ്<br>ട്രാൻസ് മിഷൻ,<br>സിസ്റ്റം ഓപ്പറേഷൻ,<br>കെ.എസ്.ഇ.ബി. ലിമിറ്റഡ് | 0 | | 0% | 10 | | 0% | 0% |

**(iii) സ്ഥാപകരുടെ ഓഹരി കൈവശാവകാശത്തിലുള്ള വ്യത്യാസം (വ്യത്യാസം ഉണ്ടെങ്കിൽ അത് ദയവായി രേഖപ്പെടുത്തുക)**

**വ്യത്യാസമില്ല**

**(iv) ഉയർന്ന പത്ത് ഓഹരികളുടെ ഓഹരി കൈവശാവകാശ മാതൃക (ഡയറക്ടറന്മാർ, സ്ഥാപകർ, ജിഡിആർ, എഡിആർ കൈവശമുള്ളവർ, എന്നിവർ ഒഴികെ)**

**ബാധകമല്ല**

**(v) ഡയറക്ടറന്മാരുടെയും മാനേജ്മെന്റിന്റെയും ഉന്നത സ്ഥാനത്തിരിക്കുന്നവരുടെയും ഓഹരി കൈവശാവകാശനില.**

| ക്രമ നമ്പർ | ഡയറക്ടറന്മാരുടെയും മാനേജ്മെന്റിന്റെ ഓരോ ഉന്നതസ്ഥാനീയരുടെയും ഓഹരി കൈവശാവകാശ നില | തീയതി | കാരണം | വർഷാരംഭത്തിലെ ഓഹരി കൈവശമുള്ള നില | | തൻ വർഷത്തെ സഞ്ചയിച്ച കൈവശ ഓഹരി | |
|---|---|---|---|---|---|---|---|
| | | | | ഓഹരികളുടെ എണ്ണം | ആകെ ഓഹരികളുടെ ശതമാനം | ഓഹരികളുടെ എണ്ണം | ആകെ ഓഹരികളുടെ ശതമാനം |
| 1 | ഡോ. ബി. അശോക് ഐഎഎസ് | | | | | | |
| | വർഷാരംഭത്തിൽ | 01.04.2023 | | 10 | | 10 | |
| | തൻവർഷത്തെ മാറ്റങ്ങൾ | 23.05.2023 | | (10) | | (10) | |
| | വർഷാവസാനത്തിൽ | 31.03.2024 | | 0 | | 0 | |
| 2 | ഡോ. രാജൻ ഘൊബ്രഗഡേ ഐ എ എസ് | | | | | | |
| | വർഷാരംഭത്തിൽ | 01.04.2023 | | 0 | | 0 | |
| | തൻവർഷത്തെ മാറ്റങ്ങൾ | 23.05.2023 | | 10 | | 10 | |
| | വർഷാവസാനത്തിൽ | 31.03.2024 | | 10 | | 10 | |
| 3 | ശ്രീ. വി.ആർ ഹരി ഐ.ആർ.എസ് | | | | | | |
| | വർഷാരംഭത്തിൽ | 01.04.2023 | | 10 | | 10 | |
| | തൻവർഷത്തെ മാറ്റങ്ങൾ | 17.06.2023 | | (10) | | (10) | |
| | വർഷാവസാനത്തിൽ | 31.03.2024 | | 0 | | 0 | |
| 4 | ഡോ. ആനന്ദ് എസ്.ആർ | | | | | | |
| | വർഷാരംഭത്തിൽ | 01.04.2023 | | 0 | | 0 | |
| | തൻവർഷത്തെ മാറ്റങ്ങൾ | 17.06.2023<br>19.09.2023 | | 10<br>(10) | | 10<br>(10) | |
| | വർഷാവസാനത്തിൽ | 31.03.2024 | | 0 | | 0 | |
| 5 | ശ്രീ. ബിജു. ആർ | | | | | | |
| | വർഷാരംഭത്തിൽ | 01.04.2023 | | 0 | | 0 | |
| | തൻവർഷത്തെ മാറ്റങ്ങൾ | 17.06.2023<br>19.09.2023 | | 10<br>10 | | 10<br>10 | |
| | വർഷാവസാനത്തിൽ | 31.03.2024 | | 20 | | 20 | |
| 6 | ശ്രീ. സിജി ജോസ് | | | | | | |
| | വർഷാരംഭത്തിൽ | 01.04.2023 | | 20 | | 20 | |
| | തൻവർഷത്തെ മാറ്റങ്ങൾ | 17.06.2023<br>19.09.2023 | | (10)<br>(10) | | (10)<br>(10) | |
| | വർഷാവസാനത്തിൽ | 31.03.2024 | | 0 | | 0 | |
| 7 | ശ്രീ. സജി പൗലോസ് | | | | | | |
| | വർഷാരംഭത്തിൽ | 01.04.2023 | | 0 | | 0 | |
| | തൻവർഷത്തെ മാറ്റങ്ങൾ | 19.09.2023 | | 10 | | 10 | |
| | വർഷാവസാനത്തിൽ | 31.03.2024 | | 10 | | 10 | |

## (VI) കമ്പനിയുടെ ഋണബാധ്യത- പലിശയുൾപ്പെടെ

| വിവരണങ്ങൾ | നിക്ഷേപങ്ങൾ കൂടാതെയുള്ള ഭദ്രത യുള്ള വായ്പകൾ | ഭദ്രതയില്ലാത്ത വായ്പകൾ | നിക്ഷേപങ്ങൾ | ആകെ ബാധ്യത |
|---|---|---|---|---|
| **സാമ്പത്തിക വർഷാരംഭത്തിലെ ബാധ്യത** | | | | |
| 1) മുതൽ | 0 | | | - |
| 2)അടയ്ക്കാൻ ബാധ്യത യുള്ളതും എന്നാൽ അടച്ചിട്ടില്ലാത്ത തുമായ പലിശ | | | | - |
| 3)സമയമാകുന്ന മുറയ്ക്ക് അടയ്ക്കേണ്ടതായിട്ടുള്ള പലിശ | | | | |
| **ആകെ (1+2+3)** | **0** | **-** | **-** | **-** |
| **സാമ്പത്തിക വർഷത്തിൽ ബാധ്യതയ്ക്കുണ്ടായ മാറ്റങ്ങൾ** | | | | |
| * വർദ്ധനവ് | | - | | |
| * കുറവ് | 0 | | | - |
| ആകെ വ്യത്യാസം | 0 | - | - | - |
| **സാമ്പത്തിക വർഷാവസാനത്തിലെ ബാധ്യത** | | | | |
| 1) ബാധ്യത തുക | 0 | | | - |
| 2) അടയ്ക്കാൻ ബാധ്യത യുള്ളതും എന്നാൽ അടച്ചിട്ടില്ലാത്ത തുമായ പലിശ | | | | - |
| 3) സമയമാകുന്ന മുറയ്ക്ക് അടയ്ക്കേണ്ടതായിട്ടുള്ള പലിശ | | | | - |
| ആകെ (1+2+3) | 0 | - | - | - |

## (VII) ഡയറക്ടറന്മാരുടെയും മാനേജ്മെന്റിലെ കേന്ദ്ര സ്ഥാനീയരായവരുടെയും പ്രതിഫലം- ഇല്ല

## എ. മാനേജിംഗ് ഡയറക്ടർ/ മുഴുവൻ സമയ ഡയറക്ടർ (WTD)/ മാനേജരുടെ പ്രതിഫലം

| ക്രമ നമ്പർ | പ്രതിഫലത്തിന്റെ വിവരങ്ങൾ | എംഡി/WTD/ മാനേജറുടെ പേര് | | ആകെ തുക |
|---|---|---|---|---|
| 1 | ആകെ ശമ്പളം | | | |
| | (എ) ആദായനികുതി നിയമം 1961 ലെ വകുപ്പ് 17(1) ലെ നിർദ്ദേശങ്ങൾക്കനു സൃതമായ ശമ്പളം | | | - |
| | (ബി) ആദായനികുതി നിയമം 1961 ലെ വകുപ്പ് 17(2) ലെ നിർദ്ദേശങ്ങൾക്കനു സരിച്ചുള്ള അധിക വരവ് | | | - |

| | | | | |
|---|---|---|---|---|
| | (സി) ആദായനികുതി നിയമം 1961 ലെ വകുപ്പ് 17(3) ലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ശമ്പളത്തിനു പകരം ലഭിക്കാവുന്ന ലാഭവിഹിതം | | | - |
| 2. | ഇഷ്ടാനുസരണമുള്ള ഓഹരികൾ | | | - |
| 3. | സ്വെറ്റ് ഇക്വിറ്റി | | | - |
| 4. | കമ്മിഷൻ<br>- ലാഭശതമാനത്തിന്മേൽ<br>- മറ്റുള്ളവ, രേഖപ്പെടുത്തുക | | | -<br>-<br>- |
| 5. | മറ്റുള്ളവ, ദയവു ചെയ്ത് വിശദമാക്കുക | | | - |
| | ആകെ (എ) | - | - | - |
| | നിയമപ്രകാരമുള്ള പരിധി | | | - |

## ബി. മറ്റ് ഡയറക്ടറന്മാരുടെ പ്രതിഫലം: ഇല്ല

| ക്രമ നമ്പർ | പ്രതിഫലത്തിന്റെ വിവരങ്ങൾ | ഡയറക്ടറന്മാരുടെ പേര് | | ആകെ തുക |
|---|---|---|---|---|
| 1 | സ്വതന്ത്ര ഡയറക്ടറന്മാർ | | | |
| | ബോർഡ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഫീസ് | | | - |
| | കമ്മീഷൻ | | | - |
| | മറ്റുള്ളവ, വിശദമാക്കുക | | | - |
| | ആകെ (1) | | | - |
| 2. | മറ്റ് എക്സിക്യൂട്ടീവ് അല്ലാത്ത ഡയറക്ടറന്മാർ | | | - |
| | ബോർഡ് കമ്മിറ്റി അംഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ഫീസ് | | | |
| | കമ്മീഷൻ | | | - |
| | മറ്റുള്ളവ, വിശദമാക്കുക | | | - |
| | ആകെ (2) | - | - | - |
| | ആകെ (ബി) = (1+2) | | - | - |
| | മാനേജ്മെന്റുമായി ബന്ധപ്പെട്ടവരുടെ ആകെ പ്രതിഫലം | | | - |
| | നിയമപ്രകാരമുള്ള ആകെ പരിധി | | | |

**സി.എംഡി/മാനേജർ/WTD ഒഴികെയുള്ള മറ്റു കേന്ദ്രസ്ഥാനീയരായ മാനേജ്മെന്റ് അധികാരികളുടെ പ്രതിഫലം**

| ക്രമ നമ്പർ | പ്രതിഫലത്തിന്റെ വിവരങ്ങൾ | കേന്ദ്രസ്ഥാനീയരായ മാനേജ്മെന്റ് അധികാരികളുടെ പേര് | | | ആകെ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|---|---|
| | ഔദ്യോഗിക നാമം | സി.ഇ.ഒ | സി.എഫ്.ഒ | സി.എസ് | |
| | ആകെ ശമ്പളം | | 12,66,156 | 9,60,000 | 22,26,156 |
| 1 | (എ) ആദായനികുതി നിയമം 1961 ലെ വകുപ്പ് 17(1) ലെ നിർദ്ദേശങ്ങൾക്കനുസൃതമായ ശമ്പളം | | | | - |
| | (ബി) ആദായനികുതി നിയമം 1961 ലെ വകുപ്പ് 17(2) ലെ നിർദ്ദേശങ്ങൾക്കനുസൃതമായ അധിക വരവ് | | | | - |
| | (സി) ആദായനികുതി നിയമം 1961 ലെ വകുപ്പ് 17(3) ലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ശമ്പളത്തിനു പകരം ലഭിക്കാവുന്ന ലാഭവിഹിതം | | | | - |
| 2. | ഇഷ്ടാനുസരണമുള്ള ഓഹരികൾ | | | | - |
| 3. | സ്വെറ്റ് ഇക്വിറ്റി | | | | - |
| 4. | കമ്മിഷൻ<br>- ലാഭശതമാനത്തിന്മേൽ<br>- മറ്റുള്ളവ, രേഖപ്പെടുത്തുക | | | | - |
| 5. | മറ്റുള്ളവ, ദയവു ചെയ്ത് വിശദമാക്കുക | | | | - |
| | ആകെ | - | 12,66,156 | 9,60,000 | 22,26,156 |

**(vii) പിഴ /ശിക്ഷ/ മറ്റു നിയമലംഘനങ്ങൾ- ഇല്ല**

| ഇനം | കമ്പനി നിയമത്തിലെ വകുപ്പ് | ലംഘു വിവരണം | പിഴ/ശിക്ഷ സംയുക്തമായി ചുമത്തിയ തുക | അധികാരി (ആർ.ഡി/ എൻ.സി.എൽ.ടി/ കോടതി | എന്തെങ്കിലും അപ്പീൽ നൽകിയിട്ടുണ്ടോ (വിവരങ്ങൾ നൽകുക) |
|---|---|---|---|---|---|
| എ. കമ്പനി | | | | | |
| പിഴ | | | | | |
| ശിക്ഷ | | | | | |
| സംയുക്തമായുള്ളവ | | | | | |
| ബി. ഡയറക്ടറന്മാർ | | | | | |
| പിഴ | | | | | |
| ശിക്ഷ | | | | | |
| സംയുക്തമായുള്ളവ | | | | | |
| സി. വീഴ്ച വരുത്തിയ മറ്റ് ഉദ്യോഗസ്ഥർ | | | | | |
| പിഴ | | | | | |
| ശിക്ഷ | | | | | |
| സംയുക്തമായുള്ളവ | | | | | |

ഒപ്പ്/-

**ശ്രീ പ്രേമൻ ദിനരാജ് ഐ.എ.&എ.എസ്(റിട്ട.)**

ചെയർമാൻ

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

**കെ.പി.എഫ്.സി ഭവനം, വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം - 695 010**

## 2024 മാർച്ച് 31-ാം തീയതിയിലെ ബാലൻസ് ഷീറ്റ്

(ഓഹരി വിവരങ്ങളും മറ്റും പ്രത്യേകം പ്രസ്താവിച്ചിട്ടില്ലെങ്കിൽ തുകയെല്ലാം ഇൻഡ്യൻ രൂപയിൽ (ലക്ഷത്തിൽ) കൊടുത്തിരിക്കുന്നു.)

| | കുറിപ്പ് | മാർച്ച് 31,2024 പ്രകാരം | മാർച്ച് 31,2023 പ്രകാരം |
|---|---|---|---|
| **ആസ്തി** | | | |
| **ധനപരമായ സ്വത്തുക്കൾ** | | | |
| പണവും അവയ്ക്കു തുല്യായമായവയും | 1 | 1,023.43 | 791.61 |
| വായ്പകൾ | 2 | 10,041.33 | 10,011.01 |
| മറ്റു സാമ്പത്തിക ആസ്തികൾ | 3 | 204.91 | 351.07 |
| **ആകെ** | | **11,269.67** | **11,153.69** |
| **ധനപരമല്ലാത്ത സ്വത്തുക്കൾ** | | | |
| വസ്തുവകകളും യന്ത്രസാമഗ്രികളും | | | |
| i. പ്രത്യക്ഷമായ സ്വത്തുക്കൾ | 4.1 | 131.16 | 137.03 |
| ii. പരോക്ഷമായ സ്വത്തുക്കൾ | 4.2 | 0.01 | 0.03 |
| iii. പരോക്ഷമായ സ്വത്തുക്കൾ (WIP) | 4.3 | 6.98 | 6.98 |
| മറ്റ് ധനപരമല്ലാത്ത സ്വത്തുക്കൾ | 5 | 161.74 | 273.92 |
| **ആകെ** | | **299.89** | **417.96** |
| **ആകെ ആസ്തി** | | **11,569.56** | **11,571.65** |
| **മൂലധനവും ബാധ്യതകളും** | | | |
| **ബാധ്യതകൾ** | | | |
| **ധനപരമായ ബാധ്യതകൾ** | | | |
| കടം വാങ്ങിയിട്ടുള്ളവ | | 0.00 | - |
| മറ്റു ധനപരമായ ബാധ്യതകൾ | 6 | 7.49 | 49.33 |
| **ആകെ** | | **7.49** | **49.33** |
| **ബാധ്യതകൾ** | | | |
| **ധനപരമല്ലാത്ത ബാധ്യതകൾ** | | | |
| വ്യവസ്ഥകൾ | 7 | 1,671.51 | 488.45 |
| മാറ്റി വയ്ക്കപ്പെട്ട നികുതി ബാധ്യതകൾ (അസ്സൽ) | 8 | 13.37 | 13.10 |
| മറ്റു ധനപരമല്ലാത്ത ബാധ്യതകൾ | 9 | 44.84 | 50.75 |
| **ആകെ** | | **1,729.73** | **552.30** |
| മൂലധനം | | | |
| സമത ഓഹരി മൂലധനം | 10 | 2,665.01 | 2,665.01 |
| മറ്റു ഓഹരി | 11 | 7,167.34 | 8,305.01 |
| **ആകെ** | | **9,832.34** | **10,970.02** |
| **ആകെ ബാധ്യതകളും ഓഹരികളും** | | **11,569.56** | **11,571.65** |

**പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ** I

മേൽ സൂചിപ്പിച്ചിട്ടുള്ള കുറിപ്പുകൾ ധനകാര്യ വിവരണത്തിന്റെ അവിഭാജ്യഘടകമാണ്.

ഇതിനോട് ചേർത്തിരിക്കുന്ന പ്രസ്തുത തീയതിയിലെ ഞങ്ങളുടെ റിപ്പോർട്ട് പ്രകാരം

**ശേഖർ & ജയന്തി**

ചാർട്ടേഡ് അക്കൗണ്ടന്റ്സിനു വേണ്ടി
സ്ഥാപന രജിസ്ട്രേഷൻ നമ്പർ: 005637S

ഒപ്പ്/-
**സിഎ. ശ്രീറാം ശേഖർ**
പാർട്ട്നർ (എം. നമ്പർ 246901)
യുഡിൻ: 24246901BKAUZR6641

**ഡയറക്ടർ ബോർഡിന് വേണ്ടി**

**കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം**

സിഐഎൻ U65910KL1998SGC012160

ഒപ്പ്/-
**ബിജു.ആർ.**
മാനേജിംഗ് ഡയറക്ടർ
ഡിൻ: 10048014

ഒപ്പ്/-
**പ്രേമൻ ദിനരാജ് ഐ.എ&എ.എസ്** (റിട്ട.)
ചെയർമാൻ
ഡിൻ: 05190963

ഒപ്പ്/-
**വിജു എ**
ചീഫ് ഫിനാൻഷ്യൽ ഓഫീസർ

ഒപ്പ്/-
**എസ്. എസ്. താണു**
കമ്പനി സെക്രട്ടറി
മെമ്പർഷിപ്പ് നമ്പർ: എഫ് 7351

സ്ഥലം : തിരുവനന്തപുരം
തീയതി: 23.09.2024

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

## കെ.പി.എഫ്.സി ഭവനം, വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം - 695 010

## 2024 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തെ ലാഭ നഷ്ടക്കണക്ക്

(ഓഹരി വിവരങ്ങളും മറ്റും പ്രത്യേകം പ്രസ്താവിച്ചിട്ടില്ലെങ്കിൽ തുകയെല്ലാം ഇൻഡ്യൻ രൂപയിൽ (ലക്ഷത്തിൽ) കൊടുത്തിരിക്കുന്നു.)

| വിവരങ്ങൾ | കുറിപ്പ് നമ്പർ | 2024 മാർച്ച് 31 ലെ തുകകൾ | 2023 മാർച്ച് 31 ലെ തുകകൾ |
|---|---|---|---|
| പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | | | |
| പലിശയിനത്തിലുള്ള വരുമാനം | 12 | 312.61 | 1097.21 |
| വാടകയിനത്തിലുള്ള വരുമാനം | 13 | 5.40 | 5.40 |
| മറ്റു വരുമാനങ്ങൾ | 14 | 52.44 | 48.23 |
| **ആകെ വരുമാനം (എ)** | | **370.45** | **1150.83** |
| **ചെലവുകൾ** | | | |
| ധനകാര്യ ചെലവുകൾ | 15 | 0.00 | 0.00 |
| ജീവനക്കാരുടെ ആവശ്യങ്ങൾക്കുള്ള ചെലവുകൾ | 16 | 37.76 | 51.09 |
| മൂല്യശോഷണവും പുനരുദ്ധാരണ ചെലവുകളും | 17 | 5.66 | 5.98 |
| മറ്റു ചെലവുകൾ | 18 | 17.71 | 34.67 |
| വായ്പാ ആസ്തികൾക്കായുള്ള വ്യവസ്ഥ | 19 | 1323.64 | 1.21 |
| സി.എസ്.ആർ.ചെലവുകൾ | 20 | 20.29 | 14.32 |
| **ആകെ ചെലവുകൾ (ബി)** | | **1405.06** | **107.28** |
| **അസാധാരണ കാര്യങ്ങൾക്കും നികുതികൾക്കും മുമ്പുള്ള ലാഭം (എ -ബി)** | | **( 1,034.61)** | **1,043.56** |
| അസാധാരണ കാര്യങ്ങൾ | | - | - |
| **തുടർച്ചയായ പ്രവർത്തനങ്ങളിൽ നികുതിക്കു മുമ്പുള്ള ലാഭം** | | **(1,034.61)** | **1,043.56** |
| ആദായ നികുതി ചെലവുകൾ | | | |
| 1. തൻവർഷത്തെ നികുതി | | 77.73 | 266.52 |
| 2. മുൻ വർഷത്തെ നികുതി | | (0.50) | 27.76 |
| 3. മാറ്റിവയ്ക്കപ്പെട്ട നികുതി ചെലവുകൾ | | 0.28 | (0.20) |
| **തുടർച്ചയായ പ്രവർത്തനങ്ങളിൽ നിന്നുള്ള ലാഭം** | | **(1,112.11)** | **749.48** |
| **മറ്റ് സമഗ്ര വരുമാനം** | | - | - |
| **തൻവർഷത്തെ ആകെ സമഗ്ര വരുമാനം** | | **(1,112.11)** | **749.48** |

**പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ** I

മേൽ സൂചിപ്പിച്ചിട്ടുള്ള കുറിപ്പുകൾ ധനകാര്യ വിവരണത്തിന്റെ അവിഭാജ്യഘടകമാണ്.

ഇതിനോട് ചേർത്തിരിക്കുന്ന പ്രസ്തുത തീയതിയിലെ ഞങ്ങളുടെ റിപ്പോർട്ട് പ്രകാരം

**ശേഖർ & ജയന്തി**

ചാർട്ടേഡ് അക്കൗണ്ടന്റ്സിനു വേണ്ടി
സ്ഥാപന രജിസ്ട്രേഷൻ നമ്പർ: 005637S

ഒപ്പ്/-
**സി.എ. ശ്രീറാം ശേഖർ**
പാർട്ണർ (എം. നമ്പർ 246901)

യുഡിൻ: 24246901BKAUZR6641

സ്ഥലം : തിരുവനന്തപുരം
തീയതി: 23.09.2024

**ഡയറക്ടർ ബോർഡിന് വേണ്ടി**

**കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം**

സിഐഎൻ U65910KL1998SGC012160

ഒപ്പ്/-
**ബിജു ആർ**
മാനേജിംഗ് ഡയറക്ടർ
ഡിൻ: 10048014

ഒപ്പ്/-
**പ്രേമൻ ദിനരാജ് ഐ.എ&എ.എസ്** (റിട്ട.)
ചെയർമാൻ
ഡിൻ: 05190963

ഒപ്പ്/-
**വിജു എ**
ചീഫ് ഫിനാൻഷ്യൽ ഓഫീസർ

ഒപ്പ്/-
**എസ്. എസ്. താണു**
കമ്പനി സെക്രട്ടറി
മെമ്പർഷിപ്പ് നമ്പർ: എഫ് 7351

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

**കെ.പി.എഫ്.സി ഭവനം, വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം - 695 010**

## 2024 മാർച്ച് 31-ാം തീയതി അവസാനിച്ച സാമ്പത്തിക വർഷത്തെ ധന നിർഗമന വിതരണം

(ഓഹരി വിവരങ്ങളും മറ്റും പ്രത്യേകം പ്രസ്താവിച്ചിട്ടില്ലെങ്കിൽ തുകയെല്ലാം ഇൻഡ്യൻ രൂപയിൽ (ലക്ഷത്തിൽ) കൊടുത്തിരിക്കുന്നു.)

| കുറിപ്പ് | 2024 മാർച്ച് 31 ലെ തുകകൾ | 2023 മാർച്ച് 31 ലെ തുകകൾ |
|---|---|---|
| **പ്രവർത്തനങ്ങളിൽ നിന്നുള്ള ധന നിർഗമനം** | | |
| **നികുതിക്കു മുമ്പുള്ള ലാഭം** | **(1,034.61)** | **1043.56** |
| വർദ്ധനവ്/കുറവ് പ്രകാരമുള്ള ക്രമീകരണം: | | |
| മൂല്യശോഷണവും പുനരുദ്ധാരണ ചെലവുകളും | 5.66 | 5.98 |
| സംശയാസ്പദമായ ഋണബാധ്യതയ്ക്കുള്ള വ്യവസ്ഥ | 1323.64 | 1.21 |
| സി.എസ്.ആർ. ചെലവുകൾക്കുള്ള വ്യവസ്ഥ | 20.29 | - |
| സ്ഥിര ആസ്തികൾ നീക്കം ചെയ്ത വകയിലുള്ള (ലാഭം) / നഷ്ടം | (0.00) | (0.14) |
| പാട്ടവാടക അംഗീകരിച്ചത് ( ) | (5.40) | (5.40) |
| **പ്രവർത്തന മൂലധന വ്യതിയാനങ്ങൾക്ക് മുമ്പുള്ള പ്രവർത്തനലാഭം** | **309.58** | **1045.21** |
| **പ്രവർത്തന മൂലധന വ്യതിയാനങ്ങൾക്കുള്ള ക്രമീകരണങ്ങൾ** | | |
| ഹ്രസ്വകാല വായ്പകളിലും മുൻകൂറുകളിലും ഉള്ള(വർദ്ധനവ്)/കുറവ്-വ്യവസ്ഥ ഒഴികെ | (30.32) | (654.98) |
| നിലവിലെ മറ്റ് ധനകാര്യ ആസ്തികളുടെ (വർദ്ധനവ്) /കുറവ് | 146.16 | (345.60) |
| നിലവിലെ മറ്റ് ധനകാര്യേതര ആസ്തികളുടെ വർദ്ധനവ്/ (കുറവ്) | 112.17 | 30.94 |
| നിലവിലെ ധനകാര്യ ബാധ്യതകളുടെ വർദ്ധനവ്/ (കുറവ്) | (41.84) | 26.17 |
| നിലവിലെ ധനകാര്യേതര ബാധ്യതകളുടെ വർദ്ധനവ്/ (കുറവ്) | (0.50) | (1.62) |
| സംശയാസ്പദമായ ഋണബാധ്യത ഒഴികെ ഹ്രസ്വകാല വ്യവസ്ഥകളിലെ വർദ്ധനവ് / (കുറവ്) | - | - |
| ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കുള്ള വ്യവസ്ഥയ്ക്കുള്ള വർദ്ധനവ് / (കുറവ്) | 2.62 | 0.49 |
| പ്രത്യക്ഷ നികുതി അടച്ചത് | (266.27) | (304.33) |
| **പ്രവർത്തനങ്ങളിൽ നിന്നു ലഭിച്ച അസ്സൽ തുക (എ)** | **231.59** | **(203.71)** |
| **നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുള്ള അസ്സൽ ധന നിർഗമനം** | | |
| വസ്തുവകകൾ, യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ചെലവായത് | 0.00 | (3.74) |
| വസ്തുവകകൾ, യന്ത്രോപകരണങ്ങൾ എന്നിവ വിൽക്കുന്നതിന് ചെലവായത് | 0.23 | 0.42 |
| നിക്ഷേപങ്ങളിൽ നിന്നുള്ള വർദ്ധനവ്/കുറവ് - മറ്റുള്ളവ | (326.74) | 231.41 |
| **നിക്ഷേപപ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച ധനം (ബി)** | **(326.51)** | **228.10** |
| **ധനകാര്യപ്രവർത്തനങ്ങളിൽ നിന്നുണ്ടായ ധന നിർഗമനം** | | |
| ഹ്രസ്വകാല വായ്പകളുടെ (വർദ്ധനവ്/കുറവ് ) | 0.00 | - |
| **ധനവിനിയോഗത്തിന് ഉപയോഗിച്ച അസ്സൽ തുക (സി)** | **0.00** | **-** |
| **തുകയിലും തത്തുല്യമായവയിലും ഉണ്ടായ അസ്സൽ വർദ്ധനവ്/(കുറവ്) (എ+ബി+സി)** | **(94.92)** | **24.39** |
| വർഷാരംഭത്തിൽ ഉള്ള തുകയും സമാനമായവയും | 98.11 | 73.72 |
| **വർഷാവസാനത്തിലുള്ള തുകയും അവയ്ക്കു സമാനമായവയും** | **3.20** | **98.11** |

(ബാലൻസ് ഷീറ്റിലെ കുറിപ്പ് 1 - പണവും തത്തുല്യമായവയും നോക്കുക)

**പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ** I

മേൽ സൂചിപ്പിച്ചിട്ടുള്ള കുറിപ്പുകൾ ധനകാര്യ വിവരണത്തിന്റെ അവിഭാജ്യഘടകമാണ്.

ഇതിനോട് ചേർത്തിരിക്കുന്ന പ്രസ്തുത തീയതിയിലെ ഞങ്ങളുടെ റിപ്പോർട്ട് പ്രകാരം

**ശേഖർ & ജയന്തി**

ചാർട്ടേഡ് അക്കൗണ്ടന്റ്സിനു വേണ്ടി
സ്ഥാപന രജിസ്ട്രേഷൻ നമ്പർ: 005637S
ഒപ്പ്/-
**സിഎ. ശ്രീറാം ശേഖർ**
പാർട്നർ (എം. നമ്പർ 246901)

യുഡിൻ: 24246901BKAUZR6641

സ്ഥലം : തിരുവനന്തപുരം
തീയതി: 23.09.2024

**ഡയറക്ടർ ബോർഡിന് വേണ്ടി**

**കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം**

സിഐഎൻ U65910KL1998SGC012160

ഒപ്പ്/-
**ബിജു ആർ.**
മാനേജിംഗ് ഡയറക്ടർ
ഡിൻ: 10048014

ഒപ്പ്/-
**പ്രേമൻ ദിനരാജ് ഐ.എ&എ.എസ്** (റിട്ട.)
ചെയർമാൻ
ഡിൻ: 05190963

ഒപ്പ്/-
**വിജു എ**
ചീഫ് ഫിനാൻഷ്യൽ ഓഫീസർ

ഒപ്പ്/-
**എസ്. എസ്. താണു**
കമ്പനി സെക്രട്ടറി
മെമ്പർഷിപ്പ് നമ്പർ: എഫ് 7351

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

കെ.പി.എഫ്.സി ഭവനം, വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം – 695 010

## ധനകാര്യ വിവരണങ്ങൾക്കുള്ള കുറിപ്പ് (തുടർച്ച)

(ഓഹരി വിവരങ്ങളും മറ്റും പ്രത്യേകം പ്രസ്താവിച്ചിട്ടില്ലെങ്കിൽ തുകയെല്ലാം ഇൻഡ്യൻ രൂപയിൽ (ലക്ഷത്തിൽ) കൊടുത്തിരിക്കുന്നു.

## 2024 മാർച്ച് 31ന് അവസാനിക്കുന്ന വർഷത്തിലെ മൂലധന വ്യതിയാന വിവരണം

**എ. ഓഹരി മൂലധനം**

| റിപ്പോർട്ടിംഗ് കാലയളവിന്റെ തുടക്കത്തിലുള്ള മിച്ചം (അതായത് 2023 ഏപ്രിൽ 1) | 2023-24 കാലത്തെ ഓഹരി മൂലധനത്തിലെ വ്യത്യാസം | 2024 മാർച്ച് 31 ൽ അവസാനിക്കുന്ന റിപ്പോർട്ടിംഗ് കാലയളവിലെ മിച്ചം |
|---|---|---|
| 2,665.01 | - | 2,665.01 |

**ബി. മറ്റു മൂലധനങ്ങൾ**

| | അലോട്ട്മെന്റ് പരിഗണനയിലുള്ള ഓഹരി അപേക്ഷ തുക | കരുതൽ ധനവും അധികമുള്ളവയും | | | | | മറ്റു സമഗ്രമായ വരുമാനം | ആകെ |
|---|---|---|---|---|---|---|---|---|
| | | മൂലധനത്തിലുള്ള കരുതൽ ധനം | ജാമ്യത്തിന്റെ പ്രീമിയം | പ്രത്യേക കരുതൽ ധനം | പൊതുവായ കരുതൽ ധനം | നിലനിർത്തിയിട്ടുള്ള വരുമാനം | | |
| **2023 ഏപ്രിൽ 1, ന് ആരംഭിക്കുന്ന റിപ്പോർട്ടിംഗ് കാലയളവിലെ ആരംഭത്തിലെ തുക** | - | - | - | **1,902.03** | **3,180.69** | **3,222.28** | - | **8305.01** |
| അക്കൗണ്ടിംഗ് നയങ്ങളിലെ മാറ്റങ്ങളോ /മുൻകാല പിശകുകളോ | - | - | - | - | - | (25.55) | - | (25.55) |
| റിപ്പോർട്ടിംഗ് കാലയളവിന്റെ ആരംഭത്തിൽ പുന:നിർണയിച്ച മിച്ചം | - | - | - | - | - | - | - | - |
| തൻ വർഷത്തെ ആകെ സമഗ്ര വരുമാനം | - | - | - | - | - | (1,112.11) | - | (1,112.11) |
| ലാഭവിഹിതം | - | - | - | - | - | - | - | - |
| ലാഭവിഹിതത്തിന്മേലുള്ള നികുതി | - | - | - | - | - | - | - | - |
| നിലനിർത്തിയിട്ടുള്ള സമ്പാദ്യത്തിലേയ്ക്ക്/ (സമ്പാദ്യത്തിൽ നിന്ന് മാറ്റിയിട്ടുള്ളവ) | - | - | - | - | - | - | - | - |
| **2024 മാർച്ച് 31 ന് അവസാനിക്കുന്ന റിപ്പോർട്ടിംഗ് കാലയളവിലെ അവസാനത്തെ തുക** | - | - | - | **1,902.03** | **3,180.69** | **2,084.62** | - | **7,167.34** |

**ഡയറക്ടർ ബോർഡിന് വേണ്ടി**

**ശേഖർ & ജയന്തി**

ചാർട്ടേഡ് അക്കൗണ്ടന്റ്സിനു വേണ്ടി

സ്ഥാപന രജിസ്ട്രേഷൻ നമ്പർ: 005637S

ഒപ്പ്/-

**സിഎ. ശ്രീറാം ശേഖർ**

പാർട്നർ (എം. നമ്പർ 246901)

യുഡിൻ: 24246901BKAUZR6641

സ്ഥലം : തിരുവനന്തപുരം

തീയതി: 23.09.2024

**കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം**

സിഐഎൻ U65910KL1998SGC012160

ഒപ്പ്/-

**ബിജു ആർ**

മാനേജിംഗ് ഡയറക്ടർ

ഡിൻ: 10048014

ഒപ്പ്/-

**പ്രേമൻ ദിനരാജ് ഐ.എ&എ.എസ് (റിട്ട.)**

ചെയർമാൻ

ഡിൻ: 05190963

ഒപ്പ്/-

**വിജു എ**

ചീഫ് ഫിനാൻഷ്യൽ ഓഫീസർ

ഒപ്പ്/-

**എസ്. എസ്. താണു**

കമ്പനി സെക്രട്ടറി

മെമ്പർഷിപ്പ് നമ്പർ: എഫ് 7351

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

**കെ.പി.എഫ്.സി ഭവനം, വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ, തിരുവനന്തപുരം - 695 010**

## 2024 മാർച്ച് 31-ാം തീയതി അവസാനിക്കുന്ന വർഷത്തെ ധനകാര്യ വിവരണത്തിന്മേലുള്ള കുറിപ്പുകൾ

### 1. കമ്പനി അവലോകനവും പ്രധാന അക്കൗണ്ടിംഗ് നയങ്ങളും

#### 1.1 അവലോകനം

കേരള സർക്കാരും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും (കെ.എസ്.ഇ.ബി) ചേർന്ന് സംസ്ഥാനത്തെ ഊർജമേഖലയിലെ വികസനത്തിനും മറ്റ് അടിസ്ഥാന സൗകര്യ പദ്ധതികൾക്കും വേണ്ട സാമ്പത്തികസഹായം ഉറപ്പാക്കുന്നതിലേയ്ക്കു ആരംഭിച്ച ഒരു സംയുക്ത സംരംഭമാണ് കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം (കെ.എസ്.പി.ഐ.എഫ്.സി) എന്ന കമ്പനി.

ഊർജ്ജ പദ്ധതികൾക്ക് സഹായം ചെയ്യുന്ന കേരള പവർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.പി.എഫ്.സി) എന്ന പേരിലായിരുന്നു ഈ കമ്പനി അറിയപ്പെട്ടിരുന്നത്. 1956 ലെ കമ്പനി നിയമപ്രകാരം 1998 മാർച്ച് 20ന് ഈ സ്ഥാപനം ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയായി രൂപംകൊണ്ടു. തുടർന്ന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നും ലഭ്യമായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം പൊതുനിക്ഷേപങ്ങൾ സ്വീകരിച്ച് ഒരു ബാങ്കിതര ധനകാര്യ സ്ഥാപനമായി വ്യാപാരം നടത്താനുള്ള പ്രവർത്തനാനുമതി ലഭ്യമായി.

കമ്പനിയെ എൻ.ബി.എഫ്.സി വിഭാഗത്തിൽ നിക്ഷേപരഹിത എൻ.ബി.എഫ്.സി ആക്കി മാറ്റുന്നതിന് കേരള സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതും നാളിതു വരെ തീരുമാനം ആയിട്ടില്ലാത്തതുമാകുന്നു.

#### 1.2 ധനകാര്യ വിവരണം തയ്യാറാക്കുന്നതിന്റെ അടിസ്ഥാനം:

2013 ലെ കമ്പനി നിയമപ്രകാരം ന്യായവില കണക്കാക്കുന്നവയൊഴിച്ച് ചില ധനകാര്യ രേഖകൾക്ക് ഇന്ത്യൻ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് (ഇൻഡ് എ.എസ്സ്) അനുശാസിക്കുന്ന ചരിത്രപരമായ വില ശേഖരണ അടിസ്ഥാനത്തിൽ കണക്കാക്കുന്ന കീഴ്വഴക്കമനുസരിച്ച് ലഭ്യമാകുന്ന രീതിയാണ് ധനകാര്യ വിവരണം തയ്യാറാക്കുന്നതിന് അനുവർത്തിച്ചുവരുന്നത്. ഈ നിയമത്തിലെ വകുപ്പ് 133-ൽ വിവരിച്ചിട്ടുള്ള ഇൻഡ് എഎസ്, ഒപ്പം 2015 ലെ കമ്പനികളുടെ (ഇൻഡ്യൻ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്) ചട്ടങ്ങളിലെ ചട്ടം 3 2017 ലെ കമ്പനികളുടെ (ഇൻഡ്യൻ അക്കൗണ്ടിംഗ് സ്റ്റാന്റേർഡ്) ഭേദഗതി ചട്ടം എന്നിവ അനുസരിച്ച് വായിക്കേണ്ടതാണ്.

ഇതു വരെയുള്ള അക്കൗണ്ടിംഗ് നയങ്ങൾക്ക് ആദ്യമായി മാറ്റം വരുത്തുകയോ പരിഷ്കരിക്കുകയോ ചെയ്യുന്ന നിലവിലുള്ള അക്കൗണ്ടിംഗ് നയങ്ങളാണ് സ്ഥിരമായി നടപ്പിലാക്കുന്നത്. അക്കങ്ങൾ ലക്ഷങ്ങളിലായി പൂർത്തീകരിച്ചിരിക്കുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ധനകാര്യ വിവരണത്തിലെ അക്കങ്ങൾ തൻ വർഷത്തിലെ ധനകാര്യ വിവരണത്തിന്റെ ആവശ്യം വേണ്ട അവതരണ വ്യതിയാനങ്ങൾക്കനുസരിച്ച് പുനർ വിഭജിക്കുകയോ പുന:ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ട്.

#### 1.3 മൂല്യനിർണയത്തിന്റെ ഉപയോഗങ്ങൾ

ഇൻഡ് എഎസ്സ്. പ്രകാരം ധനകാര്യ വിവരണങ്ങൾ തയ്യാറാക്കുമ്പോൾ ഭരണസമിതിക്ക് മൂല്യനിർണയം, തീർപ്പ്, അനുമാനം എന്നിവ ആവശ്യമായി വരുന്നു. ഇവ അക്കൗണ്ടിംഗ് നയങ്ങളുടെ നടപ്പാക്കലിലൂടെ റിപ്പോർട്ട് ചെയ്തിട്ടുള്ള ആസ്തിയെയും, ബാധ്യതയെയും, ധനകാര്യ വിവരണ തീയതിയിലെ വെളിപ്പെടുത്തിയി

ട്ടുള്ള അനിശ്ചിത ആസ്തിയേയും, ബാധ്യതകളേയും, ഈ കാലയളവിലെ വരുമാനം, ചെലവ് എന്നിവയെയും ബാധിക്കുന്നു. ധനകാര്യ വിവരണത്തിൽ വളരെ സങ്കീർണവും വിഷയപരവുമായ തീരുമാനങ്ങൾ ആവശ്യമായി വരുന്ന നിർണ്ണായകമായ അക്കൗണ്ടിംഗ് മൂല്യനിർണയങ്ങൾ, അനുമാനങ്ങൾ ഉപയോഗിച്ചുള്ള തീരുമാനങ്ങൾ കൈക്കൊള്ളുക എന്നീ സന്ദർഭങ്ങളിൽ അക്കൗണ്ടിംഗ് നയങ്ങളുടെ ഉപയോഗം വേണ്ടിവരുന്നു. കാലാകാലങ്ങളിൽ അക്കൗണ്ടിംഗ് മൂല്യനിർണ്ണയങ്ങൾക്ക് മാറ്റം സംഭവിക്കാം. കൂടാതെ അവയിൽ നിന്നും കിട്ടുന്ന യഥാർത്ഥ ഫലങ്ങൾ അനുമാനത്തിൽ നിന്നു മാറ്റമുണ്ടാവാം. മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട പരിതസ്ഥിതിക്കുണ്ടാകുന്ന മാറ്റമനുസരിച്ച് മാറ്റങ്ങൾ ഭരണസമിതി വരുത്തുന്നുണ്ട്. മൂല്യനിർണ്ണയത്തിലുണ്ടാകുന്ന മാറ്റങ്ങൾ സമയാസമയങ്ങളിൽ ധനകാര്യ വിവരണങ്ങളിൽ പ്രതിഫലിച്ചിട്ടുണ്ട്. കൂടാതെ ഫലങ്ങളുടെ ഗൗരവം പരിഗണിച്ച് ധനകാര്യ വിവരണങ്ങളിലെ കുറിപ്പുകളിൽ ഈ മാറ്റങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1.4 നിർണ്ണായകമായ അക്കൗണ്ടിംഗ് മൂല്യനിർണ്ണയങ്ങൾ

### എ. വരുമാനം അംഗീകരിക്കൽ

സാധാരണയായി പലിശയിനത്തിൽ ഉള്ള വരുമാനം വായ്പയുടെ കാലാവധിക്കനുസരിച്ച് കണക്കാക്കി വർഷാവസാനം കിട്ടാനുള്ള തുക കൂടി ചേർത്താണ് വകയിരുത്താറുള്ളത്. തിരിച്ചടവില്ലാത്ത വായ്പകൾ ആർബിഐ നിർദ്ദേശപ്രകാരം പ്രത്യേകമായി വെളിപ്പെടുത്തുകയും അതിന്മേൽ കിട്ടാനുള്ള തുക വ്യവസ്ഥീകരിക്കുകയും ചെയ്യുന്നു. ആയതിനാൽ, അപ്രകാരം കിട്ടാനുള്ള തുകകൾ യഥാർഥമായി കിട്ടിയ ശേഷം മാത്രമേ കണക്കാക്കാറുള്ളു. മറ്റെല്ലാ വരുമാനവും കിട്ടാനുള്ള മുറയ്ക്ക് വരവ് ചെയ്യുന്നു.

### ബി. ആദായനികുതി

ഇന്ത്യൻ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് (ഇൻഡ് എഎസ്) 12 ലെ ആദായ നികുതിയെ ബാധിക്കുന്ന നിയമത്തിന് അനുസൃതമായി മാറ്റിവയ്ക്കപ്പെട്ട ആദായനികുതിയും ബാധ്യതയും കണക്കാക്കുന്നത് വരവും ചെലവും ബന്ധപ്പെടുന്ന അതേ കാലയളവിലേയ്ക്ക് ആകുന്നു.

നികുതി അലവൻസുകൾ, കിഴിവുകൾ, നികുതി നിയമമനുസരിച്ച് അനുവദനീയമായ ഒഴിവാക്കലുകൾ, എന്നിവ പരിഗണിച്ചശേഷമാണ് ആദായ നികുതി ബാധ്യത നിർണ്ണയിച്ച് നികുതി അടയ്ക്കുവാനുള്ള വ്യവസ്ഥാപിത തുക കണക്കാക്കുന്നത്. ധനകാര്യ വിവരണ പ്രകാരം നികുതി കണക്കാക്കുന്ന വരുമാനവും നികുതി കണക്കാക്കുന്നതിന് മുമ്പുള്ള തൻ വർഷത്തെ മൊത്തം ലാഭവും തമ്മിലുള്ള വ്യത്യാസവും കണ്ടെത്തുകയും അതിനെ അടിസ്ഥാനപ്പെടുത്തി നികുതി ചുമത്തേണ്ട നികുതി പ്രഭാവത്തിന്റെ താൽക്കാലിക വ്യത്യാസങ്ങളും നിർണ്ണയിച്ചാൽ അതായിരിക്കും മാറ്റിവയ്ക്കപ്പെട്ട നികുതി ബാധ്യത. ബാലൻസ് ഷീറ്റ് തീയതി പ്രകാരം പ്രാബല്യത്തിലുള്ള നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടിംഗ് വർഷാവസാന സഞ്ചിത സമയവ്യത്യാസം ആസ്പദമാക്കിയാണ് നികുതി പ്രഭാവം കണക്കാക്കുന്നത്.

### സി. വസ്തുവകകളും യന്ത്രസാമഗ്രികളും

കമ്പനിയുടെ ആസ്തിയുടെ അടിസ്ഥാനം വസ്തുവകകളും യന്ത്രസാമഗ്രികളുമാണ്. ഒരു ആസ്തിയുടെ പ്രതീക്ഷിക്കുന്ന പ്രവർത്തനകാലം, അതിന്റെ പ്രവർത്തനക്ഷമമായ കാലാവസാനത്തെ മൂല്യം എന്നിവയിൽ നിന്നും കാലാകാലങ്ങളിലുള്ള മൂല്യശോഷണത്തിന്റെ ചെലവ് കണ്ടെത്തുന്നു. കമ്പനിയുടെ ആസ്തിയുടെ പ്രവർത്തന കാലവും ആ കാലയളവിലെ പ്രതീക്ഷിക്കുന്ന മൂല്യവും ആ ആസ്തി നേടുന്ന സമയത്തും കാലാകാലങ്ങളിലും ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനം നടത്തുന്നതുൾപ്പെടെയുള്ള പുന:പരിശോധന എന്നിവയിൽ കൂടി ഭരണസമിതി നിർണ്ണയിക്കുന്നു. കാലാവധി തത്തുല്യ ആസ്തികളുടെ ചരിത്രപരമായ അനുഭവങ്ങളെയും, ഭാവിയിലുണ്ടാകുന്ന കാര്യങ്ങൾ, അവയുടെ പ്രവർത്തനകാലത്തെ ബാധിക്കുന്ന, പ്രത്യേകിച്ച് സാങ്കേതികവിദ്യയിലുണ്ടാകുന്ന മാറ്റങ്ങൾ, എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് നിർണ്ണയിക്കുന്നത്.

വസ്തുവകകൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവയ്ക്ക് മൂല്യശോഷണവും വൈകല്യവുമുണ്ടാകുമ്പോൾ വിലയിൽ കുറവായി രേഖപ്പെടുത്തുന്നു. വസ്തുവകകൾ, യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ ഉപയോഗ ത്തിലുള്ള കാലത്തോളം അതിന്റെ ആർജിതവില ഭരണസമിതി ഉദ്ദേശിക്കുന്നതുപോലെ മൂലധനമായി കണ ക്കാക്കുന്നു. 2013 ലെ കമ്പനി നിയമത്തിലെ പട്ടിക II ലെ ഭാഗം സി പ്രകാരമുള്ള രേഖാമൂലമുള്ള മൂല്യം അനുസരിച്ച് കമ്പനി അവരുടെ വസ്തുവകകൾ, യന്ത്രസാമഗ്രികൾ എന്നിവയ്ക്ക് അവയുടെ ഉപയോഗയോ ഗ്യമായ കാലയളവിനെ അടിസ്ഥാനപ്പെടുത്തി മൂല്യശോഷണം നടത്തുന്നു. 2013 ലെ കമ്പനി നിയമത്തിലെ പട്ടിക II ഭാഗം സി പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഉപയോഗയോഗ്യമായ കാലദൈർഘ്യത്തിൽ നിന്ന് ഏതെ ങ്കിലും വസ്തുവിന്റെ ഉപയോഗകാലം വ്യത്യസ്തമായി തോന്നുകയാണെങ്കിൽ സാങ്കേതിക മൂല്യനിർണയ ത്തിന്റെ അടിസ്ഥാനത്തിൽ, ഭരണസമിതി അത് അടിസ്ഥാനമാനദണ്ഡമായി കരുതുന്നു.

മൂല്യശോഷണ നിർണ്ണയ രീതികളും ഉപയോഗയോഗ്യമായ കാലയളവും അവശേഷിക്കുന്ന മൂല്യവും സാമ്പ ത്തിക വർഷത്തിന്റെ അവസാനവും കാലാകാലങ്ങളിലും പുന: പരിശോധനയ്ക്ക് വിധേയമാണ്.

## 1.5 പരോക്ഷ ആസ്തികൾ

പരോക്ഷ ആസ്തിയുടെ മൂല്യം നിർണ്ണയിക്കുന്നത് അതിന്റെ യഥാർഥവിലയിൽ നിന്ന് ആനുകാലികമായ മൂല്യച്യുതിയും കോട്ടവും കണക്കാക്കി തത്തുല്യ തുക കുറവു ചെയ്തതിന് ശേഷമാണ്. ഇൻഡ് എ.എസ്സ് 38 പ്രകാരമുള്ള രീതി അനുസരിച്ചാണ് ഇത്തരം ആസ്തികളടെ ഉപയോഗകാലവും ആനുകാലിക മൂല്യശോ ഷണവും നിർണയിച്ചിരിക്കുന്നത്.

## 1.6 കോട്ടം

### സാമ്പത്തികേതര ആസ്തികൾ

### പരോക്ഷ ആസ്തികളും വസ്തുവകകളും, യന്ത്രസാമഗ്രികളും

സാഹചര്യങ്ങളുടെ വ്യതിയാനമനുസരിച്ച് ജീർണ്ണോദ്ധാരണ മൂല്യം കിട്ടാതെ വരുമ്പോൾ നിർണ്ണയിക്കാനാ വാത്ത ആസ്തികൾ വസ്തുക്കൾ യന്ത്രസാമഗ്രികൾ എന്നിവയുടെ മൂല്യം വീണ്ടും വിലയിരുത്തേണ്ടതായി വരുന്നു. മറ്റ് ആസ്തികളിൽ നിന്നും ധനാഗമനം ഉണ്ടാകാത്ത സാഹചര്യത്തിൽ, വ്യക്തിഗത ആസ്തികളി ന്മേൽ നിലവിൽ ലഭിക്കാവുന്ന തുക കണക്കാക്കിയാണ് കോട്ടം നിർണയിക്കപ്പെടുന്നത്. ഇത്തരം സന്ദർഭങ്ങ ളിൽ ആസ്തി ധനം ഉളവാകുന്ന ഏത് ഘടകവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കി യാണ് വീണ്ടെടുക്കാവുന്ന തുക നിശ്ചയിക്കുന്നത്.

നിശ്ചയിച്ചിട്ടുള്ള ആസ്തികളുടെ മൂല്യം ആസ്തിയുടെ തയ്യാറാക്കിയിട്ടുള്ള വീണ്ടെടുക്കാവുന്ന തുകയെ അധി കരിച്ചാൽ ലാഭനഷ്ടക്കണക്കുകളിലെ കോട്ടം മനസ്സിലാക്കി അത്തരം ആസ്തികളെ കോട്ടമായി പരിഗണിക്കുന്നു. വീണ്ടെടുക്കുന്ന തുക നിശ്ചയിക്കുന്ന രീതിയിൽ മാറ്റം വന്നാൽ ലാഭനഷ്ടക്കണക്കുകളിൽ കോട്ടനഷ്ടം പ്രതിലോമമായി കണക്കാക്കുന്നു. മുൻകാലങ്ങളിൽ കോട്ടനഷ്ടം കണക്കാക്കിയിട്ടില്ലെങ്കിൽ, പുതുക്കി നിശ്ചയിക്കുന്ന തുക നിലവിലുള്ള തുകയെക്കാൾ അധികരിക്കില്ല. അത്തരം സാഹചര്യത്തിൽ നിലവിലുള്ള തുക പുതുക്കി നിശ്ചയിച്ചിട്ടുള്ള തുകയ്ക്ക് തുല്യമായിരിക്കും.

## 1.7 കരുതൽ തുക, അനിശ്ചിത ബാധ്യതകൾ അനിശ്ചിത ആസ്തികൾ

പഴയ സംഭവങ്ങളുടെ വെളിച്ചത്തിൽ കമ്പനിക്ക് ഇപ്പോൾ നിയമപരമായി പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള ബാധ്യത ഉണ്ടാകാനുള്ള സാധ്യത നിലനിൽക്കുന്നുണ്ടെങ്കിൽ അത് തീർക്കുവാനുള്ള കരുതൽ അംഗീ കരിക്കപ്പെട്ട വ്യവസ്ഥാപിത തുക കണക്കാക്കി പ്രത്യേകം നീക്കിവച്ചിട്ടുണ്ട്. സമയാസമയങ്ങളിലെ ധനമൂല്യ ത്തിനും ഒരു പ്രത്യേക ബാധ്യതയിലെ നഷ്ടസംഭവ്യതയ്ക്കും വിധേയമായി നികുതിപിടിക്കുന്നതിന് മുമ്പുള്ള നിരക്കിൽ, പ്രതീക്ഷിക്കുന്ന ഭാവി പണലഭ്യതകൾ കണക്കാക്കി ആണ് നീക്കിയിരിപ്പു തുകയുടെ നിലവിലെ

വിപണി വില നിർണ്ണയിച്ചിരിക്കുന്നത്. ഇൻഡ്എഎസ് പ്രകാരമാണ് വ്യവസ്ഥകളെയും യാദൃശ്ചിക ചെലവുകളെയും വിലയിരുത്തിയിട്ടുള്ളത്. അനിശ്ചിത ആസ്തികൾ സാമ്പത്തിക ഗുണം ലഭിക്കാനുള്ള സാധ്യതയുടെ അടിസ്ഥാനത്തിൽ ധനകാര്യ വിവരണത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

## 1.8 പ്രവർത്തനനാണ്യം

കമ്പനിയുടെ പ്രവർത്തനനാണയം ഇന്ത്യൻ രൂപയാണ്.

## 1.9. മൂലധന ഓഹരിയിൽ നിന്നുള്ള വരുമാനം

മൂലധന ഓഹരിയുടെ അടിസ്ഥാന വരുമാനം കണക്കാക്കുവാൻ കമ്പനിയുടെ സമത ഓഹരി ഉടമകൾക്കു ലഭിക്കുന്ന അറ്റാദായത്തിനെ ശരാശരി ഓഹരികളുടെ എണ്ണം കൊണ്ടു ഭാഗിക്കുമ്പോൾ ഒരു മൂലധന ഓഹരിയുടെ വരുമാനം ലഭിക്കുന്നു. മൂലധന ഓഹരിയുടെ ലഘൂകരിച്ച വരുമാനം കണക്കാക്കുന്നത് കമ്പനിയുടെ ഓഹരി ഉടമയ്ക്ക് ലഭിക്കുന്ന അറ്റാദായത്തിനെ അടിസ്ഥാനവരുമാനം കണക്കാക്കുന്ന സമത മൂലധന ഓഹരികളുടെ ശരാശരി എണ്ണവും സമത മൂലധന ഓഹരിയായി വിതരണം ചെയ്യാൻ സാധ്യതയുള്ള ലഘൂകരിച്ച പ്രബലമായ മൂലധന ഓഹരികളുടെ ശരാശരി എണ്ണവും ചേർത്തു ഭാഗിച്ചാണ്.

## 1.10.ജീവനക്കാരുടെ ആനുകൂല്യങ്ങൾ

### ഗ്രാറ്റുവിറ്റി

അർഹതപ്പെട്ട ജീവനക്കാർക്കായി കമ്പനി ഗ്രാറ്റുവിറ്റി നടപ്പാക്കിയിട്ടുണ്ട്. വിരമിക്കൽ, മരണം, ശാരീരിക അവശത, ജോലിയിൽ നിന്നും പിരിച്ചുവിടൽ എന്നീ സമയത്ത് ഗ്രാറ്റുവിറ്റി പദ്ധതിയനുസരിച്ച് ഒരു വലിയ തുക ലഭിക്കും. ഇത് അതാത് ജീവനക്കാരുടെ ശമ്പളത്തിന്റെയും കമ്പനിയിലെ സേവന കാലാവധിയുടെയും അടിസ്ഥാനത്തിലായിരിക്കും. ലൈഫ് ഇൻഷുറൻസ് കോർപറേഷനിൽ നിന്നും ലഭിക്കുന്ന യഥാർത്ഥ മൂല്യ നിർണ്ണയ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് ബാധ്യത നിർണ്ണയിക്കുന്നതും നൽകുന്നതും. ഗ്രാറ്റുവിറ്റി നിധിയിലേയ്ക്ക് വാർഷിക വരികൾ ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യയിൽ നിക്ഷേപിച്ചിരിക്കുകയാണ്. കമ്പനിയുടെ രക്ഷാധികാരികളുടെ നിയന്ത്രണത്തിൽ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഈ നിധി കൈകാര്യം ചെയ്യുന്നു.

### പ്രൊവിഡന്റ് ഫണ്ട്

ഒരു നിശ്ചിത സംഭാവനാപദ്ധതിയനുസരിച്ച് അർഹരായ ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ടിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാണ്. ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പ്രതിമാസ തുകയ്ക്കു തുല്യമായ നിശ്ചിത ശതമാനം കമ്പനിയും സംഭാവനയായി നൽകിയാണ് ഈ ഫണ്ട് നിയന്ത്രിക്കുന്നത്.

### ആർജ്ജിത അവധി പരിത്യാഗം

ആർജ്ജിത അവധി പരിത്യാഗ വ്യവസ്ഥ അർഹമായ യഥാർത്ഥ തുകയുടെ അടിസ്ഥാനത്തിൽ നൽകുന്നു.

## 1.11. ധന നിർഗമന വിവരണം

ഒരു കാലാവധിയിലുള്ള ലാഭത്തെ കഴിഞ്ഞ കാലത്തെ അല്ലെങ്കിൽ ഭാവിയിലെ ഏതെങ്കിലും ധനപരമല്ലാത്ത ഇടപാടുകളിൽ വകയിരുത്തുമ്പോൾ, പണമിടപാടുകൾ വരുമാനത്തിന്റെ ചെലവുകൾ/നിക്ഷേപവുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയ്ക്കായി നിക്ഷേപിക്കുന്ന/ധന നിർഗമനം എന്നിവ പരോക്ഷ രീതി ഉപയോഗിച്ചാണ് റിപ്പോർട്ട് ചെയ്യുന്നത്. കമ്പനിയുടെ പ്രവർത്തനം, നിക്ഷേപം, സാമ്പത്തികമായ പ്രവർത്തനങ്ങളുടെ ഇടപാടുകൾ ഇവ വേർതിരിക്കപ്പെട്ടിട്ടുണ്ട്.

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

## ധനകാര്യവിവരണങ്ങളിന്മേലുള്ള കുറിപ്പുകൾ (തുടരും)

(ഓഹരി വിവരങ്ങളും മറ്റും പ്രത്യേകം പ്രസ്താവിച്ചിട്ടില്ലെങ്കിൽ തുകകളെല്ലാം ഇന്ത്യൻ രൂപയിൽ (ലക്ഷത്തിൽ) കൊടുത്തിരിക്കുന്നു.)

**1 പണവും തത്തുല്യമായവയും**

| | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| എ) കൈവശമുള്ള തുക | 0.06 | 0.00 |
| ബി) ബാങ്കിലും ട്രഷറിയിലുമായി ശേഷിക്കുന്നവ | | |
| i) ബാങ്കിലെ കറണ്ട് അക്കൗണ്ടിൽ | 2.93 | 97.96 |
| ii) ഗവൺമെന്റ് ട്രഷറിയിൽ | 0.21 | 0.15 |
| **ആകെ (ബി)** | **3.14** | **98.11** |
| സി) ബാങ്കിലും മറ്റുള്ളവയിലും ശേഷിക്കുന്നവ | | |
| iii) ബാങ്കിലെ സ്ഥിരനിക്ഷേപം (ചെലവഴിക്കാത്ത സി.എസ്.ആർ നിധി) | 25.76 | 20.78 |
| iv) ബാങ്കിലെ സ്ഥിരനിക്ഷേപം | 994.48 | 645.72 |
| v) ഗവൺമെന്റ് ട്രഷറിയിലെ സ്ഥിരനിക്ഷേപം | - | 27.00 |
| **ആകെ (സി)** | **1020.24** | **693.50** |
| **ആകെ (എ+ബി+സി)** | **1023.43** | **791.61** |

എസ്.ബി.ഐ. കൊമേഷ്യൽ ബ്രാഞ്ചിൽ ക്യാഷ് ക്രെഡിറ്റ് അക്കൗണ്ടിൽ വർഷാവസാനമുള്ള ബാലൻസ് തുക കൂടി കറണ്ട് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ക്യാഷ് ക്രെഡിറ്റ്, അക്കൗണ്ടിന് ഈട് നൽകിയിരിക്കുന്നത് തൈക്കാട് വില്ലേജിൽ വരുന്ന 7.96 ആർ. വസ്തുവും അതിലുള്ള കെട്ടിടവുമാണ്. ഇതിന് അനുവദിച്ചിരിക്കുന്ന പരിധി 4000 ലക്ഷം രൂപയാണ്. 31.03.2024 കണക്ക് പ്രകാരം തിരിച്ചടവിൽ വീഴ്ചകൾ ഒന്നും വന്നിട്ടില്ല.

**2. വായ്പകൾ**

| | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| **സുരക്ഷിത വായ്പകൾ** | | |
| കെ.എസ്.ഇ.ബിയുടെ വിതരണ കമ്പനികൾക്കുള്ള ഹ്രസ്വകാല വായ്പകൾ | | |
| i) മെസ്സേഴ്സ് യൂണിപവർ സിസ്റ്റംസ് | - | - |
| ii) മെസ്സേഴ്സ് കേരള ഇലക്ട്രിക്കൽ & എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡ് | 1404.19 | 2112.67 |
| iii) മെസ്സേഴ്സ് ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 7,720.60 | 7720.60 |
| iv) മെസ്സേഴ്സ് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 246.19 | - |
| v) മെസ്സേഴ്സ് സേഫ് ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് | 170.35 | 177.74 |
| vi) മെസ്സേഴ്സ് ട്രാൻസ്ഫർമേഴ്സ് & ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ് | 500.00 | - |
| **ആകെ** | **10,041.33** | **10,011.01** |

i കെ.എസ്.ഇ.ബിയുടെ വിതരണക്കാർക്ക് കൊടുക്കുന്ന ഹ്രസ്വകാല വായ്പ വിതരണക്കാരും, കെ.എസ്.ഇ.ബിയും കെ.എസ്.പി.ഐ.എഫ്.സിയും തമ്മിലുള്ള ത്രികക്ഷി കരാറിലൂടെ സുരക്ഷിതമാണ്. വിതരണക്കാർക്കുള്ള എല്ലാ ഒടുക്കലുകളും കെ.എസ്.ഇ.ബിയിൽ നിന്നും കെ.എസ്.പി.ഐ.എഫ്.സി സ്വീകരിക്കുന്നതിന് പവർ ഓഫ് അറ്റോർണി അധികാരപ്പെടുത്തുന്നു. വിതരണക്കാരിൽ നിന്നും ഡിമാന്റ് പ്രോമിസറി നോട്ടും, കമ്പനി ഗ്യാരന്റിയും സ്വീകരിക്കുകയും കൂടാതെ വിതരണക്കാരും കെ.എസ്.പി.ഐ.എഫ്.സിയും തമ്മിലുള്ള ധാരണാപത്രത്തിന്റെ ഉറപ്പിന്മേലാണ് വായ്പകൾ കൊടുക്കുന്നത്.

ii ആർ.ബി.ഐ മാനദണ്ഡം അനുസരിച്ച്, മൊത്തം 10041.33 ലക്ഷം രൂപാ ഹ്രസ്വകാല വായ്പയിൽ 170.35 ലക്ഷം രൂപ മൂന്ന് വർഷമായി സംശയാസ്പദമായ ആസ്തിയായും 9124.79 ലക്ഷം രൂപ നിലവാരമില്ലാത്ത ആസ്തിയായും ബാക്കിയുള്ള 752.01 ലക്ഷം രൂപ സുരക്ഷിത ആസ്തിയായും തരം തിരിച്ചിരിക്കുന്നു.

iii മെസ്സേഴ്സ് സേഫ് ഗാർഡ് ലൈറ്റിംഗ്സ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് 2015 സെപ്തംബർ 16-ാം തീയതി മുതൽ എൻ.പി.എ ആണ്. വായ്പ തുക മാത്രമേ കുറിപ്പ്- 2 ൽ വെളിപ്പെടുത്തിയിട്ടുള്ളൂ. 31.03.2024 ന് ശേഷിക്കുന്ന തുകയ്ക്ക് നൂറു ശതമാനം പ്രൊവിഷൻ കൊടുത്തിട്ടുള്ളതും അത് കുറിപ്പ്- 7 C-ൽ വെളിപ്പെടുത്തിയിട്ടുള്ളതുമാണ് (മുൻ വർഷവും 100%)

ലോൺ കുടിശ്ശിക പലിശസഹിതം വീണ്ടെടുക്കുന്നതിന് വേണ്ടി തിരുവനന്തപുരം ജെ.എഫ്.എം.സി XII ൽ മെസ്സേഴ്സ് സെഫ് ഗാർഡ് ലൈറ്റിംഗ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനെതിരെ ഒരു കേസ് ഫയൽ ചെയ്തിരിക്കുയാണ്. 31.03.2024 ലെ കണക്കനുസരിച്ച് അത് തീർപ്പുകൽപിക്കപ്പെട്ടിട്ടില്ല. പലിശ, പിഴപ്പലിശ, റവന്യൂ റിക്കവറി ചാർജ് എന്നീ ഇനങ്ങളിൽ 8 ലക്ഷം രൂപ കിട്ടിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷാവസാനത്തിൽ മെസ്സേഴ്സ് സേഫ്ഗാർഡ് ലൈറ്റിംഗ് (ഇന്ത്യാ) പ്രൈവറ്റ് ലിമിറ്റഡ് 170.35 ലക്ഷം രൂപ കുടിശികയുണ്ട്.

iv നടപ്പ് സാമ്പത്തിക വർഷം മെസ്സേഴ്സ് ട്രാക്കോ കേബിൾ കമ്പനിയുടെ 7720.60 ലക്ഷം രൂപ നിലവാരമില്ലാത്ത ആസ്തിയാക്കി തരംതിരിച്ചിട്ടുണ്ട്. ആർ.ബി.ഐ മാനദണ്ഡമനുസരിച്ച് ഒരു വർഷത്തിൽ താഴെയുള്ള നിലവാരമില്ലാത്ത ആസ്തി ആയതിനാൽ 31.03.2024 ന്റെ വായ്പകുടിശികയിൽമേൽ 15% വ്യവസ്ഥ ചെയ്തിട്ടുണ്ട്. നടപ്പ് വർഷം 120.96 ലക്ഷം രൂപ പലിശ ഇനത്തിലും, പിഴ പലിശ ഇനത്തിലും ലഭിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിനെ അവസാനത്തിൽ ട്രാക്കോയുടെ വായ്പാ കുടിശ്ശിക 7720.60 ലക്ഷം രൂപയായിരുന്നു.

v 01.04.2023-ലെ കണക്കനുസരിച്ച് മെസ്സേഴ്സ് കേരളാ ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെ.ഇ.എൽ)ന്റെ വായ്പാ കുടിശ്ശിക 2068.63 ലക്ഷം രൂപയായിരുന്നു. 2023-24 സാമ്പത്തിക വർഷം അവസാനത്തിൽ കെ.ഇ.എൽന്റെ 503.41 ലക്ഷം രൂപ നിലവാരമില്ലാത്ത ആസ്തിയായി കണക്കാക്കിയിട്ടുണ്ട്. ആർ.ബി.ഐ മാനദണ്ഡം അനുസരിച്ച് ഒരു വർഷത്തിൽ താഴെയുള്ള നിലവാരമില്ലാത്ത ആസ്തികൾക്ക് 15% വ്യവസ്ഥ നൽകേണ്ടതാണ് നടപ്പ് വർഷം 1674.73 ലക്ഷം രൂപ മുതലും, പലിശയും, പിഴപലിശയും സഹിതം ലഭിച്ചിട്ടുണ്ട്.

vi നടപ്പ് വർഷം മെസ്സേഴ്സ് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെ.ഇ.എൽ)ന് കൊടുത്ത വായ്പതുകയിൽ കുടിശികയുള്ള 900.78 ലക്ഷം രൂപ നിലവാരമില്ലാത്ത ആസ്തിയായി കണക്കാക്കിയിട്ടുണ്ട്. ആർ.ബി.ഐ മാനദണ്ഡം അനുസരിച്ച് ഒരു വർഷത്തിൽ താഴെയുള്ള നിലവാരമില്ലാത്ത ആസ്തികൾക്ക് 15% വ്യവസ്ഥ നൽകേണ്ടതാണ്. നടപ്പ് വർഷം 198.09 ലക്ഷം രൂപ മുതലും, പലിശയും സഹിതം ലഭിച്ചിട്ടുണ്ട്.

vii കമ്പനി വായ്പ നൽകിയിരിക്കുന്നത് ഭൂരിഭാഗവും കെ.എസ്.ഇ.ബിയുടെ വിതരണക്കാർക്കാണ്. ആയതിനാൽ തിരിച്ചടവ് കെ.എസ്.ഇ.ബി വഴിയാണ് ലഭിക്കുന്നത്.

### 3. മറ്റ് ധനകാര്യ ആസ്തികൾ

| | | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|---|
| i | ബാങ്കുകളിൽ നിന്നും പലിശയിനത്തിൽ കിട്ടാനുള്ളത് | 6.05 | 4.89 |
| ii | മറ്റ് മുൻകൂർ തുകകളും കിട്ടാനുള്ളവയും | 4.60 | 4.89 |
| iii | ട്രാക്കോയിൽ നിന്നും പലിശയിനത്തിൽ കിട്ടാനുള്ളത് | 194.26 | 340.44 |
| iv | ജി.എസ്.ടി ഇനത്തിൽ കിട്ടാനുള്ളത് | - | 0.84 |
| | **ആകെ** | **204.91** | **351.07** |

മറ്റ് മുൻകൂർ തുകകളും കിട്ടാനുള്ളവയും എന്നത് കെ.എസ്.ഇ.ആർ.സി യിൽ നിന്നും കിട്ടാനുള്ള വാടകയും മറ്റ് ചെലവുകളും ഉൾപ്പെടുന്നതാണ്.

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

## ധനകാര്യവിവരണങ്ങളിന്മേലുള്ള കുറിപ്പുകൾ (തുടരും)

(ഓഹരി വിവരങ്ങളും മറ്റും പ്രത്യേകം പ്രസ്താവിച്ചിട്ടില്ലെങ്കിൽ തുകകളെല്ലാം ഇന്ത്യൻ രൂപയിൽ (ലക്ഷത്തിൽ) കൊടുത്തിരിക്കുന്നു.)

### 4. സ്ഥിര ആസ്തികൾ

| വിവരണങ്ങൾ | മൊത്തവില | | | | മൂല്യശോഷണം | | | | അസ്സൽ വില | |
|---|---|---|---|---|---|---|---|---|---|---|
| | 2023 ഏപ്രിൽ 1 ലെ ബാക്കി | 2023-24 ൽ ചേർത്തിട്ടുള്ളവ | 2023-24 ൽ നീക്കം ചെയ്തിട്ടുള്ളവ | 2024 മാർച്ച് 31 ലെ ബാക്കി | 2023 ഏപ്രിൽ 1 ലെ ബാക്കി | 2023-24 വർഷത്തേക്ക് | 2023-24 ൽ നീക്കം ചെയ്തവ | 2024 മാർച്ച് 31 ലെ ബാക്കി | 2023 മാർച്ച് 31 ലെ ബാക്കി | 2024 മാർച്ച് 31 ലെ ബാക്കി |
| 1. പ്രത്യക്ഷമായ ആസ്തികൾ | | | | | | | | | | |
| വസ്തു | 33.88 | 0.00 | 0.00 | 33.88 | - | - | - | - | 33.88 | 33.88 |
| കെട്ടിടം | 184.03 | - | - | 184.03 | 86.36 | 5.20 | - | 91.56 | 97.67 | 92.47 |
| ഫർണിച്ചറും ഉപകരണങ്ങളും | 77.23 | - | - | 77.23 | 73.64 | 0.17 | - | 73.81 | 3.59 | 3.42 |
| വാഹനങ്ങൾ | 5.26 | - | 4.88 | 0.38 | 5.01 | - | 4.65 | 0.35 | 0.25 | 0.02 |
| ഓഫീസ് ഉപകരണങ്ങൾ | 2.98 | - | - | 2.98 | 2.48 | 0.11 | | 2.59 | 0.50 | 0.39 |
| കമ്പ്യൂട്ടർ | 5.34 | - | - | 5.34 | 5.24 | - | | 5.24 | 0.10 | 0.10 |
| വൈദ്യുത യന്ത്രോപകരണങ്ങൾ | 2.99 | - | - | 2.99 | 1.96 | 0.16 | - | 2.12 | 1.04 | 0.88 |
| **ആകെ** | **311.72** | **0.00** | **4.88** | **306.83** | **174.68** | **5.64** | **4.65** | **175.67** | **137.03** | **131.16** |
| **ആകെ (മുൻവർഷം)** | **319.11** | **0.71** | **8.11** | **311.72** | **176.55** | **5.96** | **7.83** | **174.68** | **142.56** | **137.03** |
| **2. പരോക്ഷമായ ആസ്തി** | | | | | | | | | | |
| ട്രേഡ്മാർക്ക് | 0.21 | - | - | 0.21 | 0.18 | 0.02 | - | 0.20 | 0.03 | 0.01 |
| **ആകെ** | **0.21** | **-** | **-** | **0.21** | **0.18** | **0.02** | **-** | **0.20** | **0.03** | **0.01** |
| **ആകെ (മുൻവർഷം)** | **0.21** | **-** | **-** | **0.21** | **0.16** | **0.02** | **-** | **0.18** | **0.05** | **0.03** |
| **3. ജോലി പുരോഗമിക്കുന്നത് സോഫ്റ്റ് വെയർ** | **6.98** | **-** | **-** | **6.98** | **-** | **-** | **-** | **-** | **6.98** | **6.98** |
| **മുൻവർഷം** | **3.95** | **3.02** | - | **6.98** | - | - | - | - | **3.95** | **6.98** |

1. 20 സെന്റ് സ്ഥലം കേരള സർക്കാർ കമ്പനിയ്ക്ക് കൈമാറിയിട്ടുള്ളതും, അതിൽ പ്രസ്തുത തീയതി 09.05.2003 മുതൽ 12 വർഷക്കാലത്തേക്ക് ടി സ്ഥലം വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ല എന്ന് പറഞ്ഞിട്ടുള്ളതുമാകുന്നു. 31.03.2024 വരെ ടി സ്ഥലത്തിന്മേൽ വിലയാധാരം കമ്പനിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടില്ല.
2. പ്രത്യക്ഷമായ ആസ്തി സ്ക്രാപ്പ് ആയി നീക്കം ചെയ്തതിനാലാണ് മൊത്തബ്ലോക്കിൽ കുറവ് വന്നത്
3. സോഫ്റ്റ് വെയർ ജോലി പുരോഗമിക്കുന്നത് - 2021-22 വർഷത്തേക്ക് തിരുവനന്തപുരം മെസ്സേഴ്സ് കെൽട്രോണിന് ഓഫീസ് ഓട്ടോമേഷൻ സോഫ്റ്റ്വെയർ രൂപകൽപ്പന ചെയ്യുന്നതിനും, വികസിപ്പിക്കുന്നതിനുമായി 3.95 ലക്ഷം രൂപ കൊടുത്തു. പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പദ്ധതിയുടെ രൂപകല്പനയ്ക്കും വികസനത്തിനുമുള്ള ആകെ ചെലവ് 26.37 ലക്ഷം രൂപയാണ്. കൂടാതെ തിരുവനന്തപുരം സി-ഡിറ്റിന് ഫങ്ഷണാലിറ്റി ടെസ്റ്റിംഗ് ചാർജ്ജ് 6.60 ലക്ഷം രൂപയാണ്. അതിൽ 3.02 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്.

| **5 മറ്റ് ധനകാര്യേതര ആസ്തികൾ** | **2024 മാർച്ച് 31 പ്രകാരം** | **2023 മാർച്ച് 31 പ്രകാരം** |
|---|---|---|
| **(a) കരുതൽ നിക്ഷേപങ്ങൾ** | | |
| സുരക്ഷിതമല്ലെങ്കിലും പര്യാപ്തമെന്ന് കണക്കാക്കുന്ന നിക്ഷേപങ്ങൾ | 1.04 | 1.00 |
| എ | **1.04** | **1.00** |
| **(b) ഗവൺമെന്റ് അധികാരിയുമായുള്ള ഇടപാടിലെ ബാക്കി** | **-** | **-** |
| b i. ആദായ നികുതി / ടി.ഡി.എസ് / തിരികെ ലഭിക്കാനുള്ളത് | 160.15 | 272.49 |
| ബി | **160.15** | **272.49** |

b ii. 2005-06 കാലഘട്ടത്തിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കമ്പനി അടച്ച നികുതി തുകയാണ് ആദായ നികുതി വകുപ്പിൽ നിന്നും തിരിച്ചുകിട്ടാനുള്ളത്. ഒരു അംഗീകൃത ബാങ്ക് വഴി വരുമാനം ലഭിക്കാത്തതിനാൽ ആദായ നികുതി റിട്ടേൺ കണക്കാക്കുമ്പോൾ നികുതി അടവ് പരിഗണിക്കില്ല.

| | | |
|---|---|---|
| (c) മുൻകൂർ അടച്ച ചെലവ് | 0.55 | 0.43 |
| സി | **0.55** | **0.43** |
| **ആകെ മറ്റ് ധനകാര്യേതര ആസ്തികൾ (എ+ബി+സി)** | **161.74** | **273.92** |

| **6 മറ്റ് ധനകാര്യ ബാധ്യതകൾ** | **2024 മാർച്ച് 31 പ്രകാരം** | **2023 മാർച്ച് 31 പ്രകാരം** |
|---|---|---|
| വായ്പക്കാർക്ക് തിരികെ കൊടുക്കാനുള്ളത് മെസ്സേഴ്സ് കെ.ഇ.എൽ | - | 41.82 |
| കെ.എസ്.ഇ.ആർ.സിയിൽ നിന്നുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് | 5.00 | 5.00 |
| മറ്റു ബാധ്യതകൾ | 2.49 | 2.11 |
| **ആകെ (എ)** | **7.49** | **48.93** |
| **നിയമപരമായ കുടിശിക കൊടുക്കാനുള്ളത്** | | |
| ജി.എസ്.ടി കൊടുക്കാനുള്ളത് | - | 0.41 |
| **ആകെ (ബി)** | **-** | **0.41** |
| **ആകെ (എ+ബി)** | **7.49** | **49.33** |

| **7 കരുതൽ വ്യവസ്ഥ** | **2024 മാർച്ച് 31 പ്രകാരം** | **2023 മാർച്ച് 31 പ്രകാരം** |
|---|---|---|
| **A. ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾക്കുള്ള കരുതൽ** | | |
| a. ഗ്രാറ്റുവിറ്റിക്കുള്ള കരുതൽ വ്യവസ്ഥ | 2.21 | 2.21 |
| b. ആർജ്ജിത അവധി പരിത്യാഗം ചെയ്യുന്നതിനുള്ള കരുതൽ വ്യവസ്ഥ | 1.05 | 1.04 |
| c. ശമ്പളത്തിനുള്ള കരുതൽ വ്യവസ്ഥ | 2.61 | - |
| എ | **5.87** | **3.25** |

7. b.1 ജീവനക്കാരുടെ ആർജ്ജിത അവധി പരിത്യാഗം നൽകുന്നത് കമ്പനിയുടെ സ്വന്തം മൂല്യനിർണ്ണയത്തിലാണ്. 31.03.2023 പ്രകാരം രണ്ട് ജീവനക്കാർക്ക് മാത്രമേ ആർജ്ജിത അവധി പരിത്യാഗത്തിന് അർഹരായിട്ടുള്ളു.

| | | |
|---|---|---|
| B. നികുതിക്കുള്ള കരുതൽ വ്യവസ്ഥ | 77.73 | 266.77 |
| ബി | **77.73** | **266.77** |

നികുതി നൽകാനുള്ള വ്യവസ്ഥയുടെ കാര്യത്തിൽ കമ്പനി മുൻവർഷങ്ങളിൽ നെറ്റിംഗ് ഓഫ് ചെയ്യുന്ന രീതിക്ക് പകരം മൊത്തതുകയുമായി പോകാൻ തീരുമാനിച്ചു

| | | |
|---|---|---|
| **C. മറ്റു കരുതൽ വ്യവസ്ഥ** | | |
| a. നിലവാരമുള്ള ആസ്തികളിൻമേലുള്ള വ്യവസ്ഥ | 3.01 | 40.69 |
| b. തിരിച്ചടവ് സാധ്യതയില്ലാത്ത വായ്പകൾക്കുള്ള കരുതൽ വ്യവസ്ഥ | 1539.07 | 177.74 |
| സി | 1542.08 | 218.44 |
| d. സി.എസ്.ആർ ചെലവുകൾക്കുള്ള കരുതൽ വ്യവസ്ഥ | 45.84 | - |
| ഡി | 45.84 | 45.84 |
| **D. ആകെ വ്യവസ്ഥ (എ+ബി+സി+ഡി)** | **1671.51** | **488.45** |

| **8 മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള നികുതി ബാധ്യത (അസ്സൽ)** | **2024 മാർച്ച് 31 പ്രകാരം** | **2023 മാർച്ച് 31 പ്രകാരം** |
|---|---|---|
| മാറ്റിവച്ച നികുതി ബാധ്യതകൾ | | |
| മൂല്യശോഷണത്തിന്റെ സമയവ്യത്യാസങ്ങളിൽ നിന്ന് ഉടലെടുക്കുന്നത് | 14.19 | 13.92 |
| മാറ്റിവച്ച നികുതി ആസ്തി | | |
| മോശമായതും സംശയാസ്പദമായ വാണിജ്യ സ്വീകാര്യതയുമായി ബന്ധപ്പെട്ട സമയ വ്യത്യാസത്തിൽ നിന്നും കിട്ടാനുള്ളത് | - | - |
| ജീവനക്കാരുടെ ആനുകൂല്യങ്ങൾ | 0.82 | 0.82 |
| **നീക്കിയിരുപ്പ്** | **13.37** | **13.10** |

| **9 മറ്റ് ധനകാര്യേതര ബാധ്യതകൾ** | **2024 മാർച്ച് 31 പ്രകാരം** | **2023 മാർച്ച് 31 പ്രകാരം** |
|---|---|---|
| a. നിലവിലെ ഭാഗമല്ലാത്ത കെ.എസ്.ഇ.ആർ.സിയിൽ നിന്നും മുൻകൂർ ലഭിച്ച പാട്ട വാടക | 38.32 | 44.26 |
| b. കെ.എസ്.ഇ.ആർ.സിയിൽ നിന്നും നിലവിലെ ഭാഗമായി ലഭിച്ച മുൻകൂർ പാട്ടവാടക | 5.94 | 5.94 |
| **ആകെ (എ)** | **44.26** | **50.20** |

| **നിയമപരമായ കുടിശ്ശിക കൊടുക്കാനുള്ളത്** | **2024 മാർച്ച് 31 പ്രകാരം** | **2023 മാർച്ച് 31 പ്രകാരം** |
|---|---|---|
| a. ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് കൊടുക്കാനുള്ളത് | 0.13 | 0.41 |
| b. ടി.ഡി.എസ് കൊടുക്കാനുള്ളത് | 0.02 | 0.13 |
| c. ജി.എസ്.ടി കൊടുക്കാനുള്ളത് | 0.43 | - |
| **ആകെ (ബി)** | **0.58** | **0.54** |
| **ആകെ (എ+ബി)** | **44.84** | **50.75** |

9.a.i കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (കെ.എസ്.ഇ.ആർ.സി) നൽകേണ്ട വാടകയിനത്തിലുള്ള 5.94 ലക്ഷം രൂപ 03.01.2012 ലെ കെ.എസ്.ഇ.ആർ.സിയും കെ.എസ്.പി.ഐ.എഫ്.സി യും തമ്മിലുള്ള മുൻകൂർ പാട്ട വാടകകരാർ ഇനത്തിൽ ചരക്ക് സേവന നികുതി (ജി.എസ്.ടി) ഉൾപ്പെടുത്തി പരിഗണിക്കുന്നു. പാട്ടവാടകയോടൊപ്പം ജി.എസ്.ടി. പിരിച്ചെടുക്കണമെന്ന നിബന്ധന പാട്ടവാടക കരാറിൽ ഇല്ല. കമ്പനി രേഖകൾ പ്രകാരം കെ.എസ്.ഇ.ആർ.സിക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ല.

| 10 ഓഹരി മൂലധനം | 2024 മാർച്ച് 31 പ്രകാരം | | 2023 മാർച്ച് 31 പ്രകാരം | |
|---|---|---|---|---|
| **അംഗീകരിച്ചവ** | ഓഹരികളുടെ എണ്ണം | തുക (ലക്ഷത്തിൽ) | ഓഹരികളുടെ എണ്ണം | തുക (ലക്ഷത്തിൽ) |
| 10 രൂപ വിലയുള്ള വോട്ടവകാശത്തോടുകൂടിയ സമത ഓഹരികൾ | 10,00,00,000 | 10,000.00 | 100,000,000 | 10,000.00 |
| | **10,00,00,000** | **10,000.00** | **100,000,000** | **10,000.00** |
| **വിതരണം ചെയ്തവ** | | | | |
| 10 രൂപ വിലയുള്ള വോട്ടവകാശത്തോടുകൂടിയ സമത ഓഹരികൾ | 26,650,070 | 2,665.01 | 26,650,070 | 2,665.01 |
| **ആകെ** | **26,650,070** | **2,665.01** | **26,650,070** | **2,665.01** |

10.1 കമ്പനിക്ക് ഒരു തരത്തിലുള്ള ഓഹരി മൂലധനമേ ഉള്ളൂ. എല്ലാ ഓഹരി മൂലധനവും തുല്യ വിലയുള്ളതും അവ കമ്പനിയുടെ അവശേഷിക്കുന്ന മൂലധനവുമാണ്. ഓഹരി മൂലധനത്തിന് കാലാകാലം ലാഭവിഹിതം പ്രഖ്യാപിക്കുമ്പോൾ അതിന് അർഹതപ്പെട്ടിരിക്കുന്നു. അവകാശാനുസരണം പങ്കെടുക്കുന്നവർക്ക് വോട്ട് രേഖപ്പെടുത്താനുള്ള അവസരം ലഭ്യമാണ്. അത് ഓഹരി മൂലധനത്തിനു ആനുപാതികമായാണ്. ഈ വോട്ടവകാശം അംഗത്തിനോ അയാളുടെ പ്രതിനിധിയ്ക്കോ ഓഹരി ഉടമസ്ഥരുടെ യോഗത്തിൽ ഒരു ഓഹരിയ്ക്ക് ഒരു വോട്ട് എന്ന ക്രമത്തിൽ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഓഹരിയുടെ ഏതെങ്കിലും തുക അടയ്ക്കാനുണ്ടെങ്കിൽ വോട്ടവകാശം പ്രയോഗിക്കാൻ കഴിയില്ല.

കമ്പനി പൂട്ടുന്ന അവസരത്തിൽ ഓഹരിമൂലധനം കൈവശമുള്ളവർക്ക് മുൻഗണനാർഹമായ തുകകൾ വിതരണം ചെയ്ത ശേഷം അവശേഷിക്കുന്ന ആസ്തിയിൽ ഓഹരികളുടെ എണ്ണത്തിന്റെ ആനുപാതികമായി അർഹതയുണ്ടായിരിക്കുന്നതാണ്.

10.2 5% ലധികം ഓഹരി കൈവശമുള്ളവരുടെ വിവരങ്ങൾ

| | 2024 മാർച്ച് 31 പ്രകാരം | | 2023 മാർച്ച് 31 പ്രകാരം | |
|---|---|---|---|---|
| | ഓഹരികളുടെ എണ്ണം | ഓഹരികളുടെ ശതമാനം | ഓഹരികളുടെ എണ്ണം | ഓഹരികളുടെ ശതമാനം |
| കേരളഗവർണർ, കേരള സർക്കാരിനുവേണ്ടി | 1,58,30,560 | 59.40 | 1,58,30,560 | 59.40 |
| മെസ്സേഴ്സ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 1,08,19,440 | 40.60 | 1,08,19,440 | 40.60 |
| **ആകെ** | **2,66,50,000** | **100.00** | **2,66,50,000** | **100.00** |

**10.3 മികച്ച ഓഹരികളുടെ പൊരുത്തപ്പെടുത്തൽ ചുവടെ ചേർക്കുന്നു**

| | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| **വർഷാരംഭത്തെ സമത ഓഹരികൾ** | 2,66,50,070 | 2,66,50,070 |
| തൻ വർഷം പുതുതായുള്ളവ ചേർക്കുക | - | - |
| തൻ വർഷം ബോണസ്സായിട്ടുള്ളവ ചേർക്കുക | - | - |
| ഇ.എസ്.ഒ.പി ആയി നൽകിയ ഓഹരി ചേർക്കുക | - | - |
| മാറ്റത്തിന്റെ വഴിക്കുള്ള ഓഹരികൾ ചേർക്കുക | - | - |
| തിരിച്ചു വാങ്ങി റദ്ദു ചെയ്തവ കുറയ്ക്കുക | - | - |
| **വർഷാവസാനത്തെ സമത ഓഹരികൾ** | **2,66,50,070** | **2,66,50,070** |

**10.4** ബഹുമാനപ്പെട്ട കേരള ഗവർണറുടെ പേരിലുള്ള ആകെ ഓഹരികളിൽ 19,30,560 ഓഹരികൾ 2004-05 കാലയളവിൽ ബോണസ് ഓഹരിയായി കമ്പനി നൽകിയിട്ടുള്ളതാണ്.

**10.5** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ മൊത്തം ഓഹരികളിൽ 13,19,440 ഓഹരികൾ 2004-05 കാലയളവിൽ ബോണസ് ഓഹരിയായി കമ്പനി കൊടുത്തിട്ടുള്ളതാണ്.

**10.6** ഡയറക്ടറന്മാർ മുഖ്യസ്ഥാനീയർ മറ്റു വരിക്കാർ എന്നിവരുടെ കൈവശമാണ് ബാക്കി 70 ഓഹരികൾ.

**10.7** 2023-24 ൽ വർഷത്തിൽ കമ്പനി ലാഭവിഹിതം പ്രഖ്യാപിച്ചിട്ടില്ല.

| 11 മറ്റ് മൂലധനങ്ങൾ | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| **I ആദായ നികുതി നിയമം 36 (I) (VIII) അനുസരിച്ചുള്ള പ്രത്യേക കരുതൽധനം** | | |
| (എ) മുന്നിരിപ്പ് | 1232.52 | 1232.52 |
| (ബി) കൂട്ടിച്ചേർത്തവ | - | - |
| (സി) മാറ്റിയത് കുറവു ചെയ്തത് | - | - |
| (ഡി) നീക്കിയിരിപ്പ് | **1232.52** | **1232.52** |
| i 1961 ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 36(1) (VIII) പ്രകാരമുള്ള പ്രത്യേക കരുതൽ ധനം 1998-99 വർഷത്തിലാണ് രൂപീകരിക്കപ്പെട്ടത് നടപ്പ് വർഷത്തിലും മുൻവർഷങ്ങളിലും അത്തരമൊരു പ്രത്യേക കരുതൽ രൂപീകരിക്കപ്പെട്ടിട്ടില്ല. | | |
| II 1934 ലെ ആർ.ബി.ഐ. നിയമം 45- ഐ.സി അനുസരിച്ചുള്ള പ്രത്യേക കരുതൽ ധനം | | |
| (എ) മുന്നിരിപ്പ് | 669.51 | 519.51 |
| (ബി) ലാഭനഷ്ടക്കണക്കുകളിൽ അധികമുണ്ടായവ മാറ്റിയത് (കൂട്ടുക) | | |
| i 2021-22 വർഷത്തേക്ക് | - | - |
| ii 2022-23 വർഷത്തേക്ക് | - | 150.00 |
| (സി) മാറ്റിയത് കുറയ്ക്കുക | - | - |
| (ഡി) നീക്കിയിരിപ്പ് | 669.51 | 669.51 |
| **ആകെ കരുതൽ ധനം** | **1902.03** | **1902.03** |
| **III പൊതുവായ കരുതൽ ധനം** | | |
| (എ) മുന്നിരിപ്പ് | 3,180.69 | 3,180.69 |
| (ബി) കമ്പനിലാഭത്തിൽ നിന്നും നീക്കി വച്ചിട്ടുള്ള തുക | - | - |
| (സി) ലാഭവിഹിതം മാറ്റിയത്- കുറവു ചെയ്തത് | - | - |
| (ഡി) നീക്കിയിരിപ്പ് | **3,180.69** | **3,180.69** |
| IV **ലാഭനഷ്ടക്കണക്കുകളിലെ അധികമുള്ളവ/(കുറവ്)** | | |
| (എ) മുന്നിരിപ്പ് | 3,222.28 | 2,622.80 |
| (ബി) തൻവർഷത്തെ ലാഭം (കൂട്ടുക) | (1,112.11) | 749.48 |
| (സി) പൊതുകരുതൽ ധനത്തിലേയ്ക്കു മാറ്റിയത് കുറയ്ക്കുക | | |
| i 2021-22 വർഷത്തേക്ക് | - | - |
| ii 2022-23 വർഷത്തേക്ക് | - | 150.00 |
| (ഡി)നിലവിലെ/മുൻവർഷത്തെ ചെലവുകളുടെ ക്രമീകരണം | 25.55 | - |
| (ഇ) നീക്കിയിരിപ്പ് | 2,084.62 | 3,222.28 |
| ആകെ I+II+III+IV | **7,167.34** | **8305.01** |

**12. പലിശയിനത്തിലുള്ള വരുമാനം**

| | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| (എ) ഹ്രസ്വകാല വായ്പകളിന്മേൽ | 212.36 | 1,039.27 |
| (ബി) പിഴ പലിശ | 100.25 | 57.94 |
| **ആകെ** | **312.61** | **1097.21** |

വായ്പ കുടിശികയ്ക്ക് മിതമായ നിരക്കിലുള്ള പലിശയാണ് കമ്പനി ഈടാക്കുന്നത്

**13. വാടകയിനത്തിലുള്ള വരുമാനം**

| | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| കെ.എസ്.ഇ.ആർ.സിയിൽ നിന്നുള്ള പാട്ട വാടക | 5.04 | 5.04 |
| കെ.എസ്.ഇ.ആർ.സിയിൽ നിന്നും ലഭിച്ച മറ്റ് വാടക | 0.37 | 0.37 |
| **ആകെ** | **5.40** | **5.40** |

**14. മറ്റു വരുമാനം**

| | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| I. (a) ബാങ്ക് നിക്ഷേപത്തിലെ പലിശ | 52.44 | 44.56 |
| (b) സ്ഥിര നിക്ഷേപം ഇനത്തിലുള്ള പലിശ | | - 3.33 |
| II. മറ്റ് പ്രവർത്തന രഹിത വരുമാനം | | |
| (a) പലവക വരുമാനം | 0.00 | 0.04 |
| (b) വാഹനം വിറ്റ ഇനത്തിലുള്ള ലാഭം | 0.00 | 0.14 |
| (c) മുൻവർഷങ്ങളിലെ വരുമാനം | - | 0.15 |
| **ആകെ** | **52.44** | **48.23** |

**15. ധനകാര്യ ചെലവുകൾ**

| | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| പലിശയിനത്തിലെ ചെലവ് | - | - |
| (എ) കടം വാങ്ങിയ വകയിൽ | 0.00 | 0.00 |
| | **0.00** | **0.00** |

**16. ജീവനക്കാരുടെ ആനുകൂല്യങ്ങൾക്കുള്ള ചെലവ്**

| | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| (എ) ശമ്പളവും കൂലിയും | 35.98 | 48.85 |
| (ബി) പ്രോവിഡന്റ് ഫണ്ടിലേക്കും മറ്റു നിധികളിലേക്കുമുള്ള വിഹിതം | 1.48 | 1.81 |
| (സി) ജീവനക്കാരുടെ ക്ഷേമ ചെലവ് | 0.23 | 0.07 |
| (ഡി) ഗ്രൂപ്പ് ഗ്രാറ്റുവിറ്റി പ്രീമിയം | - | 0.30 |
| (ഇ) ഗ്രാറ്റുവിറ്റി വ്യവസ്ഥ | 0.08 | 0.06 |
| **ആകെ** | **37.76** | **51.09** |

**17. മൂല്യശോഷണം, ലൂണമോചനം എന്നിവയിലെ ചെലവ്**

| | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| (എ) പ്രത്യക്ഷ ആസ്തിയുടെ തൻ വർഷത്തെ മൂല്യശോഷണവും ലൂണമോചനവും | 5.64 | 5.96 |
| (ബി) പരോക്ഷ ആസ്തികയുടെ തൻ വർഷത്തെ മൂല്യശോഷണവും ലൂണമോചനവും | 0.02 | 0.02 |
| (സി) പുനർനിർണ്ണയ കരുതലിൽ നിന്നും ഉപയോഗിച്ചവ (കുറയ്ക്കുക) | - | - |
| **സ്ഥാവര ആസ്തിയിന്മേലുള്ള മൊത്തം മൂല്യശോഷണവും ലൂണമോചനവും** | 5.66 | 5.98 |
| **മൂല്യശോഷണവും ലൂണമോചനവുമായി ഉള്ള ആകെ ചെലവ് (സൂചന കുറിപ്പ് 4)** | **5.66** | **5.98** |

**18. മറ്റു ചെലവുകൾ**

| | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| (എ) ഊർജ ഇന്ധന വെള്ളചെലവുകൾ | 1.40 | 1.38 |
| (ബി) നിരക്കുകളും നികുതികളും | 2.07 | 1.16 |
| (സി) അറ്റുകുറ്റപ്പണിയും പരിപാലനവും | 1.91 | 1.99 |
| (ഡി) ഇൻഷ്വറൻസ് | 0.22 | 0.34 |
| (ഇ) പരസ്യ ചെലവ് | 0.30 | 0.20 |
| (എഫ്) നിയമസംബന്ധവും പ്രൊഫഷണലുമായ ചെലവുകൾ | 2.14 | 3.31 |
| (ജി) ആഡിറ്റ് ഫീസ് | 0.60 | 0.49 |
| (എച്ച്) ഇന്റേണൽ ആഡിറ്റ് ഫീസും ടാക്സ് ആഡിറ്റ് ഫീസും | 0.72 | 0.67 |
| (ഐ) റേറ്റിംഗ് ഫീസ് | - | 0.55 |
| (ജെ) അംഗത്വ ഫീസ് (സിബിൽ) | 0.16 | 0.37 |
| (കെ) ആശയവിനിമയ ചെലവും യാത്രാചെലവും | 0.67 | 0.23 |
| (എൽ) അച്ചടിയും സ്റ്റേഷനറിയും | 0.24 | 1.13 |
| (എം) വാഹന ഉപയോഗ ചെലവ് | 0.13 | 0.42 |
| (എൻ) ഓഫീസ് ചെലവുകൾ | 1.49 | 1.26 |
| (ഒ) ബോർഡ് മീറ്റിംഗ് ചെലവ് | 0.08 | 0.37 |
| (പി) ബാങ്ക് ചാർജുകൾ | 0.13 | 16.62 |
| (ക്യൂ) മറ്റുള്ളവ | 1.37 | 0.36 |
| (ആർ) ആഡിറ്റ് ചെലവുകൾ | 0.17 | 0.23 |
| (എസ്)സെക്യൂരിറ്റി ചാർജ്ജുകൾ | 3.90 | 3.58 |
| **ആകെ** | **17.71** | **34.67** |

**18.1 ആഡിറ്റർമാരുടെ പ്രതിഫലം**

| | 2024 മാർച്ച് 31 പ്രകാരം | 2023 മാർച്ച് 31 പ്രകാരം |
|---|---|---|
| (എ) സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് ഫീസ് | 0.60 | 0.49 |
| (ബി) ഇന്റേണൽ ആഡിറ്റ് ഫീസ് | 0.40 | 0.35 |
| (സി) ടാക്സ് ആഡിറ്റ് ഫീസ് | 0.33 | 0.32 |
| **ആകെ** | **1.32** | **1.17** |

**19. വായ്പ ആസ്തിയിൽമേലുള്ള വ്യവസ്ഥ (മൊത്തം)**

| | | |
|---|---|---|
| (എ) നിലവാരമുള്ളതും സംശയാസ്പദവും തിരിച്ചടവ് സാധ്യതയില്ലാത്തതുമായ ആസ്തിയിൻ മേലുള്ള വ്യവസ്ഥ (മൊത്തം) | 1323.64 | 1.21 |
| | **1323.64** | **1.21** |

**20. സംഘടിത സാമൂഹിക ഉത്തരവാദിത്വം**

2013 ലെ കമ്പനി നിയമം സെക്ഷൻ 135 പ്രകാരം സംഘടിത സാമൂഹിക ഉത്തരവാദിത്വം കമ്പനിക്ക് ബാധകമാണ്. അതനുസരിച്ച് 2023-24 സാമ്പത്തികവർഷത്തിൽ കമ്പനി സംഘടിത സാമൂഹിക ഉത്തരവാദിത്വ (സി.എസ്.ആർ)ത്തിനായി കമ്പനി 20.29 ലക്ഷം രൂപ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തികവർഷത്തിൽ കമ്പനിയ്ക്ക് സി.എസ്.ആർ. ചെലവുകൾക്കായി ഒരു തുകയും ചെലവഴിയ്ക്കാൻ കഴിഞ്ഞില്ല. 109-ാം ബോർഡ് മീറ്റിംഗ് പ്രകാരം ചെലവഴിക്കാത്ത സി.എസ്.ആർ തുകയായ 25.76 ലക്ഷം രൂപ (2022-23 സാമ്പത്തിക വർഷത്തെ 19.30 ലക്ഷം രൂപയും, 2021-22 സാമ്പത്തികവർഷത്തെ 1.71 ലക്ഷം രൂപയും 2020-21 സാമ്പത്തികവർഷത്തെ 4.54 ലക്ഷം രൂപയും ഉൾപ്പെടെ) 2013 ലെ കമ്പനി നിയമം സെക്ഷൻ 135 (5) രണ്ടാം വ്യവസ്ഥയ്ക്ക് അനുസൃതമായി എസ്.ബി.ഐയുടെ തിരുവനന്തപുരം കൊമേഴ്സ്യൽ ബ്രാഞ്ചിൽ സ്ഥിരനിക്ഷേപം നടത്തി. തൻവർഷവും മുൻവർഷവും മൂലധന നിർമ്മാണത്തിനായി ചെലവുകളൊന്നും നടത്തിയിട്ടില്ല.

**II മറ്റ് നോട്ടുകൾ**

**II.1 അനുബന്ധ കക്ഷികൾ**

1. അനുബന്ധ കക്ഷികളുടെ പേരും ആപേക്ഷിക ബന്ധത്തിന്റെ വിവരണവും

| | |
|---|---|
| (എ) ഭരണസമിതി തിരിച്ചറിഞ്ഞ ബന്ധപ്പെട്ട കക്ഷികളുടെ ലിസ്റ്റ് | |
| (i) കമ്പനിക്കു മേൽ നിയന്ത്രണമുള്ള കക്ഷികൾ | കേരള സർക്കാർ |
| (ii) തൻ വർഷം കമ്പനി ഇടപാടുകളിൽ ഏർപ്പെട്ട മറ്റുകക്ഷികൾ | ഇല്ല |
| (ബി) തൻവർഷം സാധാരണ ബിസിനസ്സ് ഗതിയിൽ ബന്ധപ്പെട്ട കക്ഷികളുമായി നടത്തിയ ഇടപാടുകൾ | ഇല്ല |
| സി) പ്രധാന മനേജരന്മാർ | |
| (എ) ശ്രീ പ്രേമൻ ദിനരാജ് ഐ.എ. & എ.എസ് (റിട്ട.) | ചെയർമാൻ |
| (ബി) ശ്രീ ബിജു ആർ | മാനേജിംഗ് ഡയറക്ടർ |
| (സി) ശ്രീമതി ശോഭ വി.ആർ | ഡയറക്ടർ |
| (ഡി) ശ്രീ കെ.സി. സഹദേവൻ | ഡയറക്ടർ |
| (ഇ) ശ്രീമതി. പ്രീതാകുമാരി. എൽ.പി | ഡയറക്ടർ |
| (എഫ്) ശ്രീ. കെ.പി. ബൈജു | ഡയറക്ടർ |
| (ജി) ശ്രീ. വിജു എ | ചീഫ് ഫിനാൻഷ്യൽ ആഫീസർ |
| (എച്ച്) ശ്രീ.എസ്. എസ്. താണു | കമ്പനി സെക്രട്ടറി |

**II.2 വ്യവസ്ഥകളുടെ ഗതി**

| | 2024 മാർച്ച് 31 ൽ തീരുന്ന വർഷം | 2023 മാർച്ച് 31 ൽ തീരുന്ന വർഷം |
|---|---|---|
| i. ഗ്രാറ്റുവിറ്റി വ്യവസ്ഥ | | |
| വർഷാരംഭം | | |
| ദീർഘകാലം | 2.21 | 2.15 |
| ഹ്രസ്വകാലം | - | - |
| തൻവർഷത്തെ അധിക വ്യവസ്ഥ | | |
| ദീർഘകാലം | - | 0.06 |
| ഹ്രസ്വകാലം | - | - |

| | | |
|---|---|---|
| തൻവർഷം ഉപയോഗിച്ചത്/കൊടുത്തത് | | |
| ദീർഘകാലം | | |
| ഹ്രസ്വകാലം | - | - |
| വർഷാവസാനം | | |
| ദീർഘകാലം | 2.21 | 2.21 |
| ഹ്രസ്വകാലം | - | - |
| **ii. ആർജിത അവധി പരിത്യാഗത്തിന്റെ വ്യവസ്ഥ** | | |
| വർഷാരംഭം | | |
| ദീർഘകാലം | 1.04 | 0.61 |
| ഹ്രസ്വകാലം | - | - |
| തൻവർഷത്തെ അധിക വ്യവസ്ഥ | | |
| ദീർഘകാലം | 0.34 | 0.43 |
| ഹ്രസ്വകാലം | - | - |
| തൻവർഷം ഉപയോഗിച്ചത്/കൊടുത്തത് | | |
| ദീർഘകാലം | 0.33 | - |
| ഹ്രസ്വകാലം | - | - |
| വർഷാവസാനം | | |
| ദീർഘകാലം | 1.05 | 1.04 |
| ഹ്രസ്വകാലം | - | - |
| **iii. നിലവാരമുള്ള ആസ്തികൾക്കുള്ള വ്യവസ്ഥ** | | |
| വർഷാരംഭം | | |
| ദീർഘകാലം | - | - |
| ഹ്രസ്വകാലം | 40.69 | 36.70 |
| തൻവർഷത്തെ അധിക വ്യവസ്ഥ | | |
| ദീർഘകാലം | 3.01 | - |
| ഹ്രസ്വകാലം | - | - |
| തൻവർഷം ഉപയോഗിച്ചത്/കൊടുത്തത് | | |
| ദീർഘകാലം | - | - |
| ഹ്രസ്വകാലം | 40.69 | (3.99) |
| വർഷാവസാനം | | |
| ദീർഘകാലം | - | - |
| ഹ്രസ്വകാലം | 3.01 | 40.69 |
| **iv. നിഷ്ക്രിയ ആസ്തികൾക്കുള്ള വ്യവസ്ഥ** | | |
| **(എൻപിഎ ആസ്തികൾ)** | | |
| വർഷാരംഭം | | |
| ദീർഘകാലം | 177.74 | 180.52 |
| ഹ്രസ്വകാലം | - | - |
| തൻവർഷത്തെ അധിക വ്യവസ്ഥ | | |
| ദീർഘകാലം | 170.35 | - |
| ഹ്രസ്വകാലം | 1368.72 | - |

| | | |
|---|---|---|
| തൻവർഷം ഉപയോഗിച്ചത്/കൊടുത്തത് | | |
| ദീർഘകാലം | 177.74 | 2.78 |
| ഹ്രസ്വകാലം | - | - |
| വർഷാവസാനം | | |
| ദീർഘകാലം | 170.35 | 177.74 |
| ഹ്രസ്വകാലം | 1368.72 | - |

ആർ.ബി.ഐ മാനദണ്ഡമനുസരിച്ച് മൊത്തം 10,041.33 ലക്ഷം ഹ്രസ്വകാല വായ്പയിൽ 170.35 ലക്ഷം രൂപ മൂന്ന് വർഷമായി സംശയാസ്പദ ആസ്തിയായും ബാക്കിയുള്ള 9124.79 ലക്ഷം രൂപ നിലവാരമില്ലാത്ത ആസ്തിയായും 752.01 ലക്ഷം രൂപ നില വാരമുള്ള ആസ്തിയായും തരം തിരിച്ചിരിക്കുന്നു. തിരുവനന്തപുരം ജെ.എഫ്.എം.സി 12- ൽ മെസ്സേഴ്സ് സേഫ് ഗാർഡ് ലൈറ്റിംഗ്സ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡിനെതിരെ ഒരു കേസ് ഫയൽ ചെയ്തിട്ടുള്ളതും, 31.03.2024 വരെ തീർപ്പായിട്ടില്ലാ ത്തതും ആകുന്നു. ഇതുവരെ പലിശ, പിഴപലിശ, റവന്യൂ റിക്കവറി ചാർജ്ജ് എന്നീ ഇനങ്ങളിൽ 22 ലക്ഷം രൂപ കിട്ടിയിട്ടുണ്ട്.

**v. നിലവിലെ നികുതിക്കുള്ള വ്യവസ്ഥ**

| | | |
|---|---|---|
| വർഷാരംഭം | | |
| ദീർഘകാലം | - | - |
| ഹ്രസ്വകാലം | 266.77 | 277.00 |
| തൻവർഷത്തെ അധിക വ്യവസ്ഥ | | |
| ദീർഘകാലം | - | - |
| ഹ്രസ്വകാലം | 77.73 | 266.77 |
| തൻവർഷം ഉപയോഗിച്ചത്/കൊടുത്തത് | | |
| ദീർഘകാലം | - | - |
| ഹ്രസ്വകാലം | 266.77 | 277.00 |
| വർഷാവസാനം | | |
| ദീർഘകാലം | - | - |
| ഹ്രസ്വകാലം | 77.73 | 266.77 |

**II.3** 31.03.2024 ന് 45 ദിവസത്തിൽ കൂടുതലായ മൈക്രോ, ചെറുകിട ഇടത്തര സംരംഭങ്ങൾക്ക് തുകകളൊന്നും കൊടുക്കേണ്ടതായിട്ടില്ല. (മുൻവർഷം ഇല്ല). 2006 ലെ മൈക്രോ ചെറുകിട ഇടത്തര സംരംഭങ്ങളുടെ വികസന നിയമത്തിന് കീഴിലുള്ള ആർക്കും തന്നെ പലിശ കൊടുക്കേണ്ടതായിട്ടില്ല.

**II.4** 31.03.2024 ന് അവസാനിച്ച വർഷത്തേക്കുള്ള സാമ്പത്തിക പ്രസ്താവനയുമായി ബന്ധപ്പെട്ട സമർപ്പിച്ച ജി.എസ്.ടി റിട്ടേണുകൾ പ്രകാരം നൽകേണ്ട വിറ്റുവരവിലും ജി.എസ്.ടിയിലും വ്യത്യാസമുണ്ട്. വാർഷിക റിട്ടേൺ (ജി.എസ്.ടി.ആർ) നൽകുമ്പോൾ ശരിയാക്കാം.

**II.5** 2023-24 സാമ്പത്തികവർഷത്തെ ടി.ഡി.എസ് ക്രെഡിറ്റിൽ കെ.എസ്.ഇ.ബി ശേഖരിക്കുന്ന 194Q സാധനങ്ങൾ വാങ്ങുമ്പോൾ എടുക്കുന്ന ടി.ഡി.എസ് ഉൾപ്പെടുന്നു. ഇവ കെ.എസ്.പി.ഐ.എഫ്.സി യുടെ ഭാഗമല്ലാത്തതിനാൽ കമ്പനിയുടെ ടി.ഡി.എസ് കണക്കാക്കുമ്പോൾ ഞങ്ങൾ ഇത് പരിഗണിച്ചിട്ടില്ല.

**II.6** വിശകലനഅനുപാതം

| അനുപാതം | ന്യൂമറേറ്റർ | ഡിനോമിനേറ്റർ | 2024 ന് അവസാനിച്ച വർഷം | 2023ന് അവസാനിച്ച വർഷം |
|---|---|---|---|---|
| നിലവിലെ അനുപാതം (സമയങ്ങളിൽ) | നിലവിലെ ആസ്തികൾ | നിലവിലെ ബാധ്യതകൾ | 1478.68 | 226.08 |
| കടം ഇകിറ്റി അനുപാതം (കാലങ്ങളിൽ) | ദീർഘകാല വായ്പകൾ + ഹ്രസ്വകാല വായ്പകൾ | ഇക്കിറ്റി ഓഹരി ഉടമ കളുടെ ഫണ്ടുകൾ | 0.18 | 0.05 |
| അറ്റ മൂലധന വിറ്റുവരവ് (കാലങ്ങളിൽ) | പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | നിലവിലെ ആസ്തികൾ നിലവിലെ ബാധ്യതകൾ | (0.10) | 0.07 |
| അറ്റാദായ അനുപാതം | തൻ വർഷത്തേക്കുള്ള ലാഭം (നികുതിക്ക് ശേഷം) | പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം | -300.20% | 65.12% |
| ഇകിറ്റിയിൽ റിട്ടേൺ (%ൽ) | തൻ വർഷത്തേക്കുള്ള ലാഭം (നികുതിക്ക് ശേഷം) ഡിവിഡന്റിന് മുൻഗണന | ശരാശരി ഇകിറ്റി ഓഹരി ഉടമ കളുടെ ഫണ്ടുകൾ | -10.79% | 7.07% |
| പലിശ സേവന കവറേജ് (കാലങ്ങളിൽ) | പലിശ സേവന ത്തിലൂടെ വരമാനം ലഭ്യമാണ്. | മൊത്തം പലിശ | - | 1049.54 |

**II.7** അനിശ്ചിത കാല ബാധ്യതകളും ഉത്തരവാദിത്തങ്ങളും ഇല്ല. (മുൻവർഷവും ഇല്ല)

**II.8** സാമ്പത്തിക പ്രസ്താവനകൾ ഡയറക്ടർ ബോർഡ് അംഗീകരിച്ചത് 09.04.2024 ൽ ആണ്.

**II.9** പ്രത്യേകം പരാമർശിച്ചിട്ടില്ലെങ്കിൽ ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ള തുക നെഗറ്റീവ് ആയി കണക്കാക്കണം.

ഇതിനോട് ചേർത്തിരിക്കുന്ന പ്രസ്തുത തീയതിയിലെ
ഞങ്ങളുടെ റിപ്പോട്ട് പ്രകാരം

**ശേഖർ & ജയന്തി**
ചാർട്ടേഡ് അക്കൗണ്ടന്റ്സിനു വേണ്ടി
സ്ഥാപന രജിസ്ട്രേഷൻ നമ്പർ: 005637S

ഒപ്പ്/-
**സി.എ. ശ്രീറാം ശേഖർ**
പാർട്ട്നർ (എം. നമ്പർ 246901)

യുഡിൻ : 24246901BKAUZR6641

സ്ഥലം : തിരുവനന്തപുരം
തീയതി: 23.09.2024

**ഡയറക്ടർ ബോർഡിന് വേണ്ടി**

**കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം**
സിഐഎൻ U65910KL1998SGC012160

ഒപ്പ്/-
**ബിജു.ആർ**
മാനേജിംഗ് ഡയറക്ടർ
ഡിൻ: 10048014

ഒപ്പ്/-
**പ്രേമൻ ദിനരാജ് ഐ.എ&എ.എസ് (റിട്ട.)**
ചെയർമാൻ
ഡിൻ: 05190963

ഒപ്പ്/-
**വിജു.എ**
ചീഫ് ഫിനാൻഷ്യൽ ഓഫീസർ

ഒപ്പ്/-
**എസ്. എസ്. താണു**
കമ്പനി സെക്രട്ടറി
മെമ്പർഷിപ്പ് നമ്പർ: എഫ് 7351

## കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപറേഷൻ ക്ലിപ്തം

### റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡിഎൻബിആർ പിഡി 008 310.119/2016-17 അനുസരിച്ചുള്ള നോൺ ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങൾക്കുള്ള റിപ്പോർട്ട്

ചുവടെ കൊടുത്തിരിക്കുന്ന വെളിപ്പെടുത്തലുകൾ നടത്തുന്നു.

| | | |
|---|---|---|
| i) | മറ്റ് ധനകാര്യ റെഗുലേറ്ററന്മാരിൽ നിന്നും ലഭിച്ചിട്ടുള്ള രജിസ്ട്രേഷൻ / ലൈസൻസ്/ അധികാരപത്രം മുതലായവ | 2013 ലെ കമ്പനിനിയമം അനുസരിച്ച് സിഐഎൻ യു65910കെഎൽ1998എസ്ജിസി012160 ആർ.ബി.ഐ നിയമപ്രകാരം രജി. നം. എ.16.00094 |
| ii) | ക്രെഡിറ്റ് ഏജൻസികൾ നൽകിയ റേറ്റിംഗും തൻവർഷത്തെ റേറ്റിംഗും | ബാഹ്യ എക്സ്പോഷറിലെ ക്രെഡിറ്റ് റേറ്റിംഗ്: കെയർ ബിബി $+^{ve}$ |
| iii) | റഗുലേറ്റർ പിഴ എന്തെങ്കിലും ഈടാക്കിയിട്ടുണ്ടോ? | ഇല്ല |
| iv) | പ്രവർത്തനസ്ഥലം രാജ്യം മുതലായ വിവരങ്ങൾ | ആർ.ഒ അഡ്രസ്സ് :കെപിഎഫ് സി ഭവനം, വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ., തിരുവനന്തപുരം - 695 010 |
| | പ്രവർത്തന മേഖല- രാജ്യം | ഇന്ത്യ |
| | സംയുക്തസംരംഭമാണെങ്കിൽ പങ്കാളികൾ | ഇല്ല |
| | വിദേശശാഖകൾ | ഇല്ല |
| v) | ആസ്തി- ബാധ്യത പ്രൊഫൈൽ, ധനസഹായം ചെയ്യുന്ന കമ്പനി ഉൽപന്നങ്ങൾ, എൻ.പി.എ ക്കാർ, ബാലൻസ് ഷീറ്റ് വിവരങ്ങൾ, മറ്റ് ക്രയവിക്രയങ്ങൾ അനുബന്ധം XII പ്രകാരമുള്ള വെളിപ്പെടുത്തലുകൾ എന്നിവ. | അനുബന്ധമായി പ്രത്യേകം ചേർത്തിട്ടുണ്ട്. |
| vi) | നേരിട്ടും അല്ലാതെയുമുള്ള റിയൽ എസ്റ്റേറ്റ് ബന്ധങ്ങൾ | ഇല്ല |
| vii) | ആസ്തിയുടേയും ബാധ്യതകളുടെയും കാലാവധി വിവരങ്ങൾ | അനുബന്ധം XII ആയി പ്രത്യേകം ചേർത്തിട്ടുണ്ട്. |

# കേരള സ്റ്റേറ്റ് പവ്വർ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം

**എൻബിഎഫ്സിയുടെ നിക്ഷേപ സ്വീകരണവുമായി ബന്ധപ്പെട്ട ബാലൻസ് ഷീറ്റ് വെളിപ്പെടുത്തൽ (എല്ലാ തുകകളും ഇന്ത്യൻ രൂപയിൽ (കോടിയിൽ))**

**1. അത്യാവശ്യ വെളിപ്പെടുത്തൽ**

ആർബിഐ നിർദ്ദേശമനുസരിച്ച് അനുബന്ധത്തിൽ ചേർത്തിട്ടുള്ള വിവരങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ചുവടെ കൊടുത്തിരിക്കുന്നവ അവയ്ക്ക് പരിപോഷകം മാത്രമാണ്.

**2. അക്കൗണ്ടിംഗ് നയങ്ങളുടെ ചുരുക്കം**

ധനകാര്യ വിവരണത്തിന്റെ ഭാഗമായി പ്രധാനമായ അക്കൗണ്ടിംഗ് നയങ്ങൾ പ്രത്യേകമായി വെളിപ്പെടുത്തിയിട്ടുണ്ട്.

**3.1മൂലധനം**

| | വിവരണങ്ങൾ | തൻ വർഷം | മുൻവർഷം |
|---|---|---|---|
| i) | സിആർഎആർ (%) | 94.39 | 79.27 |
| ii) | സിആർഎആർ- ടയർ 1 മൂലധനം (%) | 94.39 | 79.27 |
| iii) | സിആർഎആർ – ടയർ 2 മൂലധനം (%) | ഇല്ല | ഇല്ല |
| iv) | ടയർ 2 മൂലധന കടം | ഇല്ല | ഇല്ല |
| v) | ശാശ്വതമായ കടപ്പത്ര പ്രകാരം ശേഖരിച്ച തുക | ഇല്ല | ഇല്ല |

**3.2. നിക്ഷേപങ്ങൾ**

| | | | തൻ വർഷം | മുൻവർഷം |
|---|---|---|---|---|
| | വിവരണങ്ങൾ | | | |
| 1) | നിക്ഷേപമൂല്യം | | ഇല്ല | |
| | (i) നിക്ഷേപത്തിന്റെ ആകെ മൂല്ല്യം | | | |
| | | (എ) ഇന്ത്യയിൽ | | |
| | | (ബി) ഇന്ത്യയ്ക്കു പുറത്ത് | | |
| | (ii) | മൂല്യശോഷണത്തിനുള്ള വ്യവസ്ഥ<br>(എ) ഇന്ത്യയിൽ<br>(ബി) ഇന്ത്യയ്ക്കു പുറത്ത് | | |
| | (iii) | നിക്ഷേപങ്ങളുടെ ആകെ മൂല്യം<br>(എ) ഇന്ത്യയിൽ<br>(ബി) ഇന്ത്യയ്ക്കു പുറത്ത് | | |
| (2) | നിക്ഷേപങ്ങളുടെ മൂല്യത്തകർച്ചയുമായി ബന്ധപ്പെട്ട വ്യവസ്ഥാവ്യതിയാനങ്ങൾ | | | |
| | (i) | മുന്നിരിപ്പ് | | |
| | (ii) | തൻവർഷത്തിൽ ചേർത്ത കരുതൽ വകയിരുത്തൽ (കൂട്ടുക) | | |
| | (iii) | തൻവർഷത്തിൽ തള്ളിക്കളഞ്ഞ കരുതൽ വകയിരുത്തൽ (കുറയ്ക്കുക) | | |
| | (iv) | നീക്കിയിരിപ്പ് | | |

**3.3 വ്യുൽപ്പന്നമായവ**

**3.3.1 മുൻകൂർ നിരക്കിന്റെ കരാർ/ കൈമാറ്റ പലിശനിരക്ക്**

| | | | (രൂപ കോടിയിൽ) |
|---|---|---|---|
| വിവരണങ്ങൾ | | തൻ വർഷം | മുൻവർഷം |
| i) | ധാരണാപരമായ കൈമാറ്റ കരാർ | ഇല്ല | |
| ii) | കക്ഷികൾ കരാർപ്രകാരം ബാധ്യതകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയതു മൂലമുള്ള നഷ്ടങ്ങൾ | | |
| iii) | കൈമാറ്റത്തിൽ ഏർപ്പെടുന്നതിനു മുമ്പ് എൻബിഎഫ്സിയ്ക്ക് ആവശ്യമായ ജാമ്യം | | |
| iv) | കൈമാറ്റത്തിൽ നിന്നുണ്ടാകാവുന്ന നഷ്ടസാധ്യത $ | | |
| v) | കൈമാറ്റ ബുക്കിന്റെ ന്യായ വില @ | | |
| കുറിപ്പ്: വായ്പ, വിപണി എന്നിവയിലെ നഷ്ട സാധ്യത കണക്കാക്കി കൈമാറ്റത്തിന്റെ പ്രകൃതം കാലാവധി എന്നിവയും കൈമാറ്റം രേഖപ്പെടുത്തുന്നതിന് നടപ്പാക്കിയ അക്കൗണ്ടിംഗ് നയങ്ങളും വെളിപ്പെടുത്തേണ്ടതുണ്ട്. | | | |
| $ ഉന്നതനിലവാരത്തിലുള്ള കമ്പനികളുടെ കൈമാറ്റങ്ങളെയോ ഏതെങ്കിലും പ്രത്യേക മേഖലയിലുള്ള വ്യവസായങ്ങളെയോ ഉദാഹരണമാക്കാവുന്നതാണ്. | | | |
| @ ഏതെങ്കിലും പ്രത്യേക ആസ്തി, ബാധ്യതകൾ അഥവാ കടപ്പാടുമായി ബന്ധപ്പെട്ടു കിടക്കുന്ന കൈമാറ്റങ്ങളുടെ മൂല്യം നിർണ്ണയിക്കേണ്ടത് അതാതു എൻ.ബി. എഫ്.സിക്ക് ആ വർഷാവസാനം കൈമാറ്റ ഉടമ്പടി അവസാനിക്കുമ്പോൾ കിട്ടേണ്ടതോ കൊടുക്കേണ്ടതോ ആയിട്ടുള്ള മതിപ്പ് തുകയുടെ ന്യായവില അടിസ്ഥാനപ്പെടുത്തിയാണ്. | | | |

**3.3.2 പലിശനിരക്കിലുള്ള വ്യുൽപന്നങ്ങളുടെ വ്യാപാര കൈമാറ്റം.**

| | | (രൂപ കോടിയിൽ) |
|---|---|---|
| ക്രമ നമ്പർ | വിവരണങ്ങൾ | തുക |
| i) | നടപ്പു സാമ്പത്തികവർഷത്തിൽ വ്യാപാര വിനിമയ പലിശനിരക്കിനു കണക്കാക്കിയ കരുതൽ തുക (ഇനം തിരിച്ച്) | ഇല്ല |
| ii) | 31 മാർച്ചിൽ വ്യാപാര വിനിമയവുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന തുക (ഇനം തിരിച്ച്) | ഇല്ല |
| iii) | വ്യാപാര വിനിമയവുമായി ബന്ധപ്പെട്ടതും "വളരെ ഫലപ്രദമല്ലാത്തതുമായ" കുടിശ്ശികതുക (ഇനം തിരിച്ച്) | ഇല്ല |
| iv) | വ്യാപാര വിനിമയവുമായി ബന്ധപ്പെട്ട് കമ്പോളനിലവാരത്തിൽ അടയാളപ്പെടുത്തിയത്. മൂല്യവും "വളരെ ഫലപ്രദമല്ലാത്തതുമായ" കുടിശ്ശിക തുക (ഇനം തിരിച്ച്) | ഇല്ല |

**3.3.3 വ്യുൽപന്നമായവയുടെ ഗുണപരമായ വെളിപ്പെടുത്തലുകളാലുള്ള റിസ്ക് എക്സ്പോഷർ ഡെറിവേറ്റീവ്:**

പ്രവർത്തനങ്ങൾ ഇല്ലാത്തതിനാൽ ചുവടെ കൊടുത്തിരിക്കുന്നതിൽ വെളിപ്പെടുത്തലുകളില്ല

എ) വ്യുൽപന്ന വ്യാപാരത്തിലെ നഷ്ടസാധ്യതകൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനവും അതിന്റെ ഘടനയും

ബി) അപകട സാധ്യത നിർണ്ണയിക്കൽ, നിരീക്ഷണം, റിപ്പോർട്ടിംഗ് തുടങ്ങിയവയ്ക്കായുള്ള സംവിധാനം

സി) അപകടത്തിൽ നിന്നും സംരക്ഷണം/ ലഘൂകരണം എന്നിവയ്ക്ക് കൈക്കൊണ്ട നടപടികളും സംവിധാനങ്ങളും

ഡി) നിയന്ത്രണ/ അനിയന്ത്രണ ഇടപാടുകളുടെ അക്കൗണ്ടിംഗ് നയങ്ങളും ബന്ധപ്പെട്ട ലഘൂകരണ നടപടികളും

**പാരിമാണികമായ വെളിപ്പെടുത്തലുകൾ**

| | വിവരണങ്ങൾ | നാണയ വ്യുൽപന്നം | പലിശനിരക്കിന്റെ വ്യുൽപന്നം |
|---|---|---|---|
| i) | വ്യുൽപന്നങ്ങളുടെ (നോഷനൽ മുഖ്യ തുക) ഹെഡ്ജിംഗിന് | | |
| (ii) | കമ്പോള നിലവാരത്തിന് അടയാളപ്പെടുത്തിയത് (1) | | |
| | എ) ആസ്തി (+) | ഇല്ല | |
| | ബി) ബാധ്യത (-) | | |
| (iii) | ക്രെഡിറ്റ് എക്സ്പോഷർ (2) | | |
| (iv) | ഹെഡ്ജ് ചെയ്യാത്ത എക്സ്പോഷർ | | |

**3.4 സുരക്ഷിതത്വമാക്കലുമായി ബന്ധപ്പെട്ട വെളിപ്പെടുത്തലുകൾ**

3.4.1 എൻ.ബി.എഫ്.സി സാമ്പത്തികസഹായത്തോടെ നിലനിൽക്കുന്ന എസ്പിവികളുടെ ബുക്ക് പ്രകാരം കുടിശ്ശികയായ സുരക്ഷിതമാക്കിയ ആസ്തിവകകളുടെ തുകയും ബാലൻസ് ഷീറ്റിന്റെ തീയതി പ്രകാരം എൻബിഎഫ്സി കാണിച്ചിട്ടുള്ള നീക്കിയിരിപ്പ് തുകയും സംബന്ധിച്ചുള്ള വെളിപ്പെടുത്തലുകൾ ചുവടെ ചേർത്തിരിക്കുന്ന രീതിയിലായിരിക്കണം.

| ക്രമ നമ്പർ | | വിവരണങ്ങൾ | തുക കോടിയിൽ |
|---|---|---|---|
| 1 | | സുരക്ഷിത വ്യവഹാരങ്ങളിൽ എൻബിഎഫ്സിക്ക് ബാധകമായവയുടെ എസ്പിവികളുടെ എണ്ണം* | |
| 2 | | സ്പോൺസർ ചെയ്ത എസ്പിവികളുടെ ബുക്ക് പ്രകാരം സുരക്ഷിതമാക്കിയ ആസ്തികൾ | |
| 3 | | എംആർആർ ബുക്കുകൾക്ക് ബാധകമായ എൻബിഎഫ്സി ക്ക് ബാലൻസ് ഷീറ്റ് പ്രകാരം കാണിച്ചിട്ടുള്ള ആകെ തുക | |
| | എ) | ഓഫ്-ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ളത് | |
| | | ആദ്യനഷ്ടം | |
| | | മറ്റുള്ളവ | ഇല്ല |
| | ബി) | ഓൺ- ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ളത് | |
| | | ആദ്യനഷ്ടം | |
| | | മറ്റുള്ളവ | |
| 4 | | എംആർആർ അല്ലാതെ സുരക്ഷിതത്വ വ്യവഹാരങ്ങളിൽ കാണിച്ചിട്ടുള്ള തുക | |
| | എ) | ഓഫ്-ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ളത് i) സ്വന്തം സുരക്ഷിതത്വമാക്കൽ പ്രകാരം | |
| | | ആദ്യ നഷ്ടം | |
| | | മറ്റുള്ളവ | |
| | | ii) മൂന്നാം കക്ഷി പ്രകാരം | |
| | | ആദ്യ നഷ്ടം | |
| | | മറ്റുള്ളവ | |
| | ബി) | ഓൺ-ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ളത് | ഇല്ല |
| | | i) സ്വന്തം സുരക്ഷിതത്വമാക്കൽ പ്രകാരം | |
| | | ആദ്യ നഷ്ടം | |
| | | മറ്റുള്ളവ | |
| | | ii) മൂന്നാം കക്ഷി പ്രകാരം | |
| | | ആദ്യ നഷ്ടം | |
| | | മറ്റുള്ളവ | |

*എസ്പിവി പ്രകാരം നിലവിലുള്ള സുരക്ഷിതത്വ വ്യവഹാരങ്ങൾ മാത്രം ഇവടെ റിപ്പോർട്ട് ചെയ്താൽ മതിയാകും.

**3.4.2 ധനകാര്യ ആസ്തി പുനർനിർമ്മാണത്തിന് വേണ്ടി പുനർനിർമ്മാണകമ്പനിക്കു വിറ്റതിന്റെ വിശദവിവരങ്ങൾ**

| | | | |
|---|---|---|---|
| | | | (രൂപ കോടിയിൽ) |
| | വിവരണങ്ങൾ | തൻ വർഷം | മുൻ വർഷം |
| i) | അക്കൗണ്ടുകളുടെ എണ്ണം | ഇല്ല | |
| ii) | എസ്.സി/ആർ.സിയ്ക്ക് കൈമാറിയ അക്കൗണ്ടുകളുടെ ആകെ മൂല്യം | | |
| iii) | മൊത്തത്തിൽ പരിഗണിക്കാവുന്നത് | | |
| iv) | മുൻവർഷങ്ങളിൽ മാറ്റിയ അക്കൗണ്ടുകളിന്മേലുള്ള അധിക പരിഗണന | | |
| v) | ആകെ ബുക്ക് വിലയിൽ ഉള്ള മൊത്ത ലാഭം/ നഷ്ടം | | |

**3.4.3 ഉചിതമായ എൻബിഎഫ്സികൾ ഏറ്റെടുത്ത കർത്തവ്യ നിർവഹണത്തിന്റെ വിവരങ്ങൾ**

| | വിവരണങ്ങൾ | തൻ വർഷം | മുൻ വർഷം |
|---|---|---|---|
| i) | അക്കൗണ്ടുകളുടെ എണ്ണം | ഇല്ല | |
| ii) | വിറ്റ അക്കൗണ്ടുകളുടെ ആകെ മൂല്യം | | |
| iii) | ആകെ പരിഗണനയിലുള്ളത് | | |
| iv) | മുൻവർഷങ്ങളിൽ മാറ്റം ചെയ്ത അക്കൗണ്ടുകളുടെ അധിക പരിഗണന | | |
| v) | ബുക്ക് വാല്യുവിലെ ആകെ ലാഭം/ നഷ്ടം | | |

**3.4.4 നിഷ്ക്രിയ ധനകാര്യ ആസ്തികൾ വാങ്ങിയ/ വിറ്റവയുടെ വിവരങ്ങൾ**

നിഷ്ക്രിയ സാമ്പത്തിക ആസ്തികൾ എൻബിഎഫ്സി അല്ലാതെയുള്ളത് താഴെ പറയുന്ന വിധം വെളിപ്പെടുത്തേണ്ടതാണ്

**എ. നിഷ്ക്രിയ ധനകാര്യ ആസ്തികൾ വാങ്ങിയവയുടെ വിവരങ്ങൾ**

| | വിവരണങ്ങൾ | തൻ വർഷം | മുൻ വർഷം |
|---|---|---|---|
| 1. | (എ) തൻവർഷം വാങ്ങിയ അക്കൗണ്ടുകളുടെ എണ്ണം | ഇല്ല | |
| | (ബി) നിലനിൽക്കുന്നതായുള്ളവ | | |
| 2. | (എ) തൻവർഷം ഇവയിൽ റീസ്ട്രക്ചർ ചെയ്തവയുടെ എണ്ണം | | |
| | (ബി) നിലനിൽക്കുന്നതായുള്ളവ | | |

**ബി. നിഷ്ക്രിയ ധനകാര്യ ആസ്തികൾ വിറ്റവയുടെ വിവരങ്ങൾ**

| | വിവരണങ്ങൾ | തൻ വർഷം | മുൻ വർഷം |
|---|---|---|---|
| 1. | വിറ്റ അക്കൗണ്ടുകളുടെ എണ്ണം | ഇല്ല | |
| 2. | നിലനിൽക്കുന്നവ | | |
| 3. | പരിഗണന ലഭിച്ചവ | | |

**3.5 ചില ആസ്തികളുടെയും ബാധ്യതകളുടെയും ഭരണസമിതി തീരുമാനിച്ചിട്ടുള്ള കാലാവധി.**

| | 30/31 ദിവസം വരെ | 1 മാസത്തിനു മേൽ 2 മാസത്തിനകം | 2 മാസത്തിനു മേൽ 3 മാസം വരെ | 3 മാസത്തിനു മേൽ 6 മാസം വരെ | 6 മാസത്തിനു മേൽ 1 വർഷം വരെ | 1 വർഷത്തിനു മേൽ 3 വർഷം വരെ | 3 വർഷത്തിനു മേൽ 5 വർഷം വരെ | 5 വർഷത്തിനു മേൽ | ആകെ |
|---|---|---|---|---|---|---|---|---|---|
| നിക്ഷേപങ്ങൾ | ഇല്ല | | | | | | | | |
| അഡ്വാൻസുകൾ | | | | 100.41 | | | | | 100.41 |
| മുതൽമുടക്ക് | ഇല്ല | | | | | | | | |
| വായ്പകൾ | ഇല്ല | | | | | | | | |
| വിദേശനാണയ ആസ്തികൾ | ഇല്ല | | | | | | | | |
| വിദേശനാണയ ബാധ്യതകൾ | ഇല്ല | | | | | | | | |

**3.6 എക്സ്പോഷറുകൾ**

**3.6.1 റിയൽ എസ്റ്റേറ്റ് വിഭാഗത്തിലെ എക്സ്പോഷറുകൾ**

(രൂപ കോടിയിൽ)

| | വിഭാഗം | തൻ വർഷം | മുൻ വർഷം |
|---|---|---|---|
| എ) | **നേരിട്ടുള്ള വെളിപ്പെടുത്തലുകൾ** | ഇല്ല | |
| | **(i) വാസയോഗ്യമായ ഭൂസമ്പത്തുപണയം** വാസയോഗ്യമായ സ്വത്തുക്കൾ പണയപ്പെടുത്തി വിട്ടുകൊടുത്തിട്ടുള്ളവ വായ്പയ്ക്കോ വാടകയ്ക്കോ വാങ്ങിയവരുടെ കൈവശം ഉള്ളവ | | |
| | **(ii) വാണിജ്യ റിയൽഎസ്റ്റേറ്റുകൾ** പണയപ്രകാരം കൈവശം വന്ന വാണിജ്യ റിയൽ എസ്റ്റേറ്റുകൾ (ഓഫീസ് കെട്ടിടങ്ങൾ ചില്ലറ വില്പന സ്ഥാപനങ്ങൾ, വിവിധോദ്ദേശ വാണിജ്യപരിസരങ്ങൾ, ധാരാളം കുടുംബങ്ങൾക്കായുള്ള വാസയോഗ്യമായ കെട്ടിടങ്ങൾ, വ്യാവസായിക/സംഭരണശാലകൾ, ഹോട്ടലുകൾ, ഏറ്റെടുത്തഭൂമി, അവയിൽ വികസനം, നിർമ്മാണം മുതലായവ) നോൺ ഫണ്ട് അടിസ്ഥാനപ്പെടുത്തിയുള്ള പരിധികളും വെളിപ്പെടുത്തേണ്ടതുണ്ട്. | | |
| | **(iii) വസ്തു ഈടുവച്ചുള്ള ജാമ്യത്തിന്മേലുള്ള നിക്ഷേപങ്ങളും മറ്റ് അനുബന്ധ വെളിപ്പെടുത്തലുകളും** | | |
| | എ) വാസയോഗ്യമായവ | | |
| | ബി) വാണിജ്യ റിയൽ എസ്റ്റേറ്റുകൾ | | |
| | റിയൽ എസ്റ്റേറ്റ് വിഭാഗത്തിലെ ആകെ വെളിപ്പെടുത്തലുകൾ | ഇല്ല | |

### 3.6.2 മൂലധന വിപണിയിലെ എക്സ്പോഷർ

(രൂപ കോടിയിൽ)

| | വിവരണങ്ങൾ | തൻ വർഷം | മുൻ വർഷം |
|---|---|---|---|
| i) | സമത ഓഹരികൾ, കൺവേർട്ടബിൾ ബോണ്ടുകൾ, കൺവേർട്ടിബിൾ ഡിബഞ്ചറുകൾ, ഇക്വിറ്റി ഓറിയന്റഡ് മ്യൂച്ചൽ ഫണ്ട് യൂണിറ്റുകൾ എന്നിവയിൽ നേരിട്ടുള്ള നിക്ഷേപം | ഇല്ല | |
| ii) | ഓഹരികൾ, ബോണ്ടുകൾ, ഡിബഞ്ചറുകൾ മറ്റു സെക്യൂരിറ്റികൾ, ഓഹരികളിലെ വ്യക്തിഗത നിക്ഷേപങ്ങൾ (ഐപിഒ/ഇഎസ്ഒപി ഉൾപ്പെടെ) കൺവേർട്ടിബിൾ ബോണ്ടുകൾ ഡിബഞ്ചറുകൾ, ഇക്വിറ്റി ഓറിയന്റഡ് മ്യൂച്ചൽ ഫണ്ട് യൂണിറ്റുകൾ എന്നിവയിലെ മുൻകൂർ തുക | | |
| iii) | ഓഹരികൾ/കൺവേർട്ടിബിൾ ബോണ്ടുകൾ/ കൺവേർട്ടിബിൾ ഡിബഞ്ചറുകൾ/ ഇക്വിറ്റി ഓറിയന്റഡ് മ്യൂച്ചൽ ഫണ്ട് യൂണിറ്റുകൾ എന്നിവ അടിസ്ഥാന പണയമായി എടുത്തിട്ടുള്ളവയുടെ മറ്റാവശ്യങ്ങൾ ക്കുള്ള മുൻകൂർ തുക | | |
| iv) | പ്രൈമറി സെക്യൂരിറ്റികളുടെ അഡ്വാൻസുകളിൽ പൂർണമായും ഉൾപ്പെടാത്ത കൊളാറ്ററൽ സെക്യൂരിറ്റി കൺവേർട്ടിബിൾ ബോണ്ടുകൾ, കൺവേർട്ടിബിൾ ഡിബഞ്ചറുകൾ, ഇക്വിറ്റി ഓറിയന്റ്ഡ് മ്യൂച്ചൽ ഫണ്ടുകൾ എന്നിവയുടെ സുരക്ഷിതത്വം ലഭ്യമാക്കുന്നതിന് ഷെയറുകളുടെ/ കൺവേർട്ടിബിൾ ബോണ്ടുകൾ/ കൺവേർട്ടിബിൾ ഡിബഞ്ചറുകൾ/ ഇക്വിറ്റി ഓറിയന്റഡ് മ്യൂച്ചൽ ഫണ്ട് യൂണിറ്റുകൾ എന്നിവയുടെ മറ്റാവശ്യങ്ങൾക്കുള്ള അഡ്വാൻസുകൾ | | |
| v) | സ്റ്റോക്ക് ബ്രോക്കറന്മാർക്കും വിപണി ക്കണ്ടെത്തുന്നവർക്കും നൽകിയിട്ടുള്ള സുരക്ഷിതത്വം ഉള്ളതും ഇല്ലാത്തതുമായ ലോണുകൾ | | |
| vi) | ഷെയറുകൾ/ബോണ്ടുകൾ/ഡിബഞ്ചറുകൾ എന്നിവയുടെ സുരക്ഷിതത്വം/ മറ്റ് സെക്യൂരിറ്റികൾ/ വിഭവങ്ങൾ സമാഹരിക്കുമെന്ന പ്രതീക്ഷയിൽ പുതിയ കമ്പനികളുടെ ഇക്വിറ്റികൾക്കു വേണ്ടി പ്രമോട്ടറന്മാർക്ക് നൽകിയിട്ടുള്ളവ എന്നീ വിഭാഗങ്ങളിലായി കോർപ്പറേറ്റുകൾക്ക് അനുവദിച്ചു കൊടുത്തിട്ടുള്ള ലോണുകൾ | ഇല്ല | |
| vii) | പ്രതീക്ഷിച്ച ഇക്വിറ്റി ഫ്ളോ/ ഇഷ്യൂ എന്നിവയുമായി കമ്പനികൾക്കു നല്കിയിട്ടുള്ള ബ്രിഡ്ജ് ലോണുകൾ | | |
| viii) | വെഞ്ചർ ക്യാപിറ്റൽ ഫണ്ടു (രജിസ്റ്റർ ചെയ്തിട്ടുള്ളതും അല്ലാത്തതുമായവ) മായി ബന്ധപ്പെട്ട എല്ലാ വെളിപ്പെടുത്തലുകളും | | |
| ആകെ മൂലധന വിപണിയിലെ വെളിപ്പെടുത്തലുകൾ | | ഇല്ല | |

**3.6.3 മാതൃ കമ്പനി ഉൽപന്നങ്ങൾക്കുള്ള ധനസഹായ വിവരങ്ങൾ - ഇല്ല**

**3.6.4 എക വായ്പാ പരിധി (എസ്ജിഎൽ) സംഘ വായ്പാ പരിധി (ജിബിഎൽ) എന്നിവയിൽ നിശ്ചിത പരിധി കടന്നിട്ടുള്ളവ**

റിപ്പോർട്ട് ചെയ്യേണ്ടതായ ഏകവായ്പാ പരിധി ഇല്ല

എ) സുരക്ഷയില്ലാത്ത അഡ്വാൻസുകളുടെ തുക കണക്കാക്കുന്നതിന് കമ്പനിക്ക് ഈടായി നൽകിയിട്ടുള്ള പ്രത്യേക അധികാരങ്ങളോ, അവകാശങ്ങളോ പ്രത്യക്ഷജാമ്യമായി കണക്കാക്കേണ്ടതില്ല. അതിനാൽ, അതിനെ സുരക്ഷയില്ലാത്തവയായി കണക്കാക്കാം.

ബി) പരോക്ഷ ഈടുകൾക്ക് അഡ്വാൻസുകൾ ഇല്ല.

**4. പലവക**

**മറ്റു ധനകാര്യ വിഭാഗത്തിലെ റഗുലേറ്ററുകളിൽ നിന്നുള്ള റജിസ്ട്രേഷൻ/**

**ആർബിഐയും മറ്റു റെഗുലേറ്റേഴ്സും ചുമത്തിയിട്ടുള്ള പിഴയെക്കുറിച്ചുള്ള വെളിപ്പെടുത്തൽ**

ആർ.ബി.ഐ യോ മറ്റ് നിയന്ത്രണാധികാരികളോ ഒരു പിഴയും ചുമത്തിയിട്ടില്ല.

വാർഷിക ധനകാര്യ വിവരണത്തിൽ ബന്ധപ്പെട്ടവരുമായിട്ടുള്ള ഇടപാടുകൾ പ്രത്യേകമായി വെളിപ്പെടുത്തിയിട്ടുണ്ട്.

**ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ ഉറപ്പിച്ചിട്ടുള്ള റേറ്റിംഗുകളും തൻവർഷം റേറ്റിംഗിനുണ്ടായ മാറ്റവും**

'കെയർ' എന്ന ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി വഴി ബിബി$^{+ve}$ റേറ്റിംഗ് ഉറപ്പിച്ചിട്ടുണ്ട്.

**ഡയറക്ടറന്മാരുടെ പ്രതിഫലം:**

എല്ലാ വിവരങ്ങളും വാർഷിക റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

**ഭരണസമിതി:**

ഡയറക്ടറുടെ റിപ്പോർട്ടിന്റെ/ അതിന് അനുബന്ധമായ ഭരണസമിതിയുടെ ചർച്ചയും വിശകലനവും ഓഹരി ഉടമകളുടെ വാർഷിക റിപ്പോർട്ടിന്റെ ഭാഗമായി വെളിപ്പെടുത്തിയിട്ടുണ്ട്.

**തൻവർഷത്തെ അസ്സൽ ലാഭവും അല്ലെങ്കിൽ നഷ്ടവും മുൻകാല ഇനങ്ങളും അക്കൗണ്ടിംഗ് നയങ്ങളിലുള്ള മാറ്റങ്ങളും**

കമ്പനിക്ക് 2023-24 വർഷത്തെ നഷ്ടം 11.12 കോടി ഇന്ത്യൻ രൂപ ആണ്. തൻവർഷം അക്കൗണ്ടിംഗ് നയങ്ങളിൽ മാറ്റമൊന്നും ഉണ്ടായിട്ടില്ല.

**5. അധിക വെളിപ്പെടുത്തലുകൾ**

**കരുതൽ വകയിരുത്തലുകളും അനിശ്ചിതത്വങ്ങളും**

ധനകാര്യ വിവരണങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും കരുതൽ വ്യവസ്ഥകളുടെയും അനിശ്ചിതത്വങ്ങളുടെയും വിവരങ്ങൾ ഒരു സ്ഥലത്ത് അറിയുന്നതിനും ഉചിതമായ എൻബിഎഫ്സികൾ താഴെ പറയുന്ന വിവരങ്ങൾ എൻടിഎയിൽ വെളിപ്പെടുത്തണം:

| | | (രൂപ കോടിയിൽ) |
|---|---|---|
| **ലാഭ-നഷ്ട കണക്കുകളിന്മേലുള്ള ചെലവുകൾ എന്ന തലക്കെട്ടിൽ കാണിച്ചിട്ടുള്ള "വ്യവസ്ഥകളുടെയും അനിശ്ചിതത്വങ്ങളുടെയും വിഭജനം"** | തൻ വർഷം | മുൻ വർഷം |
| നിക്ഷേപങ്ങളിലെ മൂല്യശോഷണത്തിനുള്ള വ്യവസ്ഥ | - | - |
| എൻ.പി.എ യിലുള്ള വ്യവസ്ഥ | 15.39 | 1.77 |
| ആദായനികുതിയിലുള്ള വ്യവസ്ഥ | 0.78 | 2.67 |
| മറ്റു വ്യവസ്ഥകളും അനിശ്ചിതത്വങ്ങളും (വിശദവിവരങ്ങളോടെ) | 0.03 | 0.03 |
| നിലവാരമുള്ള സ്വത്തിന്റെ വ്യവസ്ഥ | 0.03 | 0.41 |

**കരുതലുകളിൽ നിന്നും പിൻവലിച്ചവ**

തൻവർഷം കരുതലുകളിൽ നിന്നും ഒരു തുകയും പിൻവലിച്ചിട്ടില്ല

**നിക്ഷേപങ്ങളുടെ കേന്ദ്രീകരണം, അഡ്വാൻസുകൾ, എക്സ്പോഷറുകൾ, എൻപിഎ എന്നിവ.**

**നിക്ഷേപങ്ങളുടെ കേന്ദ്രീകരണം (നിക്ഷേപം സ്വീകരിക്കുന്ന എൻ.ബി.എഫ്.സി കൾക്ക് വേണ്ടി)**

| | |
|---|---|
| ഇരുപത് മികച്ച നിക്ഷേപകരുടെ ആകെ വെളിപ്പെടുത്തൽ തുക | ഇല്ല |
| എൻബിഎഫ്സി യുടെ മൊത്തം നിക്ഷേപത്തിനെതിരെ ഈ പ്രമുഖ ഇരുപത് കമ്പനികൾ എടുത്തിട്ടുള്ള നിക്ഷേപം ശതമാനത്തിൽ | |

**മുൻകൂറുകളുടെ കേന്ദ്രീകരണം**

| | |
|---|---|
| കടം വാങ്ങിയ ഇരുപത് പ്രമുഖ കമ്പനികളുടെ ആകെ തുക | 100.41 |
| ഈ സ്ഥാപനം മൊത്തം കൊടുത്തിട്ടുള്ള കടത്തിന്മേൽ ഈ പ്രമുഖ കമ്പനികൾ എടുത്തിട്ടുള്ള കടം ശതമാനത്തിൽ | 100% |

**വെളിപ്പെടുത്തലുകളുടെ കേന്ദ്രീകരണം**

| | |
|---|---|
| കടം വാങ്ങിയ ഇരുപത് പ്രമുഖർ/ ഉപഭോക്താക്കളുടെ ആകെ വെളിപ്പെടുത്തലുകൾ | 100.41 |
| എൻബിഎഫ്സിയുടെ ആകെ എക്സ്പോഷറുമായുള്ള ശതമാനം | 100% |

**എൻപിഎ കളുടെ കേന്ദ്രീകരണം**

| | |
|---|---|
| മുന്തിയ അഞ്ച് എൻപിഎ അക്കൗണ്ടുകളിന്മേലുള്ള ആകെ വെളിപ്പെടുത്തലുകൾ | 92.95 കോടി |

**എൻപിഎ കൾ- വിഭാഗം തിരിച്ചുള്ളവ**

| ക്രമ നമ്പർ | വിഭാഗം | എൻപിഎയുടെ ആ വിഭാഗ ത്തിലെ ആകെ അഡ്വാൻസിലെ ശതമാനം |
|---|---|---|
| 1 | കൃഷിയും ബന്ധപ്പെട്ട പ്രവർത്തനങ്ങളും | ഇല്ല |
| 2 | എംഎസ്എംഇ | ഇല്ല |
| 3 | വായ്പ വാങ്ങിയ കോർപ്പറേറ്റുകൾ | 92.95 |
| 4 | സേവനങ്ങൾ | ഇല്ല |
| 5 | സുരക്ഷിതത്വമില്ലാത്ത സ്വകാര്യ വായ്പകൾ | ഇല്ല |
| 6 | വാഹന വായ്പകൾ | ഇല്ല |
| 7 | മറ്റ് സ്വകാര്യ വായ്പകൾ | ഇല്ല |

**എൻപിഎകളുടെ ഗതി**

| | വിവരണങ്ങൾ | തൻ വർഷം | മുൻവർഷം |
|---|---|---|---|
| i) | ആകെ അഡ്വാൻസുകളിലെ ആകെ എൻപിഎകൾ(%) | 92.52 | 1.78 |
| ii) | എൻപിഎകളുടെ ഗതി (മൊത്തം) | | |
| | എ) മുന്നിരിപ്പ് | 1.78 | 1.81 |
| | ബി) തൻവർഷത്തെ വർദ്ധന | 91.25 | - |
| | സി) തൻവർഷത്തെ കുറവ് | 0.07 | 0.04 |
| | ഡി) നീക്കിയിരിപ്പ് | 92.95 | 1.78 |
| iii) | എൻപിഎകളുടെ ഗതി (അസ്സൽ) | | |
| | എ) മുന്നിരിപ്പ് | 77.56 | 0.04 |
| | ബി) തൻവർഷത്തെ വർദ്ധന | - | - |
| | സി) തൻവർഷത്തെ കുറവ് | - | 0.04 |
| | ഡി) നീക്കിയിരിപ്പ് | 77.56 | - |
| iv) | എൻപിഎയുടെ ഗതിയിലുള്ള വ്യവസ്ഥകൾ (നിലവാരമുള്ള ആസ്തികളുടെ വ്യവസ്ഥകൾ ഒഴിച്ചുള്ളവ) | | |
| | എ) മുന്നിരിപ്പ് | 1.78 | 1.78 |
| | ബി) തൻവർഷത്തെ ചേർക്കൽ | 13.69 | - |
| | സി) തൻവർഷത്തെ കുറവ് | 0.07 | - |
| | ഡി) നീക്കിയിരിപ്പ് | 15.39 | 1.78 |

**വിദേശ ആസ്തികൾ (വിദേശത്ത് സംയുക്ത സംരംഭമോ ശാഖകളോ ഉണ്ടെങ്കിൽ)- ഇല്ല**

| സംയുക്തസംരംഭത്തിന്റെ/ ശാഖയുടെ പേര് | സംയുക്ത സംരംഭത്തിലുള്ള മറ്റു പങ്കാളി | രാജ്യം | ആകെ സ്വത്തുക്കൾ |
|---|---|---|---|

**എസ്പിവികൾ സ്പോൺസർ ചെയ്തിട്ടുള്ള ഓഫ് ബാലൻസ് ഷീറ്റ് (അക്കൗണ്ടിംഗ് നിയമമനുസരിച്ച് ഏകീകരിച്ചവ)**

| എസ്പിവികൾ സ്പോൺസർ ചെയ്തതിന്റെ പേര് | |
|---|---|
| ഗാർഹികം | വിദേശം |
| ഇല്ല | |

**6. പരാതികളുടെ വെളുപ്പെടുത്തലുകൾ**

**ഉപഭോക്താക്കളുടെ പരാതികൾ**

| | | |
|---|---|---|
| എ) | വർഷാദ്യം നിലവിലുള്ള പരാതികളുടെ എണ്ണം | ഇല്ല |
| ബി) | തൻവർഷം ലഭിച്ച പരാതികളുടെ എണ്ണം | |
| സി) | തൻവർഷം പരിഹരിച്ച പരാതികളുടെ എണ്ണം | |
| ഡി) | വർഷാവസാനം ശേഷിക്കുന്ന പരാതികളുടെ എണ്ണം | |

KSPIFC

**ശേഖർ & ജയന്തി**
**ചാർട്ടേഡ് അക്കൗണ്ടന്റ്സ്**

എ.എൻ.ആർ.എ - E-5
ആൽത്തറ നഗർ, E-സ്ട്രീറ്റ്
വെള്ളയമ്പലം
തിരുവനന്തപുരം- 690 010

## സ്വതന്ത്ര ആഡിറ്റേഴ്സ് റിപ്പോർട്ട്

**കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ അംഗങ്ങൾക്ക്,**

**സാമ്പത്തിക വിവരണത്തിന്മേലുള്ള റിപ്പോർട്ട്:**

**അഭിപ്രായം**

കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് ("കമ്പനി")യുടെ 31 മാർച്ച് 2024 ന് അവസാനിക്കുന്ന വർഷത്തേക്കുള്ള ബാലൻസ്ഷീറ്റ്, ലാഭനഷ്ടകണക്കുകൾ, ആ വർഷത്തെ ക്യാഷ്ഫ്ളോ സ്റ്റേറ്റ്മെന്റ് എന്നിവയും പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ ഉൾപ്പെടെയുള്ള കുറുപ്പുകളും, അനുബന്ധ വിശദീകരണ വിവരങ്ങളും (സ്വതന്ത്ര സാമ്പത്തിക പ്രസ്താവനകൾ) ഉൾക്കൊള്ളുന്ന കമ്പനിയുടെ സാമ്പത്തിക വിവരങ്ങൾ ഞങ്ങൾ ആഡിറ്റു ചെയ്തു.

ഞങ്ങൾക്ക് ലഭിച്ചിട്ടുള്ള വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ ഞങ്ങൾ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അഭിപ്രായ ഖണ്ഡികയിൽ വിവരിച്ച വിഷയത്തിന്റെ പ്രഭാവം ഒഴികെ ആഡിറ്റിനായി ഞങ്ങൾക്ക് ലഭ്യമാക്കിയ തെളിവുകൾ യുക്തിസഹമായ തീരുമാനമെടുക്കുന്നതിനും അഭിപ്രായം രേഖപ്പെടുത്തുന്നതിനും ഉതകുന്നവയും അനുയോജ്യമായവയും ആയിരുന്നുവെന്ന് വിശ്വസിക്കുന്നു. മേൽപ്പറഞ്ഞ ധനകാര്യ പ്രസ്താവനകൾ കമ്പനി നിയമപ്രകാരം (ആക്ട്) ഇന്ത്യയിൽ പൊതുവായി അംഗീകരിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമായി സത്യസന്ധമായ വീക്ഷണം നൽകുന്നവയാണ്.

**അഭിപ്രായത്തിന്റെ അടിസ്ഥാനം**

ഞങ്ങൾ കമ്പനി നിയമം 2013 ലെ 143(10)-ാം വകുപ്പ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ആഡിറ്റ് പ്രമാണങ്ങൾ അനുസരിച്ച് ആഡിറ്റ് നടത്തിയിട്ടുള്ളതാകുന്നു. ഞങ്ങളുടെ മാനദണ്ഡങ്ങൾക്കനുസൃതമായ ഞങ്ങളുടെ ഉത്തരവാദിത്വങ്ങൾ റിപ്പോർട്ടിന്റെ "ആഡിറ്റർമാരുടെ ഉത്തരവാദിത്വങ്ങൾ" എന്ന ഖണ്ഡികയിൽ കൂടുതൽ വിവരിച്ചിരിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് പുറപ്പെടുവിച്ച നൈതീക പെരുമാറ്റച്ചട്ടം അനുസരിച്ച് സ്വതന്ത്രമായി കൃത്യനിർവഹണം നടത്തിയിട്ടുള്ളതും ലഭ്യമാക്കിയ വസ്തുതകളുടെ വെളിച്ചത്തിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

**പ്രധാന ആഡിറ്റ് കാര്യങ്ങൾ**

നിലവിലെ കാലഘട്ടത്തിലെ സ്വതന്ത്ര ധനകാര്യ പ്രസ്താവനകളുടെ ആഡിറ്റിൽ ഞങ്ങളുടെ അഭിപ്രായ പ്രകാരം ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണ്, പ്രധാന ആഡിറ്റ് കാര്യങ്ങൾ, മൊത്തത്തിലുള്ള ഈ വിഷയങ്ങളെ ആഡിറ്റ് വേളയിലുടനീളം അഭിസംബോധന ചെയ്തിട്ടുള്ളതും വ്യക്തമായി അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതുമാകുന്നു. ഇവയ്ക്ക് പ്രത്യേകം ഒരു സ്വതന്ത്ര അഭിപ്രായം നൽകുന്നില്ല എന്നും ഞങ്ങൾ സ്ഥിരീകരിക്കുന്നു.

ഞങ്ങളുടെ അഭിപ്രായത്തിൽ, ഞങ്ങൾക്ക് ലഭിച്ച വിവരങ്ങളും, വിശദീകരണങ്ങളും പരിഗണിക്കുമ്പോൾ സ്വതന്ത്ര സാമ്പത്തിക പ്രസ്താവനകളുടെ ഓഡിറ്റിൽ ഏറ്റവും പ്രധാനപ്പെട്ടതായി കരുതപ്പെട്ട കാര്യങ്ങൾ താഴെപറയുന്നവയാണ്

1. കെഇഎൽ ന്റെ മൊത്തം കുടിശികയായ 14,04,19,470 രൂപയിൽ KEL/01/23-24/2023 ന് 9,00,78,096/- രൂപയും KEL/03/22-23/2023ന്റെ 5,03,41,374/-രൂപയും ഉൾപ്പെടുന്നതാണ്. കെ.എസ്.ഇ.ബിയിൽ നിന്ന് ലഭിച്ച പർച്ചേസ് ഓർഡറിന്റെ അടിസ്ഥാനത്തിൽ കെഇഎൽന് ലോൺ നമ്പർ KEL/01/23-24/2023 വായ്പ അനുവദിച്ചെങ്കിലും, ഇത് സംബന്ധിച്ച് യാതൊന്നും വിതരണം ചെയ്തിട്ടില്ല. 10 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസായി നല്കിയിരുന്നു. ഈ തുക പൂർണമായും തിരിച്ചടക്കപ്പെട്ടിട്ടില്ല. കെഇഎൽ-ന്റെ അഭ്യർത്ഥന പ്രകാരം മൊബിലൈസേഷൻ അഡ്വാൻസിനെ ഹ്രസ്വകാല വായ്പയായി മാറ്റി, എന്നാൽ അതിന് ഒരു ഈടും ലഭിച്ചിട്ടില്ല. അതിനാൽ, തിരിച്ചടയാത്തതിനെ തുടർന്ന് വായ്പ 31.03.2024 ന് എൻ.പി.എ ആയി തരംതിരിച്ചിട്ടുണ്ട്.

2. ഓഡിറ്റ് നടത്തുന്നതിനിടെ തുക ക്രെഡിറ്റ് ചെയ്യപ്പെടുകയോ ലഭിക്കുകയോ ചെയ്യുന്ന സമയത്ത് പലിശ കണക്കാക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടു. 2023 ഒക്ടോബർ 19-ാം തീയതിയിലെ DoR.FIN.REC.No. 45/ 03.10.119/2023-24 എന്ന നോട്ടിഫിക്കേഷൻ പ്രകാരവും, 2024 മാർച്ച് 21-ലെ അപ്ഡേഷൻ പ്രകാരവും പലിശ അംഗീകൃത അക്കൗണ്ടിംഗ് നയങ്ങൾ അനുസരിച്ച് തിരിച്ചറിയേണ്ടതാണ്. അക്കൗണ്ടിംഗ് നയങ്ങൾ പ്രകാരം വരുമാനം അക്രൂവൽ അടിസ്ഥാനത്തിൽ ഈടാക്കണം. ഞങ്ങളുടെ അഭിപ്രായത്തിൽ, കെ.എസ്.പി.ഐ.എഫ്.സി ആർ.ബി.ഐയുടെ ഈ വ്യവസ്ഥ പാലിക്കുന്നില്ല.

3. പലിശ നിശ്ചിത കാലയളവിനെ അടിസ്ഥാനമാക്കി കണക്കാക്കുന്നില്ല. ഓരോ തുകയും ലഭിയ്ക്കുന്നതിന് അനുസരിച്ചാണ് കണക്കാക്കുന്നത്. ഇതനുസരിച്ച് എൻ.പി.എയുടെ വർഗ്ഗീകരണം മാസ്റ്റർ സർക്കുലറിന് അനുസൃതമായിട്ടല്ല.

**ഭരണസമിതിയുടെ ധനകാര്യ വിവരങ്ങൾക്കുള്ള ഉത്തരവാദിത്വം**

സാമ്പത്തിക വിവരണം തയ്യാറാക്കുന്നതിനു വേണ്ട 2013 ലെ കമ്പനി നിയമം ("ആക്ട്") വകുപ്പ് 134 (5) പ്രകാരം ധനസ്ഥിതി, പ്രവർത്തനം, കമ്പനിയുടെ മൂലധനത്തിലും ധനനിർഗമനത്തിലുമുള്ള മാറ്റം എന്നിവയും നിയമത്തിലെ വകുപ്പ് 133ൽ നിഷ്കർഷിച്ചിട്ടുള്ളതും ഇൻഡ്യയിൽ പൊതുവെ അംഗീകരിച്ചിട്ടുള്ളതുമായ അക്കൗണ്ടിംഗ് തത്വങ്ങളനുസരിച്ച് കമ്പനിയുടെ സ്വതന്ത്ര ധനകാര്യ നിലയെപ്പറ്റിയുള്ള വളരെ ശരിയായതും കൃത്യതയുള്ളതുമായ വിവരങ്ങൾ നൽകുന്നതിന് കമ്പനിയുടെ ബോർഡംഗങ്ങൾ ഉത്തരവാദികളാണ്. ഇവ കൂടാതെ ചുമതലകളിൽ ഇനിപ്പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി മതിയായ അക്കൗണ്ടിംഗ് റെക്കോർഡുകൾ, കമ്പനിയുടെ ആസ്തികളുടെ സുരക്ഷിതത്വം, വ്യാജമായ കണക്കുകളും മറ്റു ക്രമക്കേടുകളും കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വ്യവസ്ഥകളുള്ള അക്കൗണ്ടിംഗ് നയങ്ങൾ തെരഞ്ഞെടുക്കൽ, ഉചിതവും ന്യായവും ബുദ്ധിപൂർവവുമായ തീരുമാനം എടുക്കുന്നവയും മതിയായ ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങളുടെ മാതൃക, അവ നടപ്പാക്കൽ, സംരക്ഷണം എന്നിവയുടെ ഉറപ്പാക്കൽ, ശരിയും കൃത്യവുമായതും, തെറ്റുകളോ ക്രമക്കേടുകളോ ഇല്ലാത്തതുമായ അക്കൗണ്ടിംഗ് റെക്കോർഡുകൾ സൃഷ്ടിക്കൽ, അവ കാര്യക്ഷമമായി പ്രവർത്തിക്കും എന്ന് ഉറപ്പാക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കമ്പനിയുടെ വ്യാപാരം അവസാനിപ്പിക്കാൻ ഭരണസമിതി ഉദ്ദേശിക്കുന്നില്ലെങ്കിൽ തുടർ പ്രവർത്തനത്തിനുള്ള കമ്പനിയുടെ കഴിവ് വിലയിരുത്തേണ്ടതും അതിനുതകുന്ന തരത്തിലുള്ള വെളിപ്പെടുത്തലുകൾ സാമ്പത്തിക വിവരങ്ങളിൽ സ്വീകരിക്കേണ്ടതും അക്കൗണ്ടിംഗ് രീതികൾ അത്തരത്തിൽ തെരഞ്ഞെടുക്കേണ്ടതുമാണ്.

കമ്പനിയുടെ സാമ്പത്തിക പ്രസ്താവനകൾക്ക് മേൽനോട്ടം വഹിക്കുക എന്നതും ഭരണസമിതിയുടെ ഉത്തരവാദിത്വത്തിൽപെടുന്നു.

**ധനകാര്യ പ്രസ്താവനകളുടെ ആഡിറ്റിനുള്ള ആഡിറ്ററുടെ ഉത്തരവാദിത്വങ്ങൾ**

ആശയപരമായ തെറ്റിദ്ധാരണകളോ, തെറ്റുകളോ സാമ്പത്തിക പ്രസ്താവനകളിൽ കടന്നു കൂടിയിട്ടില്ല എന്ന് ന്യായമായ ഉറപ്പ് നൽകുക. അതിന്മേലുള്ള ഞങ്ങളുടെ അഭിപ്രായങ്ങൾ വ്യക്തമാക്കുന്ന ഒരു ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. യുക്തിസഹമായ ഉറപ്പ് ഒരു ഉയർന്ന തലത്തിലുള്ള ഉറപ്പാണെങ്കിലും ആഡിറ്റ് പ്രമാണങ്ങൾക്ക് അനുസൃതമായി നടത്തിയ ഒരു ആഡിറ്റിൽ തെറ്റായ പ്രസ്താവനകൾ

എല്ലായ്പ്പോഴും കണ്ടെത്താനാകുമെന്ന് ഉറപ്പ് പറയാനാകില്ല. വഞ്ചനയിൽ നിന്നോ, പിശകിൽ നിന്നോ തെറ്റായ പ്രസ്താവനകൾ ഉണ്ടാകാം. വ്യക്തിപരമായോ, അല്ലാതെയോ ഈ ഉപയോക്താക്കൾ എടുക്കുന്ന സാമ്പത്തിക തീരുമാനങ്ങൾ ഈ പ്രസ്താവനകളുടെ സ്വാധീനം മൂലം തെറ്റായാൽ ആ സാമ്പത്തിക വിവരങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നവയാണെന്ന് ഉറപ്പാക്കാം.

ആഡിറ്റ് പ്രമാണങ്ങൾക്കനുസൃതമായി ആഡിറ്റ് നടത്തിയിട്ടുള്ളതും, തീരുമാനങ്ങൾ എടുത്തിട്ടുള്ളതും ഒരു പരിധി വരെ ഇതിലുടനീളം അവിശ്വാസം/ അനിശ്ചിതത്വം നിലനിർത്തുകയും ചെയ്യുന്നു. അതോടൊപ്പം.

- വഞ്ചനയോ, പിശകോ കാരണം സാമ്പത്തിക പ്രസ്താവനകളുടെ തെറ്റായ അവതരണത്തിന്റെ അപകട സാധ്യതകൾ തിരിച്ചറിയുകയും, വിലയിരുത്തുകയും ചെയ്യുക. ആ അപകടസാധ്യതകളോട് പ്രതികരിക്കുന്ന ആഡിറ്റ് നടപടി ക്രമങ്ങൾ രൂപകൽപ്പന ചെയ്യുക. നടപ്പിലാക്കുക, തങ്ങളുടെ അഭിപ്രായത്തിന് അടിസ്ഥാനം നൽകാൻ പര്യാപ്തവും ഉചിതവുമായ ആഡിറ്റ് തെളിവുകൾ നേടുക. തെറ്റുകളോ പിഴവുകളോ കാരണം ഉണ്ടാകുന്ന  അബദ്ധ പ്രസ്താവനകൾ കണ്ടെത്താതിരിക്കാൻ, മന:പൂർവമായ വഞ്ചനയുടെ/ ചതിയുടെ ഭാഗമായിട്ടുണ്ടാകുന്ന തെറ്റായ അവതരണങ്ങളെ അപേക്ഷിച്ച് ലഘുവായുള്ളതാണ്. കാരണം വഞ്ചനയിൽ ഗൂഢാലോചന വ്യാജരേഖ ചമയ്ക്കൽ മന:പൂർവമായി കാര്യങ്ങൾ മറച്ചുവയ്ക്കുക തെറ്റായി അവതരിപ്പിക്കൽ അല്ലെങ്കിൽ കമ്പനിയുടെ  ഗാർഹിക നിയന്ത്രണങ്ങളെ തകർക്കുക എന്നിവ ഉൾപ്പെടാം.
- കമ്പനിയുടെ ആഭ്യന്തര നിയന്ത്രണങ്ങളെ പൂർണ്ണമായും മനസ്സിലാക്കി സാഹചര്യങ്ങൾക്കുതകുന്ന ആഡിറ്റിനാവശ്യമായ നടപടി ക്രമങ്ങൾ രൂപകൽപ്പന ചെയ്യുക. ആക്ടിന്റെ വകുപ്പ് 143 (3) (ഐ) പ്രകാരം കമ്പനിക്ക് മതിയായ ആഭ്യന്തര സംവിധാനം നിലവിലുണ്ടോ എന്നും അത്തരം നിയന്ത്രണങ്ങളുടെ പ്രവർത്തന ഫലപ്രാപ്തിയെക്കുറിച്ചും ഞങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനും ഞങ്ങൾ ഉത്തരവാദികളാണ്.
- അക്കൗണ്ടിംഗ് നയങ്ങളുടെ കൃത്യതയും അക്കൗണ്ടിംഗ് അനുമാനങ്ങളുടെ ഔചിത്യവും ഭരണസമിതി നടത്തിയ വെളിപ്പെടുത്തലുകളും വിലയിരുത്തുന്നു.
- കമ്പനിയുടെ തുടർച്ച ഉറപ്പാക്കുന്ന തരത്തിലുള്ള ആഡിറ്റ് പ്രമാണങ്ങൾ കമ്പനി സ്വീകരിച്ചിട്ടുണ്ടോ എന്നും ലഭ്യമാക്കിയ തെളിവുകളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള അനിശ്ചിതത്വം രേഖപ്പെടുത്തുന്ന സാഹചര്യങ്ങൾ നിലവിലുണ്ടോയെന്ന് പരിശോധിക്കുകയും, ഉറപ്പാക്കുകയും ചെയ്യുന്നു. ഒരു ഭൗതിക അനിശ്ചിതത്വം നിലവിലുണ്ടെന്ന നിഗമനത്തിൽ ഞങ്ങൾ എത്തുകയാണെങ്കിൽ ഞങ്ങളുടെ ആഡിറ്റ് റിപ്പോർട്ടിൽ ധനകാര്യ പ്രസ്താവനകളിലെ അനുബന്ധ വെളിപ്പെടുത്തലുകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യേണ്ടതുണ്ട്. അഥവാ ഇത്തരം വെളിപ്പെടുത്തലുകൾ അപര്യാപ്തമാണെങ്കിൽ ഞങ്ങളുടെ അഭിപ്രായം പരിഷ്ക്കരിക്കേണ്ടതുണ്ട്. ഞങ്ങളുടെ നിഗമനങ്ങൾ ആഡിറ്റ് റിപ്പോർട്ടിന്റെ തീയതി വരെ ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിലാണ്. എന്നിരുന്നാലും ഭാവിയിലെ സംഭവങ്ങളോ, വ്യവസ്ഥകളോ കമ്പനിയുടെ അടച്ചുപൂട്ടലിന് കാരണമായേക്കാം.
- വെളിപ്പെടുത്തലുകൾ ഉൾപ്പെടെയുള്ള സ്വതന്ത്ര ധനകാര്യ പ്രസ്താവനകളുടെ മൊത്തത്തിലുള്ള അവതരണം, ഘടന, ഉള്ളടക്കം എന്നിവ വിലയിരുത്തുന്നു. കൂടാതെ ധനകാര്യ പ്രസ്താവനകൾ അടിവരയിട്ട ഇടപാടുകളേയും സംഭവങ്ങളേയും വ്യക്തമായ രീതിയിൽ പ്രതിനിധീകരിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നു.

വ്യക്തിപരമായോ, മൊത്തമായോ ധനകാര്യപ്രസ്താവനകളിലെ തെറ്റായ വിവരങ്ങളുടെ വ്യാപ്തിയാണ് അതിന്റെ ഗൗരവം നിർണ്ണയിക്കുന്നത്. ഇത്തരം പ്രസ്താവനകൾ ഉപയോക്താവിന്റെ സാമ്പത്തിക തീരുമാനങ്ങളെ സ്വാധീനിക്കാനുള്ള സാധ്യത കൂടുതലാണ്. ഞങ്ങൾ ഇത് പ്രസ്താവിക്കപ്പെടാനുള്ള ഘടകങ്ങൾ.

1. ഞങ്ങളുടെ ഈ പ്രസ്താവനകളുടെ ഗൗരവത്തെ മൂല്യത്തിന്റെ അടിസ്ഥാനത്തിലും ആഡിറ്റ് രീതി ആസൂത്രണം ചെയ്ത് അതിന്റെ ഫലം വിലയിരുത്തുന്നതിലും.
2. സാമ്പത്തിക പ്രസ്താവനകളിലെ തെറ്റായ പ്രസ്താവനകളെ തിരിച്ചറിഞ്ഞ് അതിന്റെ ഫലം വിലയിരു

ത്തുന്നതിലും ആണ്.

ആഡിറ്റിന്റെ ആസൂത്രിത വ്യാപ്തിയും സമയക്രമവും ആഡിറ്റിന്റെ പ്രധാന കണ്ടെത്തലുകളും ആഡിറ്റ് സമയത്ത് തിരിച്ചറിയുന്ന ആഭ്യന്തര നിയന്ത്രണത്തിൽ എന്തെങ്കിലും പാകപ്പിഴകൾ കണ്ടെത്തുകയും അവ ഭരണ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരെ അറിയിക്കുകയും ചെയ്യുന്നു.

ഞങ്ങൾ സ്വതന്ത്രമായി ബന്ധപ്പെട്ട ധാർമ്മിക ആവശ്യകതകൾ പാലിച്ചിട്ടുണ്ടെന്നും കമ്പനിയുമായുള്ള ഞങ്ങളുടെ ബന്ധങ്ങളെക്കുറിച്ച് ചുമതലപ്പെട്ടവരെ രേഖാമൂലം അറിയിച്ചിട്ടുള്ളതാകുന്നു.

തൻവർഷത്തെ സ്വതന്ത്ര ധനകാര്യ പ്രസ്താവനകളുടെ ആഡിറ്റിൽ ഏറ്റവും പ്രാധാന്യമുള്ള ആഡിറ്റ് കാര്യങ്ങൾ ഭരണം കൈകാര്യം ചെയ്യുന്നവരെ ഞങ്ങൾ അറിയിക്കുന്നു. അതിനെ പ്രധാന ആഡിറ്റ് കാര്യങ്ങൾ എന്ന ഖണ്ഡികയിൽ ഉൾക്കൊള്ളിക്കുന്നു. അത്തരം നിർണ്ണയങ്ങൾ നിയമമോ നിയന്ത്രണമോ പരസ്യമായി വെളിപ്പെടുത്തുന്നത് തടയുന്നുവെങ്കിൽ, അഥവാ വളരെ അപൂർവ്വ സാഹചര്യങ്ങളിൽ ഒരു കാര്യം ഞങ്ങളുടെ റിപ്പോർട്ടിൽ പരാമർശിക്കരുതെന്ന് ഞങ്ങൾ തീരുമാനിക്കുന്ന പക്ഷം അത് വെളിപ്പെടുത്താതിരിക്കാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. കാരണം അത്തരം പരാമർശങ്ങൾ പൊതു താൽപര്യ നേട്ടങ്ങളെ മറികടക്കുമെന്ന് ഒരു പക്ഷേ ന്യായമായും ഞങ്ങൾക്ക് ബോധ്യമുണ്ടെങ്കിൽ അവ വെളിപ്പെടുത്താതിരിക്കാം.

**മറ്റ് കാര്യങ്ങൾ**

ധനകാര്യ സ്റ്റേറ്റ്മെന്റുകളുടെ കുറിപ്പ് 2 ലേക്ക് ഞങ്ങൾ ശ്രദ്ധ ക്ഷണിക്കുന്നു. 31.03.2024 വരെ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് (ട്രാക്കോ) ൽ നിന്നും കിട്ടാനുള്ള തുക 7720.60 ലക്ഷം രൂപയാണ്. ഇത് കമ്പനിയുടെ 31.05.2024 വരെയുള്ള മൊത്തം വായ്പ തുകയുടെ 76.89% ആണ്. 31.07.2021 ലെ G.O (MS) No. 83/2021/ID പ്രകാരം ട്രാക്കോയുടെ മേൽപ്പറഞ്ഞ മുഴുവൻ തുകയ്ക്കും കേരള സർക്കാർ ഗ്യാരന്റി നൽകുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ ഒരു വായ്പക്കാരനുമായുള്ള ഉയർന്ന അനുപാതത്തിൽ വായ്പയുടെ കേന്ദ്രീകരണം ആർ.ബി.ഐ അനുവദിച്ചിട്ടുണ്ടെങ്കിലും കമ്പനിക്ക് ഉയർന്ന അപകടസാധ്യതയുണ്ട്. കൂടാതെ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി ചില ഉപഭോക്താക്കളുടെ അമിതമായ ആശ്രയത്തെക്കുറിച്ചും, വായ്പകളുടെ മിതമായ നിലവാരത്തെക്കുറിച്ചുമുള്ള വസ്തുത ഉയർത്തിക്കാട്ടുന്നു.

മുൻവർഷം റിപ്പോർട്ട് ചെയ്തതുപോലെ വായ്പയെടുക്കുന്നയാൾക്ക് ലഭിച്ച പർച്ചേസ് ഓർഡറിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം ഉയർന്ന മൂല്യമുള്ള വായ്പകൾ അനുവദിച്ചത്. അവരുടെ സാമ്പത്തിക പ്രസ്താവനകളും, സാമ്പത്തിക സ്ഥിതിയും വായ്പ എടുക്കുന്നതിന് മുമ്പോ, അതിന് ശേഷമോ കമ്പനിയുടെ അവലോകനത്തിൽ ശരിയായി പരിഗണിക്കപ്പെടുന്നില്ല. സാമ്പത്തികനിലകൾ വായ്പ അനുവദിക്കുന്നതിനുള്ള ഒരു ഘടകമാണെങ്കിൽ അത്തരം ഉയർന്ന മൂല്യമുള്ള വായ്പകൾക്ക് ട്രാക്കോ യോഗ്യമാകണമെന്നില്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം. 2023-24 കാലയളവിലെ നോട്ട് -2-ൽ പരാമർശിക്കുന്ന വായ്പക്കാരുടെ ഓഡിറ്റ് ചെയ്ത സാമ്പത്തിക പ്രസ്താവന ഞങ്ങൾക്ക് ലഭിച്ചിട്ടില്ല.

കൂടാതെ, 9124.79 ലക്ഷം രൂപയുടെ സുരക്ഷിത വായ്പകളായി തരം തിരിച്ചിരിക്കുന്നവയ്ക്ക് വ്യക്തമായ കൊളാറ്ററൽ സുരക്ഷയില്ലാത്തവയും, മാത്രമല്ല വായ്പ എടുക്കുന്നയാൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ക്ലിപ്തം (കെ.എസ്.ഇ.ബി.എൽ) ന് ബിൽ നൽകുന്നത് വരെ ഈ വായ്പകൾ വളരെ ഉയർന്ന അപകടസാധ്യതയിലാണ്. കൂടാതെ ഈ വായ്പക്കാരുടെ മേൽ രജിസ്ട്രാർ ഓഫ് കമ്പനീസിലും, സെർസായീസിലും ഒരു ചാർജ്ജും സൃഷ്ടിച്ചതായി കാണുന്നില്ല.

കൂടാതെ മറ്റ് കുറിപ്പുകളിൽ II-4-ലെ ജി.എസ്.ടി.യും സാമ്പത്തിക പ്രസ്താവനകളും തമ്മിലുള്ള വിറ്റുവരവിലെ വ്യത്യാസവും, II.5 TDS സ്വീകാര്യതയുമായി ബന്ധപ്പെട്ട് 2023 - 24 സാമ്പത്തിക വർഷത്തെ ക്രെഡിറ്റും എന്നതിലേക്ക് ഞങ്ങൾ ശ്രദ്ധ ക്ഷണിക്കുന്നു.

ഈ വിഷയത്തിൽ ഞങ്ങളുടെ അഭിപ്രായത്തിന് മാറ്റമില്ല.

**മറ്റ് നിയമപരവും കാര്യനിർവഹണ ആവശ്യങ്ങളിന്മേലുള്ള റിപ്പോർട്ട്**

1. ഭാരത സർക്കാരിന്റെ 2016 ലെ കമ്പനീസ് (ആഡിറ്റേഴ്സ് റിപ്പോർട്ട്) ഓർഡർ അനുസരിച്ച്, 2013 ലെ കമ്പനി നിയമം 143 ഉപവകുപ്പ് 11 പ്രകാരം പ്രസ്തുത ഓർഡറിലെ 3-4 ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഞങ്ങൾ അനുബന്ധം എ എന്ന വിവരണം നൽകിയിരിക്കുന്നു.

2. നിയമത്തിലെ വകുപ്പ് 143(3) പ്രകാരം ഞങ്ങൾ ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു.

എ) ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും ആഡിറ്റിനാവശ്യമായ എല്ലാ വിവരങ്ങളും വിശദീകരണങ്ങളും ഞങ്ങളുടെ ആവശ്യാനുസരണം ലഭ്യമായിട്ടുണ്ട്.

ബി) കമ്പനിയിൽ സൂക്ഷിച്ചിട്ടുള്ള കണക്കു പുസ്തകങ്ങളുടെ പരിശോധനയിൽ നിയമപ്രകാരമുള്ള എല്ലാ വിവരങ്ങളും ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്

സി) ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ള ബാലൻസ് ഷീറ്റ്, ലാഭനഷ്ടക്കണക്കുകൾ, ഓഹരിയിലുള്ള മാറ്റങ്ങൾ ധനനിർഗമന വിവരണം എന്നിവ കണക്കുപുസ്തകങ്ങളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നു.

ഡി) ഞങ്ങളുടെ അഭിപ്രായത്തിൽ മേൽ സൂചിപ്പിച്ച ധനകാര്യ വിവരണങ്ങൾ കമ്പനീസ് (അക്കൗണ്ട്സ്) റൂൾസ് 2014 വകുപ്പ്, 133 ചട്ടം 7 അനുസരിച്ച് രൂപപ്പെടുത്തിയിട്ടുള്ളതാണ്.

ഇ) ഒരു സർക്കാർ കമ്പനി ആയതിനാൽ 5.6.2015 ലെ ഉത്തരവിൻ പ്രകാരം വകുപ്പ് 164(2) ലെ വ്യവസ്ഥകൾ ഈ കമ്പനിയ്ക്കു ബാധകമല്ല.

എഫ്) കമ്പനിയുടെ ധനകാര്യ റിപ്പോർട്ടിന്മേൽ ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങൾ ഉള്ളതിനാൽ അവയുടെ ഫലപ്രാപ്തി ഞങ്ങളുടെ അനുബന്ധം ബി എന്ന റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. ഞങ്ങളുടെ ധനകാര്യ റിപ്പോർട്ടിന്മേൽ ധനകാര്യ നിയന്ത്രണങ്ങൾ ഉള്ളതിനാൽ അവയുടെ ഫലപ്രാപ്തി റിപ്പോർട്ടിൽ പരിഷ്ക്കരിക്കപ്പെട്ടിട്ടില്ല.

ജി) ഒരു ഗവൺമെന്റ് കമ്പനി ആയതിനാൽ കമ്പനി നിയമം വകുപ്പ് 197 ലെ വ്യവസ്ഥകൾക്ക് ആനുപാതികമായി ആഡിറ്റേഴ്സ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ കമ്പനിക്ക് ബാധകമല്ല.

(എച്ച്) 2016 കമ്പനി (ആഡിറ്റ് & ആഡിറ്റേഴ്സ്) ചട്ടങ്ങളിലെ 11-ാം ചട്ടപ്രകാരം, ഞങ്ങൾക്കു ലഭ്യമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ, ആഡിറ്റു റിപ്പോർട്ടിൽ ചേർക്കേണ്ട മറ്റു കാര്യങ്ങൾ ഇപ്രകാരമാണ്.

i) കമ്പനിയുടെ ധനകാര്യഭദ്രതയെ ബാധിക്കുന്നതരത്തിലുള്ള ഒരു വ്യവഹാരവും നിലവിലില്ല.

ii) കമ്പനിക്ക് നഷ്ടം ഉണ്ടാകത്തക്കവിധമുള്ള വ്യുൽപന്നക്കരാറുൾപ്പടെയുള്ള ദീർഘകാലകരാറുകളൊന്നും ഇല്ല.

iii) കമ്പനിയ്ക്ക് ഇൻവെസ്റ്റർ എഡ്യുക്കേഷൻ & പ്രൊട്ടക്ഷൻ ഫണ്ടിലേയ്ക്ക് തുക മാറ്റേണ്ട ആവശ്യമില്ല.

iv) 2021 -ലെ കമ്പനികളുടെ (ഓഡിറ്റ് ആന്റ് ഓഡിറ്റർമാർ) ഭേദഗതി ചട്ടങ്ങളിലെ റൂൾ 11-ലെ ക്ലോസ് (ഇ) സംബന്ധിച്ച്.

(1) മാനേജ്മെന്റ് അതിന്റെ ഏറ്റവും മികച്ച അറിവും, വിശ്വാസവും അനുസരിച്ച് അക്കൗണ്ടുകളിലേക്കുള്ള കുറിപ്പുകളിൽ വെളിപ്പെടുത്തിയതല്ലാതെ ഫണ്ടുകളൊന്നും അഡ്വാൻസ് ചെയ്യുകയോ, നിക്ഷേപിക്കുകയോ ചെയ്തിട്ടില്ല, (കടം വാങ്ങിയ ഫണ്ടുകളിൽ നിന്നോ, ഷെയർ പ്രീമിയത്തിൽ നിന്നോ, അല്ലെങ്കിൽ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ മറ്റ് ഫണ്ടുകളിൽ നിന്നോ) കമ്പനി അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിക്ക്/ വ്യക്തികൾക്ക് അല്ലെങ്കിൽ വിദേശ സ്ഥാപനങ്ങൾ (ഇടനിലക്കാർ) ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ, രേഖാമൂലമോ, അല്ലാത്തതോ ആയ ധാരണയോടെ, ഇടനിലക്കാരൻ നേരിട്ടോ അല്ലാതെയോ വായ്പ നൽകണം. അല്ലെങ്കിൽ കമ്പനിയുടെ (ആത്യന്തിക ഗുണഭോക്താക്കൾ) അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ തിരിച്ചറിഞ്ഞിട്ടുള്ള മറ്റ് വ്യക്തികളിലോ സ്ഥാപനങ്ങളിലോ നിക്ഷേപിക്കുക. അല്ലെങ്കിൽ ആത്യന്തിക ഗുണഭോക്താ

ക്കൾക്ക് വേണ്ടി ഏതെങ്കിലും ഗ്യാരന്റി, സുരക്ഷാ അല്ലെങ്കിൽ മറ്റെന്തെങ്കിലും നൽകുക.

2. മാനേജ്മെന്റ് പ്രതിനിധീകരിക്കുന്നത് അതിന്റെ ഏറ്റവും മികച്ച അറിവും, വിശ്വാസവും അനുസരിച്ച്, അക്കൗണ്ടുകളിലേക്കുള്ള കുറിപ്പുകളിൽ വെളിപ്പെടുത്തിയതല്ലാതെ കമ്പനിക്ക് ഏതെങ്കിലും വ്യക്തിയിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ, ഫണ്ടുകളൊന്നും ലഭിച്ചിട്ടില്ല. വിദേശ സ്ഥാപനങ്ങൾ (ഫണ്ടിംഗ് പാർട്ടികൾ) ധാരണയോടെ രേഖാമൂലമോ, അല്ലാതെയോ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, കമ്പനി നേരിട്ടോ അല്ലാതെയോ, ഏതെങ്കിലും വിധത്തിൽ തിരിച്ചറിഞ്ഞിട്ടുള്ള മറ്റ് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വായ്പ നൽകുകയോ നിക്ഷേപിക്കുകയോ ചെയ്യും അല്ലെങ്കിൽ ഫണ്ടിംഗ് പാർട്ടിയുടെ (ആത്യന്തിക ഗുണഭോക്താക്കൾ) അല്ലെങ്കിൽ ഏതെങ്കിലും ഗ്യാരന്റി, സുരക്ഷ ആത്യന്തിക ഗുണഭോക്താക്കൾക്ക് വേണ്ടി;

3. സാഹചര്യങ്ങളിൽ ന്യായവും ഉചിതവുമാണെന്ന് ഞങ്ങൾ കരുതിയ ഓഡിറ്റ് നടപടി ക്രമങ്ങളെ അടിസ്ഥാമാക്കി ഉപവകുപ്പ് എ യ്ക്കും ബിയ്ക്കും കീഴിലുള്ള പ്രതിനിധാനങ്ങളിൽ എന്തെങ്കിലും തെറ്റായ പ്രസ്താവന അടങ്ങിയിട്ടുണ്ടെന്ന് വിശ്വസിക്കാൻ കാരണമായ ഒന്നും അവരുടെ ശ്രദ്ധയിൽപെട്ടിട്ടില്ല.

(v) നടപ്പ് വർഷം കമ്പനി ഒരു ലാഭവിഹിതവും പ്രഖ്യാപിച്ചിട്ടില്ല.

(vi) ആക്ടിലെ സെക്ഷൻ 197 (16) പ്രകാരമുള്ള ഓഡിറ്റർമാരുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട കാര്യത്തിന്, ഞങ്ങളുടെ അഭിപ്രായത്തിലും, ഞങ്ങൾക്ക് നൽകിയ വിവരങ്ങളുടേയും, വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും, പരമാവധി അനുവദനീയമായ മാനേജീരിയൽ പ്രതിഫലത്തിന് സെക്ഷൻ 197 നിർദ്ദേശിക്കുന്ന പരിധി ബാധകമല്ല.

(vii) ഓഡിറ്റ് ട്രയൽ (എഡിറ്റ് ലോഗ്) സൗകര്യം റെക്കോർഡ് ചെയ്യുന്നതിനുള്ള സവിശേഷതയുള്ള അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ഉപയോഗിച്ച് കമ്പനികളുടെ അക്കൗണ്ട് ബുക്കുകൾ പരിപാലിക്കുന്നതിനുള്ള കമ്പനികളുടെ (അക്കൗണ്ടുകൾ) റൂൾസ് 2014 ന്റെ റൂൾ 3(1) വ്യവസ്ഥ 2023 ഏപ്രിൽ 1 മുതൽ കമ്പനികൾക്ക് ബാധകമാണ്. അതനുസരിച്ച് റൂൾ 11 (g)ക്ക് കീഴിൽ വരുന്ന കമ്പനികളുടെ (ആഡിറ്റ് & ആഡിറ്റേഴ്സ്) റൂൾ 2014, 2023 മാർച്ച് 31 ന് അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ ബാധകമാണ്. എന്നിരുന്നാലും, ഓഡിറ്റ് ട്രെയിൽ (എഡിറ്റ് ലോഗ്) സൗകര്യം റെക്കോഡ് ചെയ്യുന്ന സവിശേഷതയുള്ള അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ഉപയോഗിച്ച് കമ്പനി അക്കൗണ്ട് ബുക്കുകൾ പരിപാലിക്കുന്നില്ല.

**3. കംപ്ട്രോളർ & ആഡിറ്റ് ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ളതായ നിർദ്ദേശങ്ങളനുസരിച്ച്, 2013 കമ്പനി നിയമത്തിലെ സെക്ഷൻ 143(5) പ്രകാരം ആഡിറ്റ് നടത്തിയ തൻവർഷത്തെ കാലയളവിലേയ്ക്കായി ഞങ്ങൾ ഒരു വിവരണം അനുബന്ധം 'സി' യിൽ നൽകിയിരിക്കുന്നു.**

**ശേഖർ & ജയന്തി**
ചാർട്ടേഡ് അക്കൗണ്ടന്റ്സിനു വേണ്ടി
സ്ഥാപന രജിസ്ട്രേഷൻ നമ്പർ: 005637S

ഒപ്പ്/-
**സി.എ. ശ്രീറാം ശേഖർ**
പാർട്നർ (എം. നമ്പർ 246901)
യുഡിൻ :24246901BKAUZR6641

സ്ഥലം : തിരുവനന്തപുരം
തീയതി: 23.09.2024

## സ്വതന്ത്ര ഓഡിറ്ററുടെ റിപ്പോർട്ടിലേക്കുള്ള അനുബന്ധം 'എ'

**തിരുവനന്തപുരത്തെ മെസ്സേഴ്സ് കേരളാ സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിലെ അംഗങ്ങൾക്കുള്ള ഞങ്ങളുടെ റിപ്പോർട്ടിലെ മറ്റ് നിയമ നിയന്ത്രണ ആവശ്യകതകളെക്കുറിച്ചുള്ള റിപ്പോർട്ട് എന്ന വിഭാഗത്തിന് കീഴിലുള്ള ഖണ്ഡിക 2-ൽ പരാമർശിച്ചിരിക്കുന്നു.**

**I. കമ്പനിയുടെ സ്വത്ത് പ്ലാന്റ് ഉപകരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട്**

i) എ)(i) കമ്പനി യുക്തിസഹമായി എല്ലാ റെക്കോർഡുകളും സ്ഥിര ആസ്തികളുടെ വിവരങ്ങളും, പാരിമാണിക വിവരങ്ങളും വിശദമായി രേഖപ്പെടുത്തി നിലനിർത്തിവരുന്നു.

(ii) കമ്പനി യുക്തിസഹമായി എല്ലാ പരോക്ഷ ആസ്തിയുടെ വിവരങ്ങൾ വിശദമായി രേഖപ്പെടുത്തിവരുന്നു.

ബി) നിശ്ചിത ഇടവേളകളിൽ സ്ഥിര ആസ്തികളുടെ ഫിസിക്കൽ പരിശോധന മാനേജ്മെന്റ് നടത്തിവരുന്നു. ഞങ്ങൾക്കു നൽകിയ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള നിസ്സാര പിശകുകൾ അക്കൗണ്ട് ബുക്കിൽ പരിഹരിച്ചിട്ടുള്ളതാകുന്നു.

സി) ഞങ്ങൾക്ക് നൽകിയ വിവരങ്ങളും, വിശദീകരണങ്ങളും അനുസരിച്ച്, കമ്പനിയുടെ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, **9.05.2003 ൽ കേരള സർക്കാർ കമ്പനിക്ക് നൽകിയ 20 സെന്റ് ഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുക്കളുടെ ഉടമസ്ഥാവകാശ രേഖകൾ കമ്പനിയുടെ പേരിലാണ്, ഇതിനായി ഞങ്ങൾക്ക് നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച്, കേരള സർക്കാർ റവന്യൂ വകുപ്പ് ഗവർണറുടെ ഒരു ഉത്തരവും, തിരുവനന്തപുരം ജില്ലാകളക്ടർ ഒപ്പിട്ട ഫോം 3(പട്ട), ഫോം 4 (രജിസ്ട്രാർ അസൈൻമെന്റ് ഓർഡറും) ഉണ്ട്.**

ഡി) ഞങ്ങൾക്ക് ലഭിച്ച വിവരങ്ങളുടേയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പ്രത്യക്ഷ ആസ്തികളും പരോക്ഷ ആസ്തികളും തൻ വർഷത്തിൽ പുനർമൂല്യ നിർണയം നടത്തിയിട്ടില്ല.

ഇ) ഞങ്ങൾക്ക് ലഭിച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ 1988 (45 of 1988) ലെ ബിനാമി ട്രാൻസാക്ഷൻ (പ്രൊഹിബിഷൻ) നിയമപ്രകാരം കമ്പനി ബിനാമി ഇടപാട് നടത്തിയ വകയിൽ ഒരു നിയമനടപടികളും നേരിടുന്നില്ല.

ii) (a) ഞങ്ങളുടെ അഭിപ്രായത്തിലും ഞങ്ങൾക്ക് ലഭിച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലും കമ്പനിക്ക് ഒരു ചരക്കുപട്ടിക ഇല്ല. അതിനാൽ കാലാകാലങ്ങളിലുള്ള സ്റ്റോക്ക് പരിശോധനയും അവയുടെ സ്റ്റോക്ക് നിലവാരം സൂക്ഷിക്കുന്ന പുസ്തകങ്ങളും കമ്പനിയ്ക്കു ബാധകമല്ല.

(b) ഞങ്ങളുടെ അഭിപ്രായത്തിലും ഞങ്ങൾക്ക് ലഭിച്ച വിവരങ്ങളുടേയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും ഈ കാലയളവിൽ ബാങ്കുകളിൽ നിന്നോ മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ നിലവിലെ ആസ്തി ഈട് നൽകി അഞ്ച് കോടിയിൽ കൂടുതലായ വർക്കിംഗ് കാപ്പിറ്റൽ ലോണുകളൊന്നും പാസാക്കിയിട്ടില്ല.

iii) എ 2013 ലെ കമ്പനി നിയമം വകുപ്പ് 189 പ്രകാരം ഒരു രജിസ്റ്ററും കമ്പനി പരിപാലിക്കുന്നതായി കാണുന്നില്ല. റെക്കോർഡുകളുടെ പരിശോധനയിൽ നിന്ന് 189-ാം വകുപ്പ് അനുസരിച്ച് രേഖപ്പെടുത്തി പാലിക്കേണ്ടതായ ഒരു വിധത്തിലും ഉള്ള വായ്പകൾ ഏതെങ്കിലും പാർട്ടിയിൽ നിന്നോ പരിമിതമായ ബാധ്യതാ പങ്കാളിത്തത്തിനോ മറ്റ് കമ്പനികൾക്കോ അനുവദിച്ചു കൊടുത്തിട്ടില്ലാത്തതിനാൽ ഇത് കമ്പനിയ്ക്ക് ബാധകമല്ല. അതിൻപ്രകാരം ക്ലോസ് 3 (iii) സി മുതൽ 3(iii) എഫ് വരെയുള്ള വ്യവസ്ഥകൾ കമ്പനിക്ക് ബാധകമല്ല.

ബി. ഞങ്ങളുടെ അഭിപ്രായത്തിൽ അത്തരം വായ്പകൾ അനുവദിക്കുന്നതിലുള്ള നിബന്ധനകളും വ്യവസ്ഥകളും കമ്പനിയുടെ താൽപര്യത്തിന് ദോഷകരമല്ലേ എന്ന് റിപ്പോർട്ട് ചെയ്യേണ്ട ആവശ്യകത കമ്പനിയ്ക്ക് ബാധകമല്ല.

iv) ഞങ്ങളുടെ അഭിപ്രായത്തിലും ഞങ്ങൾക്ക് നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച് ലോണുകൾ, നിക്ഷേപങ്ങൾ, ഗ്യാരണ്ടികൾ, സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട നിയമത്തിന്റെ 185,186 വകുപ്പുകളിലെ ബാധകമായ വ്യവസ്ഥകൾ അനുസരിക്കുന്നുണ്ട്.

v) റിസർവ് ബാങ്ക്, ഡെപ്പോസിറ്റ് ടേക്കിംഗ് കമ്പനിയായി തരം തിരിച്ചിട്ടുണ്ടെങ്കിലും പൊതുജനങ്ങളിൽ നിന്നുള്ള നിക്ഷേപമായി കരുതപ്പെടുന്ന നിക്ഷേപകതുകകളൊന്നും കമ്പനി സ്വീകരിച്ചിട്ടില്ല. അതനുസരിച്ച് ഉത്തരവിന്റെ ക്ലോസ് 3 (v) ബാധകമല്ല.

vi) ഞങ്ങളുടെ അഭിപ്രായത്തിലും ഞങ്ങൾക്കു നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച് ഒരു നിർമ്മാണ പ്രവർത്തനവും നടത്തുന്നില്ല. അതിനാൽ സെക്ഷനിലെ സബ് സെക്ഷൻ (1) പ്രകാരം കേന്ദ്ര ഗവൺമെന്റ് ചെലവ് റക്കോഡുകളുടെ പരിപാലനം വ്യക്തമാക്കിയിട്ടുണ്ടോയെന്ന് റിപ്പോർട്ട് ചെയ്യേണ്ടത്

ആവശ്യമാണ്. കമ്പനിയുടെ ഉല്പന്നങ്ങൾക്കായുള്ള കമ്പനി നിയമത്തിലെ 2013- ലെ 148 കമ്പനിക്ക് ബാധകമല്ല.

vii) എ. ഞങ്ങൾക്കു നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച് പ്രൊവിഡന്റ് ഫണ്ട്, ജീവനക്കാരുടെ സംസ്ഥാന ഇൻഷ്വറൻസ്, ആദായനികുതി, സെയിൽസ് ടാക്സ്, സേവന നികുതി, ചരക്ക് സേവന നികുതി, കസ്റ്റംസ് തീരുവ, എന്നിവ ഉൾപ്പെടെയുള്ള തർക്കമില്ലാത്ത നിയമപരമായ കുടിശ്ശികകൾ കമ്പനി സ്ഥിരമായി നിക്ഷേപിക്കുന്നു. എക്സൈസ് മൂല്യവർദ്ധിത നികുതി, സെസ്സ് എന്നിവയും ബന്ധപ്പെട്ട അധികാരികൾക്കുള്ള മറ്റേതെങ്കിലും നിയമപരമായ കുടിശ്ശികകളും അവ ആയിത്തീർന്ന തീയതിമുതൽ 6 മാസത്തിലധികം കാലയളവിൽ ആഡിറ്റിന് കീഴിൽ സാമ്പത്തികവർഷത്തിന്റെ അവസാന ദിവസം വരെ അടയ്ക്കേണ്ട കുടിശിക ഇല്ല.

ബി. ഞങ്ങൾക്ക് കിട്ടിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച് ആദായനികുതിയോ വിൽപ്പന നികുതിയോ സേവന നികുതിയോ ചരക്ക് സേവന നികുതിയോ ഏതെങ്കിലും തർക്കത്തിന്റെ പേരിൽ നിക്ഷേപിച്ചിട്ടില്ല.

viii) ഞങ്ങൾക്കു നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച്, ആദായ നികുതിനിയമം 1961 (1961 ലെ 43) പ്രകാരമുള്ള ആദായനികുതി നിയമപ്രകാരമുള്ള നികുതി മൂല്യനിർണ്ണയത്തിലെ അക്കൗണ്ട് ബുക്കുളിൽ വരുമാനമായി മുമ്പ് രേഖപ്പെടുത്താത്ത ഇടപാടുകളൊന്നും കമ്പനി സറണ്ടർ ചെയ്യുകയോ, വെളിപ്പെപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ix) (എ) ഞങ്ങൾക്കു നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച്, കമ്പനി വായ്പകളോ, മറ്റ് വായ്പകളോ തിരിച്ചടയ്ക്കുന്നതിൽ അല്ലെങ്കിൽ ഏതെങ്കിലും കടം കൊടുക്കുന്നയാൾക്ക് പലിശ അടയ്ക്കുന്നതിന് വീഴ്ച വരുത്തിയിട്ടില്ല.

(ബി) ഞങ്ങൾക്ക് നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച്, ഏതെങ്കിലും ബാങ്കോ, ധനകാര്യ സ്ഥാപനമോ മറ്റ് വായ്പക്കാരോ കമ്പനിയെ മന:പൂർവ്വം കുടിശ്ശിക വരുത്തിയതായി പ്രഖ്യാപിച്ചിട്ടില്ല.

(സി) കമ്പനി ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ വ്യക്തിയിൽ നിന്നോ അതിന്റെ അനുബന്ധ സ്ഥാപനങ്ങളുടെയോ, അസ്സോസിയേറ്റ്സിന്റെയോ സംയുക്ത സംരംഭങ്ങളുടേയോ ബാധ്യതകൾ നിറവേറ്റുന്നതിനോ ഫണ്ടുകളൊന്നും എടുത്തിട്ടില്ല.

(ഡി) കമ്പനി അതിന്റെ സബ്സിഡിയറികളിലോ സംയുക്ത സംരംഭങ്ങളിലോ അസ്സോസിയേറ്റ്സിലോ സൂക്ഷിച്ചിരുന്ന സെക്യൂരിറ്റികളുടെ പണയത്തിൽ തൻവർഷത്തിൽ വായ്പ സമാഹരിച്ചിട്ടില്ല.

x) (എ) കമ്പനി പ്രാഥമിക പബ്ലിക് ഓഫർ വഴി സമാഹരിച്ച പണമൊന്നും തുടർന്നുള്ള പൊതു ഓഫർ (ഡെബ്റ്റ് ഇൻസ്ട്രുമെന്റ്സ് ഉൾപ്പെടെ) സമാഹരിച്ചിട്ടില്ല. അതനുസരിച്ച് ഉത്തരവിന്റെ ക്ലോസ് 3 (x)(എ) ബാധകമല്ല.

(ബി) ഞങ്ങൾക്ക് നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച് കമ്പനി ആ വർഷത്തിൽ ഏതെങ്കിലും മുൻഗണനാ അലോട്ട്മെന്റോ, ഷെയറുകളുടെ സ്വകാര്യ പ്ലേസ്മെന്റോ, കൺവെർട്ടിബിൾ ഡിബഞ്ചറുകളോ (പൂർണ്ണമായോ, ഭാഗികമായോ, ഓപ്ഷണലായോ നടത്തിയിട്ടില്ല. ഉത്തരവിന്റെ ക്ലോസ് 3(x) (b) ബാധകമല്ല.

xi) (എ) അക്കൗണ്ട് ബുക്കുകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച് ഓഡിറ്റ് വർഷത്തിൽ കമ്പനിയോ അതിന്റെ ഉദ്യോഗസ്ഥരോ, ജീവനക്കാരോ ഒരു വഞ്ചനയും ശ്രദ്ധിക്കുകയോ, റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല.

(ബി) ഞങ്ങൾക്ക് നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച് 2014 ലെ കേന്ദ്രഗവൺമെന്റിന്റെ നിയമങ്ങൾ (ആഡിറ്റ് & ആഡിറ്റേഴ്സ്) കമ്പനികളുടെ നിയമത്തിലെ 143-ാം വകുപ്പിന്റെ സബ്സെക്ഷൻ (12) പ്രകാരമുള്ള ഒരു റിപ്പോർട്ടും കമ്പനികളുടെ റൂൾ 13 പ്രകാരം നിർദ്ദേശിച്ച ADT- 4 ൽ ആഡിറ്റർമാർ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) മാനേജ്മെന്റ് ഞങ്ങളെ അറിയിച്ചിരിക്കുന്നത് പോലെ, കമ്പനിക്ക് വർഷത്തിൽ വിസിൽ- ബ്ലോവർ പരാതികളൊന്നും ലഭിച്ചിട്ടില്ല.

xii) ഞങ്ങളുടെ അഭിപ്രായത്തിലും, ഞങ്ങൾക്ക് നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച്, കമ്പനി ഒരു നിധി കമ്പനിയല്ല. അതിനുസരിച്ച് ഒരു നിധി കമ്പനിയുടെ ആവശ്യകതകൾ റിപ്പോർട്ട് ചെയ്യുന്നത് കമ്പനിക്ക് ബാധകമല്ല.

xiii) ഞങ്ങൾക്ക് നൽകിയ വിവരങ്ങളും, വിശദീകരണങ്ങളും അനുസരിച്ച്, കമ്പനിയുടെ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളുമായുള്ള എല്ലാ ഇടപാടുകളും സർക്കാർ കമ്പനിക്ക് ബാധകമായ നിയമത്തിലെ സെക്ഷൻ 177 ഉം -188 ഉം വ്യവസ്ഥകൾക്കും അത്തരം ഇടപാടുകളുടെ വിശ

ദാംശങ്ങൾക്കും അനുസൃതമാണ്. ബാധകമായ അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾക്കനുസരിച്ച് സാമ്പത്തിക പ്രസ്താവനകളിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

xiv) (എ)ഞങ്ങളുടെ അഭിപ്രായത്തിലും ഞങ്ങൾക്ക് നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച്, കമ്പനിക്ക് അതിന്റെ ബിസിനസ്സിന്റെ വലിപ്പത്തിനും സ്വഭാവത്തിനും ആനുപാതികമായ ഒരു ആന്തരിക ആഡിറ്റ് സംവിധാനം ഉണ്ട്.

(ബി)ആഡിറ്റിന് കീഴിലുള്ള കാലയളവിനായി ഇതുവരെ നൽകിയ കമ്പനിയുടെ ആന്തരിക ആഡിറ്റ് റിപ്പോർട്ടുകൾ ഞങ്ങൾ പരിഗണിച്ചു.

xv) ഞങ്ങളുടെ അഭിപ്രായത്തിലും ഞങ്ങൾക്കു നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച് കമ്പനി ഡയറക്ടർമാരുമായോ, അദ്ദേഹവുമായി ബന്ധപ്പെട്ട വ്യക്തികളുമായോ പണരഹിത ഇടപാടുകളൊന്നും നടത്തിയിട്ടില്ല. അതിനാൽ നിയമത്തിന്റെ 192- ാം വകുപ്പിലെ വ്യവസ്ഥകൾ കമ്പനിക്ക് ബാധകമല്ല.

xvi)(എ)ഞങ്ങൾക്കു നൽകിയ വിവരങ്ങളും വിശദീകരണങ്ങളും അനുസരിച്ച്, കമ്പനി രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അതിനാൽ 1934-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്ടിലെ സെക്ഷൻ 45IA പ്രകാരം രജിസ്ട്രേഷൻ നേടിയിട്ടുണ്ട്.

(ബി) 1934 ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആക്ട് പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (CoR) ഇല്ലാതെ ബാങ്കിംഗ് ഇതര സാമ്പത്തിക പ്രവർത്തനങ്ങളോ അല്ലെങ്കിൽ ഹൗസിംഗ് ഫിനാൻസ് പ്രവർത്തനങ്ങളോ കമ്പനി നടത്തിയിട്ടില്ല.

(സി) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണങ്ങളിൽ നിർവചിച്ചിരിക്കുന്നത് പോലെ കമ്പനി ഒരു പ്രധാന കോർ ഇൻവെസ്റ്റ്മെന്റ് കമ്പനി (സിഐസി) അല്ല. അതിനാൽ ഈ ക്ലോസ് പ്രകാരം റിപ്പോർട്ട് ചെയ്യുന്നത് ഈ കമ്പനിക്ക് ബാധകമല്ല.

(ഡി) ഗ്രൂപ്പിന്റെ ഭാഗമായി ഗ്രൂപ്പിന് ഒന്നിൽ കൂടുതൽ സിഐസി ഇല്ല. അതിനാൽ ക്ലോസ് xvi(d) ഈ കമ്പനിക്ക് ബാധകമല്ല.

xvii) ഈ സാമ്പത്തിക വർഷത്തിലും, തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തിലും കമ്പനിക്ക് പണനഷ്ടം ഉണ്ടായിട്ടില്ല.

xviii) ഈ വർഷം നിയമാനുസൃത ആഡിറ്റർമാരുടെ ഒരു രാജിയും ഉണ്ടായിട്ടില്ല. അതനുസരിച്ച് ക്ലോസ് 3 (xviii) കമ്പനിക്ക് ബാധകമല്ല.

xix) ഞങ്ങൾക്ക് നൽകിയ വിവരങ്ങളും, വിശദീകരണങ്ങളും അനുസരിച്ച്, സാമ്പത്തിക അനുപാതങ്ങൾ, കാലയളവ്, സാമ്പത്തിക ആസ്തികൾ സാക്ഷാത്കരിക്കുന്നതിന്റെയും സാമ്പത്തിക ബാധ്യതകൾ അടയ്ക്കുന്നതിന്റെയും പ്രതീക്ഷിക്കുന്ന തീയതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ, സാമ്പത്തിക പ്രസ്താവനകളോടൊപ്പമുള്ള മറ്റ് വിവരങ്ങൾ ഡയറക്ടർ ബോർഡിനെക്കുറിച്ചുള്ള ആഡിറ്ററുടെ അറിവ് ഒപ്പം മാനേജ്മെന്റ് പ്ലാനുകൾ ബാലൻസ് ഷീറ്റ് തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ബാധ്യതകൾ നിറവേറ്റാൻ കമ്പനിക്ക് കഴിയുമെന്നതിൽ അനിശ്ചിതത്വം ഇല്ല.

xx) ഞങ്ങളുടെ അഭിപ്രായത്തിലും ഞങ്ങൾക്ക് നൽകിയ വിവരങ്ങളും, വിശദീകരണങ്ങളും അനുസരിച്ച് ഏതെങ്കിലും പ്രോജക്ടിനു അനുസൃതമായി ആക്ടിന്റെ സെക്ഷൻ 135 ന്റെ ഉപവകുപ്പ് (5) പ്രകാരം ചെലവഴിക്കാത്ത തുകയൊന്നുമില്ല. അതനുസരിച്ച് ഉത്തരവിലെ ക്ലോസുകൾ 3 (xx)എ 3 (xx)ബി എന്നിവ ബാധകമല്ല.

xxi) ഞങ്ങളുടെ അഭിപ്രായത്തിൽ ഓർഡറിലെ ക്ലോസ് 3(xxi) കമ്പനിക്ക് ബാധകമല്ല.

**ശേഖർ & ജയന്തി**
ചാർട്ടേഡ് അക്കൗണ്ടന്റ്സിനു വേണ്ടി
സ്ഥാപന രജിസ്ട്രേഷൻ നമ്പർ: 005637S

ഒപ്പ്/-
**സി.എ. ശ്രീറാം ശേഖർ**
പാർട്നർ (എം. നമ്പർ 246901)
യുഡിൻ : 24246901BKAUZR6641

സ്ഥലം : തിരുവനന്തപുരം
തീയതി: 23.09.2025

## സ്വതന്ത്ര ഓഡിറ്ററുടെ റിപ്പോർട്ടിലേക്കുള്ള അനുബന്ധം 'ബി'

**സാമ്പത്തിക റിപ്പോർട്ടിംഗിലെ ആന്തരിക സാമ്പത്തിക നിയന്ത്രണങ്ങളെക്കുറിച്ചുള്ള സ്വതന്ത്ര ഓഡിറ്റർമാരുടെ റിപ്പോർട്ട്**

2023 ലെ കമ്പനി നിയമത്തിലെ സെക്ഷൻ 143-ലെ ഉപവകുപ്പ് 3-ലെ ക്ലോസ് (i) പ്രകാരമുള്ള ആഭ്യന്തര ധന കാര്യ നിയന്ത്രണങ്ങളിലുള്ള റിപ്പോർട്ട്.

**അഭിപ്രായം**

2024 മാർച്ച് 31-ലെ കണക്കനുസരിച്ച് മെസ്സേഴ്സ് കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം ("കമ്പനി")യുടെ സാമ്പത്തിക റിപ്പോർട്ടിംഗിന്റെ ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങൾ ഞങ്ങൾ ഓഡിറ്റ് ചെയ്തിട്ടുണ്ട്, കൂടാതെ ആ തീയതിയിൽ അവസാനിച്ച വർഷത്തേക്കുള്ള കമ്പനിയുടെ സാമ്പത്തിക പ്രസ്താവനകളുടെ ഓഡിറ്റും ഇതിൽ ഉൾപ്പെടുന്നു.

ഞങ്ങളുടെ അഭിപ്രായത്തിലും, ഞങ്ങൾക്ക് ലഭ്യമായ വിവരങ്ങളുടേയും, വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും. ധനകാര്യ റിപ്പോർട്ടിംഗിനുമേൽ ആഭ്യന്തര ധനകാര്യ നിയന്ത്രണം എല്ലാവിധത്തിലും മതിയായ തരത്തിൽ കമ്പനി നടപ്പിലാക്കിയിട്ടുള്ളതായി ഞങ്ങൾ അഭിപ്രായപ്പെടുന്നു. 31 മാർച്ച് 2024 സാമ്പത്തിക വർഷത്തിൽ ഈ നിയന്ത്രണങ്ങൾ വളരെ ഫലപ്രദമായി പ്രവർത്തിച്ചിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ളതും "ഗൈഡൻസ് നോട്ട് ഓൺ ആഡിറ്റ് ഓഫ് ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾസ് ഓവർ ഫിനാൻഷ്യൽ റിപ്പോർട്ടിംഗ്" പ്രകാരമുള്ള ഗൈഡൻസ് നോട്ടിലെ വ്യവസ്ഥകളും അടിസ്ഥാനമാക്കിയുള്ള നിയന്ത്രണങ്ങളും ധനകാര്യ റിപ്പോർട്ടിംഗിന് ഉപയോഗിച്ചിട്ടുണ്ട്.

**ഭരണസമിതിയുടെ ധനകാര്യ വിഷയങ്ങൾക്കുള്ള ഉത്തരവാദിത്വം**

ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതും അവയുടെ സംരക്ഷണവും കമ്പനിയുടെ ഭരണസമിതിയുടെ ഉത്തരവാദിത്വമാണ്. അതിലേയ്ക്ക് കമ്പനി ചില ധനകാര്യ റിപ്പോർട്ടിംഗ് മാനദണ്ഡങ്ങൾ നടപ്പാക്കിയിട്ടുണ്ട്. അതിൽ പ്രധാനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ(ഐസിഎഐ)യുടെ ഗൈഡൻസ് കുറിപ്പ് അനുസരിച്ചുള്ള ആഭ്യന്തര നിയന്ത്രണത്തിന്റെ അത്യാവശ്യ ഭാഗങ്ങളാണ്. ഈ ഉത്തരവാദിത്വത്തിൽ, മാതൃക, നടപ്പാക്കൽ, ആവശ്യമുള്ള ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങൾ എന്നിവ ഉൾപ്പെടുന്നു. അവ വ്യാപാരത്തിന്റെ സുഗമമായ നടത്തിപ്പിന് പ്രേരകമായതും 2013 ലെ കമ്പനി നിയമത്തിനനുസൃതമായി കമ്പനിയുടെ നിലപാടുകളിൽ ഉറച്ചു നിൽക്കുന്നതും ആസ്തികൾക്ക് സംരക്ഷണം നൽകുന്നതും, കൃത്രിമങ്ങളും തെറ്റുകളും കണ്ടുപിടിക്കുന്നതിനും തടയുന്നതിനും കഴിവുള്ളതും, അക്കൗണ്ടിംഗ് രേഖകളുടെ കൃത്യതയ്ക്കും പരിപൂർണ്ണതയ്ക്കും ഉതകുന്നതും, വിശ്വാസയോഗ്യമായ ധനകാര്യ വിവരങ്ങൾ സമയബന്ധിതമായി തയ്യാറാക്കാൻ കഴിയുന്നതുമായ ആഭ്യന്തര നിയന്ത്രണങ്ങളാണ്.

**ആഡിറ്ററുടെ ഉത്തരവാദിത്വം:**

ഞങ്ങളുടെ ഉത്തരവാദിത്വം, കമ്പനിയുടെ ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങളിന്മേൽ ആഡിറ്റിനനുസൃതമായ അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ്. 'ആഡിറ്റ് ഓഫ് ഇന്റേണൽ ഫിനാൻഷ്യൽ കൺട്രോൾസ് ഓവർ ഫിനാൻഷ്യൽ റിപ്പോർട്ടിംഗ് ("ഗൈഡൻസ് നോട്ട്") ലെ ഐസിഎഐ പുറപ്പെടുവിച്ചിട്ടുള്ള ഗൈഡൻസ് നോട്ടിനും ആഡിറ്റിംഗിന്റെ നിലവാരങ്ങൾക്കും (സ്റ്റാൻഡേർഡ്സ്) അനുസൃതമായാണ് ഞങ്ങൾ ആഡിറ്റ് നടത്തിയിരിക്കുന്നത്. ഇവയൊക്കെ 2013 ലെ കമ്പനിനിയമം വകുപ്പ് 143 (10) ൽ ഉൾപ്പെടുത്തുമെന്ന് വിശ്വസിക്കാവുന്നതും ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങൾക്ക് ഐസിഎഐ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖകൾ പ്രകാരവുമാണ്. ഈ നിലവാരങ്ങളും മാർഗ നിർദ്ദേശ രേഖകളും ധാർമ്മികമൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തി നടത്തിയ ആഡിറ്റിംഗും മതിയായ ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങൾ ധനകാര്യ റിപ്പോർട്ടിംഗിൽ പാലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നതിന് സഹായകരമാണ്.

ധനകാര്യ ആഡിറ്റിനു മേലുള്ള ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങൾ മതിയായവ ആണോ എന്നുള്ള ആഡിറ്റ് തെളിവ് ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് ഞങ്ങൾ ആഡിറ്റിംഗിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽകൂടി ധനകാര്യ ആഡിറ്റിംഗിനുമേൽ ഉള്ള ധനകാര്യ നിയന്ത്രണങ്ങൾ, ബലഹീനത ഉണ്ടെങ്കിൽ അത് കണ്ടുപിടിക്കുന്നതിനും, അതിനെ അടിസ്ഥാനപ്പെടുത്തി രൂപരേഖയുടെ പരീക്ഷണവും ഫലപ്രദമായ വിലയിരുത്തലുകളും നടത്തുവാനും കഴിഞ്ഞു. തെരഞ്ഞെടുത്ത നടപടിക്രമങ്ങൾ ആഡിറ്ററുടെ ന്യായനിർണയത്തിനും ധനകാര്യ വിവരണങ്ങളിൽ കടന്നു കൂടിയിട്ടുള്ള കൃത്രിമങ്ങളും തെറ്റുകളും വിലയിരുത്തുന്നതിന് സഹായകരമായിരുന്നു.

ഞങ്ങൾക്ക് ലഭ്യമായ ആഡിറ്റ് തെളിവുകൾ കമ്പനിയുടെ ധനകാര്യ റിപ്പോർട്ടിന്മേൽ ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങളിലുള്ള മതിയായതും അനുയോജ്യവും ആയ ഒരു ആഡിറ്റ് അഭിപ്രായം രൂപവത്കരിക്കുന്നതിന് സഹായകരമായിരുന്നെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

**ധനകാര്യ റിപ്പോർട്ടിംഗിനുമേലുള്ള ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങളുടെ അർത്ഥം:**

ധനകാര്യ റിപ്പോർട്ടിംഗിനുമേൽ ആഭ്യന്തര ധനകാര്യ നിയന്ത്രണം ഡിസൈൻ ചെയ്ത് നടപ്പാക്കുന്നതിനും ധന കാര്യ റിപ്പോർട്ടിംഗിന്റെ വിശ്വാസ്യതയും ബാഹ്യ ആവശ്യങ്ങൾക്കുള്ള ധനകാര്യ വിവരണങ്ങൾ പൊതുവിൽ അംഗീകരിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങൾക്കനുസൃതമായി തയ്യാറാക്കുന്നതിന് സഹായകരവും ആയ ഒരു അക്കൗണ്ടിംഗ് പ്രക്രിയയാണിത്. ഈ പ്രക്രിയയിൽ ചുവടെ കൊടുത്തിരിക്കുന്ന നയങ്ങളും ക്രമങ്ങളും ഉൾക്കൊള്ളുന്നു.

i) കമ്പനിയുടെ ആസ്തികളുടെ വ്യവഹാരങ്ങളിലും കൈമാറ്റങ്ങളിലും മതിയായ വിശദീകരണം, കൃത്യം, സത്യ സന്ധത എന്നിവ ഉൾക്കൊള്ളുന്ന കണക്കു വയ്ക്കുന്നത് സംബന്ധിച്ച്.

ii) പൊതുവിൽ അംഗീകരിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളനുസരിച്ച് ധനകാര്യ വിവരണങ്ങൾ തയ്യാറാക്കുന്നതിന് സഹായകരമായ രീതിയിൽ എല്ലാ ഇടപാടുകളും എല്ലാ വരവു ചെലവു കണക്കുകളും കമ്പനി ഭരണസമിതിയു ടെയും ഡയറക്ടറുടെയും അധികാരപ്പെടുത്തലോടുകൂടി രേഖപ്പെടുത്തുന്നതിന് ഉറപ്പു നൽകുന്നത് സംബന്ധിച്ച്.

iii) അധികാരപ്പെടുത്താത്ത കൈവശപ്പെടുത്തലുകൾ, ഉപയോഗം, കമ്പനിയുടെ ആസ്തികളുടെ കൈമാറ്റം, ധനകാര്യ വിവരണങ്ങളിൽ കാര്യമായ മാറ്റം വരുത്തുന്ന ഇത്തരം കാര്യങ്ങളുടെ സന്ദർഭോചിതമായ കണ്ടുപിടിത്തത്തിനും തടയലിനും സഹായം ഉറപ്പാക്കുന്നത് സംബന്ധിച്ച്.

**ധനകാര്യ റിപ്പോർട്ടിന്മേലുള്ള ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങളുടെ അന്തർനിഷ്ഠാ പരിമിതികൾ:**

ധനകാര്യ റിപ്പോർട്ടിംഗിനുമേൽ ആഭ്യന്തര ധനകാര്യ നിയന്ത്രണങ്ങളുടെ അന്തർനിഷ്ഠാ പരിമിതികളിൽ ഭരണ സമിതിയുടെ നിയന്ത്രണങ്ങൾക്ക് അതീതമായ പ്രവർത്തനങ്ങൾ രഹസ്യധാരണകൾ, റിപ്പോർട്ടിംഗിൽ സംഭവി ക്കുന്ന കൃത്രിമങ്ങളും തെറ്റുകളും കണ്ടുപിടിക്കാത്ത വിവരണങ്ങൾ തയ്യാറാക്കൽ എന്നിവ ഉൾപ്പെട്ടേക്കാം. കൂടാതെ, ചില വ്യവസ്ഥകളുടെ മാറ്റങ്ങൾ, നയങ്ങളിലോ നടപടിക്രമങ്ങളിലോ ഉള്ള സൂക്ഷ്മതയിലെ വ്യതിയാ നങ്ങൾ, എന്നിവ കാരണം കമ്പനിയിൽ നടപ്പാക്കിയിട്ടുള്ള നിയന്ത്രണങ്ങൾ കൊണ്ട് ഭാവിയിൽ മതിയായ കൃത്യത ധനകാര്യ വിവരണങ്ങളിൽ ഉണ്ടാകാത്ത സന്ദർഭങ്ങൾ സംജാതമാകുക എന്നിവ പരിമിതികളിൽ ഉൾപ്പെടുന്നു.

**മറ്റ് കാര്യങ്ങൾ:**

കെ.എസ്.ഇ.ബി.എൽ (കടം വാങ്ങുന്നവർ) വിതരണക്കാർക്ക് കമ്പനി നൽകിയ ഹ്രസ്വകാല വായ്പ വായ്പ ക്കാരും, കെ.എസ്.ഇ.ബി.എൽ ഉം, കെ.എസ്.പി.ഐ.എഫ്.സിയും തമ്മിലുള്ള ത്രികക്ഷി കരാറിലൂടെയും കെ. എസ്.ഇ.ബി.എൽ. നിന്നുള്ള എല്ലാ തിരിച്ചടവുകളും സ്വീകരിക്കുന്നതിന് കെ.എസ്.പി.ഐ.എഫ്.സിയെ അധികാര പ്പെടുത്തുന്ന പവർ ഓഫ് അറ്റോർണി, കടം വാങ്ങുന്നയാളിൽ നിന്നുള്ള ഡിമാന്റ് പ്രോമിസറി നോട്ട്, കടം വാങ്ങുന്നവരുടെ കമ്പനി ഗ്യാരന്റി, കടം വാങ്ങുന്നവരും, കെ.എസ്.പി.ഐ.എഫ്.സിയും തമ്മിലുള്ള മെമ്മോ റാണ്ടം ഓഫ് എഗ്രിമെന്റ് എന്നിവയിലൂടെ സുരക്ഷിതമാണെന്ന് പ്രസ്താവിക്കുന്ന ധനകാര്യ പ്രസ്താവനക ളുടെ കുറിപ്പ് 2 ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 9833.27 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് പോലും കമ്പനി ഒരു കൊളാറ്ററൽ സെക്യൂരിറ്റിയും നേടാത്തതിനാൽ, വായ്പയെടുക്കുന്നവരുടെ ഫണ്ടിന്റെ അന്തിമ ഉപയോഗം കമ്പനി അനുവദിച്ച ഉദ്ദേശ്യത്തിനായി മാത്രം വിനിയോഗിക്കുന്നുവെന്ന് കമ്പനി സൂക്ഷ്മമായി ഉറപ്പാക്കണം. വായ്പ തുകയുടെ അന്തിമ ഉപയോഗം ഉറപ്പ് വരുത്തുന്നതിന് വായ്പക്കാരൻ ഒപ്പിട്ട ഒരു യൂട്ടിലൈസേഷൻ, സർട്ടിഫിക്കറ്റ് മാത്രമാണ് കമ്പനി നേടുന്നതെന്ന് കാണാം. ഞങ്ങളുടെ അഭിപ്രായത്തിൽ, മുൻനിര വായ്പ ക്കാർക്ക് നൽകിയ വായ്പയുടെ ശരിയായ ഉപയോഗം ഉറപ്പാക്കാൻ കമ്പനി പിന്തുടരുന്ന ആഭ്യന്തര നിയന്ത്രണ വും, മറ്റ് നടപടി ക്രമങ്ങളും മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഇതിനോട് ചേർത്തിരിക്കുന്ന പ്രസ്തുത തീയതിയിലെ
ഞങ്ങളുടെ റിപ്പോർട്ടിൻ പ്രകാരം

**ശേഖർ & ജയന്തി**
ചാർട്ടേഡ് അക്കൗണ്ടന്റ്സിനു വേണ്ടി
സ്ഥാപന രജിസ്ട്രേഷൻ നമ്പർ: 005637S

ഒപ്പ്/-
**സി.എ. ശ്രീറാം ശേഖർ**
പാർട്നർ (എം. നമ്പർ 246901)
യുഡിൻ : 24246901BKAUZR6641

സ്ഥലം : തിരുവനന്തപുരം
തീയതി: 23.09.2024

## സ്വതന്ത്ര ഓഡിറ്ററുടെ റിപ്പോർട്ടിലേക്കുള്ള അനുബന്ധം 'സി'

**മെസ്സേഴ്സ് കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം, തിരുവനന്തപുരത്തിന്റെ സമർപ്പിച്ച ഞങ്ങളുടെ റിപ്പോർട്ടിലെ 'മറ്റ് നിയമ നിയന്ത്രണ ആവശ്യകതകളെക്കുറിച്ചുള്ള റിപ്പോർട്ട് എന്ന വിഭാഗത്തിന് കീഴിലുള്ള ഖണ്ഡിക 3-ൽ പരാമർശിച്ചിരിക്കുന്നത്.**

**2013 ലെ കമ്പനി നിയമത്തിലെ വകുപ്പ് 143(5) ലെ നിർദ്ദേശാനുസരണം**

| ക്രമ നമ്പർ | നിർദ്ദേശങ്ങൾ | ആഡിറ്ററുടെ അഭിപ്രായം |
|---|---|---|
| 1 | കമ്പനിക്ക് അക്കൗണ്ടിംഗ് പ്രക്രിയ കൈകാര്യം ചെയ്യുന്നത് ഐ.ടി. സമ്പ്രദായത്തിലൂടെയാണോ? ആണെങ്കിൽ ഐ.ടി. സിസ്റ്റത്തിന് പുറത്തുള്ള അക്കൗണ്ടിംഗ് ഇടപാട് പ്രക്രീയ കൈകാര്യം ചെയ്യുന്നതിന്റെ പ്രത്യാഘാതങ്ങൾ അക്കൗണ്ടുകളുടെ സമഗ്രതയ്ക്കൊപ്പം സാമ്പത്തിക പ്രത്യാഘാതങ്ങളും പ്രസ്താവിക്കുക. | കമ്പനി അക്കൗണ്ടിംഗ് ബുക്കുകൾ കൈകാര്യം ചെയ്യുന്നത് ടാലി സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്<br>എന്നാൽ അക്കൗണ്ടിംഗ് വിനിമയം നടത്തുന്നതിന് ഐ.ടി. സിസ്റ്റം ഇല്ലാത്തതുകൊണ്ട് കമ്പനിക്ക് ഇത് ബാധകമല്ല. |
| 2 | ഏതെങ്കിലും കമ്പനി എടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വായ്പ പുന:സംഘടിപ്പിക്കുകയോ ഇളവ് ചെയ്യുകയോ / കടം/ വായ്പ പലിശ എന്നിവ എഴുതി തള്ളുകയോ ചെയ്തിട്ടുണ്ടോ? | കെഇഎൽ ന്റെ മൊത്തം കുടിശികയായ 14,04,19, 470/ രൂപയിൽ KEL/01/23-24/2023 ന് 9,00,78,096/- രൂപയും KEL/03/22-23/2022 ന്റെ 5,03,41,374/- രൂപയും ഉൾപ്പെടുന്നതാണ്. കെ.എസ്.ഇ.ബിയിൽ നിന്ന് ലഭിച്ച പർച്ചേസ് ഓർഡറിന്റെ അടിസ്ഥാനത്തിൽ കെഇഎൽന് ലോൺ നമ്പർ KEL/01/23-24/2023 വായ്പ അനുവദിച്ചെങ്കിലും, ഇത് സംബന്ധിച്ച് യാതൊന്നും വിതരണം ചെയ്തിട്ടില്ല. 10 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസായി വിതരണം ചെയ്തിരുന്നു. ഈ തുക പൂർണ്ണമായും തിരിച്ചടക്കപ്പെട്ടിട്ടില്ല. കെഇഎൽ-ന്റെ അഭ്യർത്ഥന പ്രകാരം മൊബിലൈസേഷൻ അഡ്വാൻസിനെ ഹ്രസ്വകാല വായ്പ മാറ്റി, എന്നാൽ അതിന് ഒരു ഈടും ലഭിച്ചിട്ടില്ല. അതിനാൽ, തിരിച്ചടയാത്തതിനെ തുടർന്ന് വായ്പ 31.03.2024 ന് എൽപിഎ ആയി തരംതിരിച്ചിട്ടുണ്ട്.<br>ബാധകമല്ല |
| | • അതെ എങ്കിൽ സാമ്പത്തിക ആഘാതം വ്യക്തമാക്കാം. | ബാധകമല്ല |
| | • അങ്ങനെയുള്ള കേസുകൾ അനുയോജ്യമായി അക്കൗണ്ട് ചെയ്യുന്നുണ്ടോ? | |
| 3 | കേന്ദ്ര സംസ്ഥാന ഏജൻസികളിൽ നിന്നും നിർദ്ദിഷ്ട സ്കീമുകൾക്കായി ലഭിച്ചതോ, സ്വീകരിക്കേണ്ടതോ ആയ ഫണ്ടുകൾ അതിന്റെ നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ശരിയായി ഉപയോഗിച്ചിട്ടുണ്ടോ. | 2023-24 കാലയളവിൽ കേന്ദ്ര സംസ്ഥാന ഏജൻസികളിൽ നിന്നും നിർദ്ദിഷ്ട സ്കീമുകൾക്കായി ലഭിച്ചതോ സ്വീകരിക്കേണ്ടതോ ആയ ഫണ്ടുകൾ ഒന്നും തന്നെയില്ല. |

**കമ്പനി നിയമം 2013 സെക്ഷൻ 143(5) പ്രകാരമുള്ള ഉപ നിർദ്ദേശങ്ങൾ**

| ക്രമ നമ്പർ | നിർദ്ദേശങ്ങൾ | ആഡിറ്ററുടെ അഭിപ്രായം |
|---|---|---|
| 1 | ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങളിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള നിർദേശങ്ങൾ കമ്പനി പാലിച്ചിട്ടുണ്ടോ?<br>● ബാങ്കിംഗ് ഇതര ധനകാര്യകമ്പനികൾ (എൻബിഎഫ്സികൾ)<br>● നോൺ പെർഫോമിംഗ് ആസ്തികളുടെ വിഭജനം<br>● എൻബിഎഫ്സിയ്ക്ക് വേണ്ട മൂലധന പര്യാപ്ത മാനദണ്ഡങ്ങൾ | ഞങ്ങൾക്ക് ലഭിച്ച വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിൽ കമ്പനിയുടെ രേഖകൾ പരിശോധിച്ചാൽ ചുവടെ ചേർത്തി രിക്കുന്ന കാര്യങ്ങളിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കമ്പനി പാലിച്ചിട്ടുണ്ട്.<br>● ബാങ്കിംഗ് ഇതര ധനകാര്യകമ്പനികൾ (എൻബിഎഫ്സികൾ)<br>● നോൺ പെർഫോമിംഗ് ആസ്തികളുടെ വിഭജനം<br>● എൻബിഎഫ്സിയ്ക്ക് വേണ്ട മൂലധന പര്യാപ്ത മാനദണ്ഡങ്ങൾ |
| 2 | കമ്പനി നൽകുന്ന വായ്പകൾക്ക് മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഉണ്ടോ എന്ന് ഉറപ്പാക്കുന്നതിനും പണയപ്പെടുത്തിയ ആസ്തികളുടെ എൻകംബെറൻസിൽ നിന്നും മുക്തമായ ഒരു സംവിധാനം നിലവിലുണ്ടോ? കൂടാതെ പിടിച്ചെടുത്ത യൂണിറ്റുകളുടെ തീർപ്പാക്കലുകൾക്ക് അനാവശ്യകാലതാമസം ഉള്ളതായി റിപ്പോർട്ട് ഉണ്ടോ? | ഞങ്ങൾക്ക് ലഭിച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ കമ്പനിയ്ക്ക് ഇത്തരത്തിലുള്ള ഒരു സംവിധാനം നിലവിലുണ്ട്.<br>ഹ്രസ്വകാലവായ്പകൾ കെഎസ്ഇബി/ മറ്റ് ഈബികൾ എന്നിവർക്ക് ത്രികക്ഷി ഉടമ്പടി പ്രകാരം പർച്ചേസ് ഓർഡറിന്റെ സെക്യൂരിറ്റിയിലാണ് നൽകുന്നത്.<br>ഞങ്ങൾക്ക് ലഭിച്ചിട്ടുള്ള അറിവിന്റെയും വിവരണങ്ങളുടേയും അടിസ്ഥാനത്തിൽ യൂണിറ്റുകൾ പിടിച്ചെടുക്കേണ്ട അവസരങ്ങൾ ഉണ്ടായിട്ടില്ല.<br>മെസ്സേഴ്സ് സേഫ് ഗാർഡ് ലൈറ്റിംഗ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് 16.09.2015 മുതൽ എൻ.പി.എ. ആയിട്ടുള്ളതും ടി കമ്പനിക്ക് ലോൺ നൽകിയതിന്റെ കുടിശ്ശിക തിരിച്ചു പിടിക്കുന്നതിന് കമ്പനി നടപടി കൈകൊണ്ടിട്ടുള്ളതുമാകുന്നു. (R.R. No. 2018/ 16658/01 തീയതി 17.11.2018) |
| 3. | കുടിശ്ശിക തീർപ്പാക്കുന്നതിനോ നീട്ടിക്കൊടുക്കുന്നതിനോ കമ്പനിയുടെയോ സർക്കാരിന്റെയോ എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ? | ഞങ്ങൾക്കു കിട്ടിയ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ അത്തരത്തിലുള്ള യാതൊരു നടപടികളും നടപ്പു വർഷത്തിൽ ഉണ്ടായിട്ടില്ല. |

| | | |
|---|---|---|
| 4 | വ്യാപരസംബന്ധമായി ലഭിക്കേണ്ടവ, കൊടുക്കാനുള്ളവ, വാർഷിക നിക്ഷേപങ്ങൾ, ബാങ്ക് അക്കൗണ്ട്, ക്യാഷ് തുടങ്ങിയവയുടെ സ്ഥിരീകരണത്തെക്കുറിച്ചുള്ള അഭിപ്രായം | എൻ.ബി.എഫ്.സി കമ്പനി ആയതിനാൽ വ്യാപാര സംബന്ധമായി കിട്ടാനുള്ളവ/ കൊടുക്കാനുള്ളവ ബാധകമല്ല.<br>നടപ്പുവർഷം പൂർത്തിയായ സ്ഥിരനിക്ഷേപങ്ങൾ ഒഴികെയുള്ള എല്ലാ നിക്ഷേപങ്ങൾക്കും ബാങ്ക് അക്കൗണ്ടുകൾക്കും പണത്തിനും ബാലൻസ് സ്ഥിരീകരണങ്ങൾ ലഭിച്ചു. |
| 5 | ബാങ്ക് ഗ്യാരന്റി പുന:സ്ഥാപിച്ചുണ്ടോ? | ഞങ്ങൾക്ക് ലഭ്യമായ വിവരങ്ങളുടെ പരിശോധനയിൽ തൻവർഷം കമ്പനി ബാങ്ക് ഗ്യാരണ്ടികൾ എടുത്തിട്ടില്ല. |

**ശേഖർ & ജയന്തി**
ചാർട്ടേഡ് അക്കൗണ്ടന്റ്സിനു വേണ്ടി
സ്ഥാപന രജിസ്ട്രേഷൻ നമ്പർ: 005637S

സ്ഥലം : തിരുവനന്തപുരം
തീയതി: 23.09.2024

ഒപ്പ്/-
**സി.എ. ശ്രീറാം ശേഖർ**
പാർട്നർ (എം. നമ്പർ 246901)
യുഡിൻ :24246901BKAUZR6641

# ശേഖർ & ജയന്തി
**ചാർട്ടേഡ് അക്കൗണ്ടന്റ്സ്**

എ.എൻ.ആർ.എ - E-5
ആൽത്തറ നഗർ, E-സ്ട്രീറ്റ്
വെള്ളയമ്പലം
തിരുവനന്തപുരം - 690 010

## കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ ഡയറക്ടർ ബോർഡ് മുമ്പാകെ "നോൺ- ബാങ്കിംഗ് ധനകാര്യ കമ്പനി ആഡിറ്റേഴ്സ് റിപ്പോർട്ട് (റിസർവ് ബാങ്ക്) നിർദ്ദേശങ്ങൾ- 2008" പ്രകാരം സമർപ്പിക്കുന്ന അഡിഷണൽ റിപ്പോർട്ട്.

1. ബാങ്കിംഗിതര സാമ്പത്തിക സ്ഥാപനങ്ങളുടെ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന കെ.എസ്.പി.ഐ.എഫ്.സി യ്ക്ക് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (സിഒആർ) ലഭിച്ചിട്ടുണ്ട്. കൂടാതെ 2024 മാർച്ച് 31-ലെ ആസ്തി/വരുമാന പാറ്റേൺ അനുസരിച്ച് കമ്പനിക്ക് CoR കൈവശം വയ്ക്കുന്നത് തുടരാൻ അർഹതയുണ്ട്.

2. ലീസിംഗ് അഥവാ ഹയർ പർച്ചേസ്സ് പ്രവർത്തനങ്ങളിൽ ഏർപ്പെടാത്തതിനാൽ 'അസറ്റ് ഫൈനാൻസിംഗ് കമ്പനി' വിഭാഗത്തിൽ ഈ കമ്പനിയെ ഉൾപ്പെടുത്തിയിട്ടില്ല.

3. കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫൈനാൻസ് കോർപ്പറേഷൻ ക്ലിപ്തം, പൊതു നിക്ഷേപങ്ങൾ സ്വീകരിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഒരു എൻ.ബി.എഫ്.സി ആണെങ്കിലും 2004 മുതൽ പൊതു നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് താല്ക്കാലികമായി നിർത്തിവച്ചിരിക്കുന്നു.

4. റിസർവ് ബാങ്കിന്റെ എൻ.ബി.എഫ്.സി കമ്പനികളുടെ പ്രുഡൻഷ്യൽ നോംസ് 2007 ന്റെ നിർദ്ദേശമനുസരിച്ച് വരുമാനം തിരിച്ചറിയൽ, അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ, അസറ്റ് വർഗ്ഗീകരണം, സംശയാസ്പദമായ കടങ്ങൾക്കുള്ള വ്യവസ്ഥ, ക്രെഡിറ്റ് നിക്ഷേപങ്ങളുടെ ഇളവ് എന്നിവ സംബന്ധിച്ച് ബാധകമായ മാനദണ്ഡങ്ങൾ കമ്പനി പാലിച്ചിട്ടുണ്ട്.

5. റിസർവ് ബാങ്കിന്റെ എൻ.ബി.എഫ്.സി കമ്പനികളുടെ പ്രുഡൻഷ്യൽ നോംസ് 2007 ന്റെ നിർദ്ദേശമനുസരിച്ചാണ് മൂലധന പര്യാപ്തതാ അനുപാതം റിട്ടേൺസിൽ വെളിപ്പെടുത്തിയിരിക്കുന്നത്.

6. എൻ.ബി.എഫ്.സികൾ പൊതുനിക്ഷേപങ്ങൾ സ്വീകരിക്കണമെന്ന റിസർവ് ബാങ്കിന്റെ 1998 ലെ നിർദ്ദേശമനുസരിച്ച് കമ്പനി എൻ.ബി.എസ്.1 നിശ്ചിത കാലയളവിനുള്ളിൽ നൽകിയിട്ടുണ്ട്.

7. നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനി റിട്ടേൺസ് DNBS 01, DNBS 03, DNBS 04B, DNBS 13 എന്നീത്രൈമാസ റിട്ടേണുകളും DNBS 4A എന്ന പ്രതിമാസ റിട്ടേണും കമ്പനി നിശ്ചിതകാലയളവിനുള്ളിൽ ആർബിഐയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

8. 2016-ലെ മാസ്റ്റർ ഡയറക്ഷൻ - നോൺബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനി - നോൺ സിസ്റ്റമാറ്റിക്കലി ഇംപോർട്ടന്റ്, നോൺ ഡെപ്പോസിറ്റ് ടേക്കിംഗ് കമ്പനി (റിസർവ് ബാങ്ക്) ഡയറക്ഷനുകളിൽ പറഞ്ഞിരിക്കുന്നതുപോലെ കമ്പനി ആവശ്യമായ നെറ്റ് ഓൺ ഫണ്ട് ആവശ്യകത പാലിച്ചു. സ്റ്റാറ്റ്യൂട്ടറി ഓഡിറ്ററുടെ റിപ്പോർട്ടിലും ഇത് പരാമർശിച്ചിരിക്കുന്നു.

9. കമ്പനി പൊതു നിക്ഷേപങ്ങൾ സ്വീകരിക്കാത്തതിനാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിയമത്തിലെ സെക്ഷൻ 451B പ്രകാരമുള്ള ലിക്വിഡ് ആസ്തി ആവശ്യകതകൾ കമ്പനി പാലിക്കേണ്ട ആവശ്യമില്ല.

**ശേഖർ & ജയന്തി**
ചാർട്ടേഡ് അക്കൗണ്ടന്റ്സിനു വേണ്ടി
സ്ഥാപന രജിസ്ട്രേഷൻ നമ്പർ: 005637S

ഒപ്പ്/-
**സി.എ. ശ്രീറാം ശേഖർ**
പാർട്നർ (എം. നമ്പർ 246901)
യുഡിൻ : 24246901BKAUZR6641

സ്ഥലം : തിരുവനന്തപുരം
തീയതി: 23.09.2024

# ശേഖർ & ജയന്തി

**ചാർട്ടേഡ് അക്കൗണ്ടന്റ്സ്**

എ.എൻ.ആർ.എ - E-5
ആൽത്തറ നഗർ, E-സ്ട്രീറ്റ്
വെള്ളയമ്പലം
തിരുവനന്തപുരം-690 010

## സ്റ്റാറ്റ്യൂട്ടറി ആഡിറ്ററുടെ സർട്ടിഫിക്കറ്റ്

കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തത്തിന്റെ 2024 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തിലെ അക്കൗണ്ട് ബുക്കുകളും മറ്റിതര വിവരങ്ങളും വിശദമായി പരിശോധനാ വിധേയമാക്കി. ഞങ്ങൾക്കു തന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

| ക്രമ നമ്പർ | വിവരണം | വിശദവിവരങ്ങൾ |
|---|---|---|
| 1 | കമ്പനിയുടെ പേര് | കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ക്ലിപ്തം |
| 2 | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ നമ്പർ | എ. 16.00094 |
| 3. | രജിസ്റ്റേർഡ് ഓഫീസിന്റെ മേൽവിലാസം | കെ.പി.എഫ്.സി ഭവനം ശാസ്തമംഗലം- പി.ഒ വെള്ളയമ്പലം, തിരുവനന്തപുരം |
| 4. | കോർപ്പറേറ്റ് ഓഫീസിന്റെ മേൽവിലാസം | കെ.പി.എഫ്.സി ഭവനം ശാസ്തമംഗലം- പി.ഒ വെള്ളയമ്പലം, തിരുവനന്തപുരം |
| 5. | ആർബിഐ യുടെ തരംതിരിവുപ്രകാരം കമ്പനി ഏത് വിഭാഗത്തിൽ പെടുന്നു | എൻബിഎഫ്സി - വായ്പാ കമ്പനി |
| 6. | ആകെ സ്വന്തമായ ഫണ്ട് (കോടിയിൽ)<br>(അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന കണക്കുപ്രകാരം) | 98.32 |
| 7. | ആകെ ആസ്തി (കോടിയിൽ) | 115.70 |
| 8. | സ്വത്ത്- ആദായ ഘടന<br>(ഏപ്രിൽ 8, 1999 ലെ 1998-99/1269 ആർബിഐയുടെ പ്രസ് റിലീസ് അനുസൃതമായിട്ട്)<br>(എ) ആകെ സ്വത്തിന്മേൽ സാമ്പത്തിക ആസ്തിയുടെ ശതമാനം<br>(ബി) ഗ്രോസ് വരുമാനത്തിന്മേൽ സാമ്പത്തിക വരുമാനത്തിന്റെ ശതമാനം | <br><br>97.41<br>84.39 |
| 9. | 2022 മാർച്ച് 31- നകം കമ്പനി ഏതെങ്കിലും തരത്തിലുള്ള പബ്ലിക് നിക്ഷേപങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ തുക, കോടിയിൽ | ഇല്ല |
| 10. | തൻ വർഷം കമ്പനിയുടെ ആകെ ലാഭത്തിന്റെ 20% ൽ കുറയാത്ത തുക റിസർവ് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ടോ?<br>(റിസർവ് ബാങ്ക് ആക്ട് 45 I C പ്രകാരം) | 2023 -24 സാമ്പത്തിക വർഷത്തിൽ ബാധകമല്ല |
| 11. | കമ്പനി ഏതെങ്കിലും എഫ്.ഡി.ഐ സ്വീകരിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ എഫ്.ഡി.ഐ മാർഗ്ഗരേഖകൾ അനുസരിക്കുന്നുണ്ടോ? | ഇല്ല |

| | | |
|---|---|---|
| 12. | കമ്പനിയെ എൻബിഎഫ്സി- ഫാക്ടർ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ:<br>എ) ആകെ സ്വത്തിന്മേൽ ഫാക്ടറിംഗ് സ്വത്തിന്റെ ശതമാനം<br>ബി) ഗ്രോസ് വരുമാനത്തിന്മേൽ ഫാക്ടറിംഗ് സ്വത്തിന്റെ ശതമാനം | 2023 -24, സാമ്പത്തിക വർഷത്തിൽ ബാധകമല്ല |
| 13. | കമ്പനി ഒരു എൻബിഎഫ്സി- എംഎഫ്ഐ വിഭാഗത്തിലാണെങ്കിൽ ആകെ സ്വത്തിന്മേൽ ക്വാളിഫൈയിംഗ് സ്വത്തിന്റെ ശതമാനം<br>(നോക്കുക 2011 ഡിസംബർ 2 ലെ ഡിഎൻബിഎസ് പിഡി നം. 234 സിജിഎം (യുഎസ്) എന്ന വിജ്ഞാപനം) | 2023 -24, സാമ്പത്തിക വർഷത്തിൽ ബാധകമല്ല |
| 14. | കമ്പനിയെ ഒരു എഎഫ്സി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിൽ<br>എ) ആകെ സ്വത്തിന്മേൽ ഭൗതിക/ യഥാർത്ഥ സ്വത്തിനുള്ള അഡ്വാൻസ് തുകയുടെ ശതമാനം<br>ബി) ആകെ ആദായത്തിനുമേൽ ഇപ്രകാരമുള്ള സ്വത്തിൽ നിന്നുള്ള വരുമാനത്തിന്റെ ശതമാനം | 2023 -24, സാമ്പത്തിക വർഷത്തിൽ ബാധകമല്ല |
| 15. | കമ്പനിയെ ഒരു എൻ.ബി.എഫ്.സി- ഐ.എഫ്.സി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിൽ, ആകെ സ്വത്തിന്മേൽ ഇൻഫ്രാസ്ട്രക്ചർ വായ്പകളുടെ ശതമാനം | 2023 -24, സാമ്പത്തിക വർഷത്തിൽ ബാധകമല്ല |
| 16. | ആർബിഐയുടെ മുൻകൂർ അംഗീകാരത്തിനു വിധേയമാകേണ്ട എന്തെങ്കിലും ഏറ്റെടുക്കലോ/ ഓഹരി കൈമാറ്റമോ നടന്നിട്ടുണ്ടോ?<br>(ഈ വിഷയത്തിന്റെ കൂടുതൽ വിവരങ്ങൾക്കായി 2015 ജൂലൈ 9 ലെ ഡി.എൻ.ബി.ആർ (പിഡി) സി.സി നമ്പർ 065/03.10.001/2015-16 എന്ന ഉത്തരവ് ദയവായി പരിശോധിക്കുക) | ഇല്ല |

2008 സെപ്തംബർ 18 ലെ പ്രഖ്യാപനം നമ്പർ ഡി.എൻ.ബി.എസ് 201/ഡിജി (വി.എൽ)-2008, 2-ാം ഖണ്ഡികയനുസരിച്ച് കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിനെ അഭിസംബോധന ചെയ്ത് പ്രത്യേക റിപ്പോർട്ട് ചേർത്തിരിക്കുന്നു.

2008 സെപ്തംബർ 18- ലെ പ്രഖ്യാപനം നമ്പർ ഡിഎൻബി.എസ് 201/ ഡിജി (വി.എൽ)-2008 ലെ 5-ാം ഖണ്ഡിക വായിക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്.

**ശേഖർ & ജയന്തി**
ചാർട്ടേഡ് അക്കൗണ്ടന്റ്സിനു വേണ്ടി
സ്ഥാപന രജിസ്ട്രേഷൻ നമ്പർ: 005637S

സ്ഥലം : തിരുവനന്തപുരം
തീയതി: 23.09.2024

ഒപ്പ്/-
**സി.എ. ശ്രീറാം ശേഖർ**
പാർട്നർ (എം. നമ്പർ 246901)
യുഡിൻ : 24246901BKAUZR6641

सत्यमेव जयते

# OFFICE OF THE PRINCIPAL ACCOUNTANT GENERAL (AUDIT II) KERALA, THIRUVANANTHAPURAM

**COMMENTS OF THE COMPTROLLER AND AUDITOR GENERAL OF INDIA UNDER SECTION 143 (6) (b) OF THE COMPANIES ACT, 2013 ON THE FINANCIAL STATEMENTS OF KERALA STATE POWER AND INFRASTRUCTURE FINANCE CORPORATION LIMITED, THIRUVANANTHAPURAM FOR THE YEAR ENDED 31 MARCH 2024**

The preparation of financial statements of **Kerala State Power and Infrastructure Finance Corporation Limited, Thiruvananthapuram** for the year ended **31 March 2024** in accordance with the financial reporting framework prescribed under the Companies Act, 2013 (Act) is the responsibility of the Management of the Company. The Statutory Auditors appointed by the Comptroller and Auditor General of India under section 139(5) of the Act is responsible for expressing opinion on the financial statements under section 143 of the Act based on independent audit in accordance with the standards on auditing prescribed under section 143(10) of the Act. This is stated to have been done by them vide their Audit Report dated **23 September 2024.**

I, on behalf of the Comptroller and Auditor General of India, have conducted a supplementary audit of the financial statements of **Kerala State Power and Infrastructure Finance Corporation Limited, Thiruvananthapuram** for the year ended **31 March 2024** under section 143(6)(a) of the Act. This supplementary audit has been carried out independently without access to the working papers of the Statutory Auditors and is limited primarily to inquiries of the Statutory Auditors and Company personnel and a selective examination of some of the accounting records.

Based on my supplementary audit, I would like to highlight the following significant matters under section 143(6)(b) of the Act which have come to my attention and which in my view are necessary for enabling a better understanding of the financial statements and the related audit report

**A. Comments on Financial Position**

**Balance Sheet as at 31st March 2024**

1. **Assets**
   **Financial Assets**
   **Other Financial Assets (Note 3): ₹204.91 lakh**

   The above is overstated by ₹ 188 lakh due to non-reversal of unrealised interest income on NPA of M/s Traco Cable Company Limited as per the Master Directions issued (19 October 2023)[1] by the Reserve Bank of India (RBI). This has also resulted in understatement of loss for the year by the same extent.

**B. Comments on profitability**

**Statement of Profit and Loss for the year ended 31st March 2024**
**Expenses**
**Provision for Loan Assets (Net) (Note 19): ₹1,323.64 lakh**

This is understated by ₹6,562.51 lakh due to short provisioning for the loans given to M/s Traco Cable Company Ltd. As against the two loans (₹10,277.00 lakh and ₹7,083.00 lakh) released in April 2021 and February 2022 respectively, repayment of principal amount totaling ₹7,720.60 lakh has become overdue and was to be considered doubtful assets, as per the conditions specified in the RBI Master Directions dated 19 October 2023. Therefore, provisioning at the rate of 100 *per cent* was required against the loan. The Company, however, treated the loan amount as Substandard Asset and provided for 15 *per cent* only. This has also resulted in an understatement of loss by ₹6,562.51 lakh being the value of the remaining 85 *per cent* required provision.

**C. Comments on Disclosures**

I. The requirements as per Ind AS 33 – Earnings per Share and Division III in Schedule III to the Companies Act, 2013 were not complied with, in the presentation of basic and diluted earnings per equity share in the Statement of Profit and Loss for the period.

II. **Notes to the Financial Statements for the year ended 31st March 2024 – Company overview and Significant Accounting Policies**

   Basis of Preparation of Financial Statements read with **Other Notes**

   The following material and significant matters were not disclosed in the financial statements for the year by the Company: -

   i. Non-compliance to Ind AS 8 (Accounting Policies, Changes in Accounting Estimates and Errors) in disclosing the material prior period error occurred in recognizing and provisioning of loans advanced to M/s Traco Cable Company Ltd and its impact in the financial statements for the year. The prior period error is material as Loans advanced

to M/s Traco consist of approx. 76.89% of the total loan outstanding of the company as of March 2024.

ii. Non-disclosure of the fact that legal notice was issued (June 2024) to M/s TRACO Cable Company Ltd and an application was filed (July 2024) before the National Company Law Tribunal, Kochi Bench, for recovering the outstanding dues on unsecured loans resulted in non-compliance to Ind AS 10 (Events after the Reporting Period).

**D. Comments on Independent Auditor's Report**

**Report on the Financial Statements**

The following deficiencies were observed in the Independent Auditor's Report on the financial statements for the year:

i. The Audit Report does not refer to or mention 'the Statement of Changes in Equity', as part of the financial statements, in the Opinion section of Independent Auditor's Report. This has resulted in non-expression of opinion on 'Statement of Changes in Equity' in Independent Auditor's Report, including Report on other legal and regulatory requirements.

ii. The Auditor's reporting in the Additional Report submitted to the Board of Directors of the Company as per Master Direction – Non-Banking Financial Companies Auditor's Report (Reserve Bank) Directions, 2008' is deficient due to non-inclusion of details like furnishing of quarterly return on prudential norms, compliance with liquid asset requirements and net owned fund requirement.

**Thiruvananthapuram**
**Dated: 22.01.2025**

**PREETHI ABRAHAM**
**PRINCIPAL ACCOUNTANT GENERAL (AUDIT-II),**
**KERALA**

[1] Master Directions – RBI (Non-Banking Financial Company – Scale Based Regulation) Directions, 2023 issued 19 October 2023